2 JUL 1938

# THE GURUNATHAN

# ഗുരുനാഥൻ

L. No. 85/15—7—26.

| പുസ്തകം 17 | 1113 വൃശ്ചികം | ലക്കം 4 |
|---|---|---|

വിദ്യാദാനവിശിഷ്ടകൃത്യരതരാമദ്ധ്യാപകാനാം സദാ
വിദ്യാർദാനഭരം വഹിച്ചമരുവും വിദ്യാൎത്ഥിലോകത്തിനും
വിദ്യാലോലുപരായ മററു ജനസാമാന്യത്തിനും പത്ഥ്യമാം
വിദ്യാസങ്ഗ്രഹസമ്പുടോർസ്സ ഗുരുനാഥോയം സഹായം ഭുവി.

## വിഷയവിവരം.

1. വിദ്യാൎത്ഥികളും പണിമുടക്കും ... 145
2. കൈരളിയുടെ വൈദേശികസ്വത്ത് ... 148
3. ഹിന്ദിസാഹിത്യത്തിലേ ചില പദ്യകൃതികൾ ... 152
4. ചതുരംഗത്തിന്റെ ഉത്ഭവം ... 156
5. മാതാപിതാക്കന്മാർ വൎജ്ജിക്കേണ്ട ചില കാൎയ്യങ്ങൾ ... 163
6. വാഗ്ഭടാനന്ദഗുരുക്കളുടെ വാചാടത്വം ... 169
7. മാൎത്താണ്ഡം ഗ്രാമോദ്ധാരണകേന്ദ്രം ... 179
8. വിദ്യാഭ്യാസം വഴിക്കു സൎവ്വലോക സൗഹൃദപ്രചരണം ... 183

# ചിന്താസന്താനം (ഒന്നാംഭാഗം.)

## പുതിയ പതിപ്പ്.

ഗ്രന്ഥകർത്താ:- ആർ. ഈശ്വരപിള്ള ബി. എ.

വില അണ 10.

## കുമാരനാശാൻെറ പദ്യകൃതി മുഴുവനും 1—ം, 2—ം വാല്യങ്ങൾ.

| | | | |
|---|---|---|---|
| 1-ാംവാല്യം ... ... ... | 3 | 8 | 0 |
| 2-ാംവാല്യം ... ... ... | 4 | 0 | 0 |
| രണ്ടുംകൂടി ഒന്നിച്ചെടുക്കുന്നവക്ക് ... | 7 | 0 | 0 |

## ആശാൻെറ മററു ചില കൃതികൾ.

| | | | |
|---|---|---|---|
| കരുണ | 0 | 6 | 0 |
| ലീല | 0 | 10 | 0 |
| മണിമാല | 0 | 6 | 0 |
| ചണ്ഡാലഭിക്ഷുകി | 0 | 8 | 0 |
| രണ്ടു ഖണ്ഡകൃതികൾ | 0 | 4 | 0 |
| കുയിൽ | 0 | 2 | 0 |
| പുഷ്പവാടി | 0 | 6 | 0 |
| ദുരവസ്ഥ | 0 | 8 | 0 |
| വനമാല | 0 | 12 | 0 |

## അദ്ധ്യാപനസംബന്ധമായ ചില പുസ്തകങ്ങൾ.

### അദ്ധ്യാപനസാഹ്യം

ഗ്രന്ഥകർത്താ:—

എൻ. ശിവശങ്കരപ്പിള്ള B. A., L. T.

വില അണ 8.

### അദ്ധ്യാപനാങ്കുരം.

ഗ്രന്ഥകർത്താ:—

എൻ. ശിവശങ്കരപ്പിള്ള B. A., L. T.

വില അണ 6.

ഈശ്വരവിലാസം പുസ്തകശാല, പറവൂർ.

# ഗുരുനാഥൻ

| പുസ്തകം 17 | 1113 വൃശ്ചികം | ലക്കം 4 |
|---|---|---|


## വിദ്യാൎത്ഥികളും പണിമുടക്കും.

(ആർ. ഈശ്വരപിള്ള ബി. ഏ.)

ഇക്കാലത്തു വിദ്യാലയങ്ങളിലും തൊഴിൽശാലകളിലും ജനങ്ങൾ സംഘടിതമായി ജോലി ചെയ്യുന്ന മററു സ്ഥാപനങ്ങളിലും ഏതെങ്കിലും കാൎയ്യസാദ്ധ്യത്തിനായി ജോലി ചെയ്യുന്നവർ അവലംബിക്കുന്ന ഒരുപകരണമാണ് പണിമുടക്ക് എന്നു പറയുന്നതു്. യഥാൎത്ഥത്തിൽ ഇതു് അധികൃതന്മാരും അധികാരത്തിനു വിധേയരായിരിക്കുന്നവരും തമ്മിൽ ഉള്ള ഒരു മത്സരമാണ്. വിദ്യാലയങ്ങളിൽ ഇത്തരം പണിമുടക്കുകൾ ഇതേവരെ സാധാരണയല്ലായിരുന്നുവെന്നുവരികിലും ഈയിടയ്ക്കു ഇപ്രകാരമുള്ള മത്സരങ്ങൾ വിദ്യാലയങ്ങളിലും കടന്നുകൂടിയിട്ടുള്ളതായി കാണുന്നു. ഇതിനുള്ള കാരണങ്ങൾ ചിന്തനീയങ്ങളായിട്ടുള്ളവയാണ്. ഇതിലേക്കു പ്രധാനമായി പറയപ്പെടുന്ന ഒരു കാരണം വിദ്യാൎത്ഥികളുടെ വൎദ്ധിച്ചുകൊണ്ടിരിക്കുന്ന ശാരീരികവും മാനസികവുമായ പ്രസരിപ്പിനു പ്രവൃത്തിമാൎഗ്ഗം നൽകാതിരിക്കുന്നതാണ്. എന്നാൽ വിദ്യാൎത്ഥികൾക്കു് ആവശ്യമുള്ള സ്വാതന്ത്ര്യം നൽകാതെ അടക്കിഭരിക്കുന്നതിനു ശ്രമിച്ചുകൊണ്ടിരിക്കുന്ന കാലത്തോളം ഇപ്രകാരമുള്ള സീമാലംഘനം ഉണ്ടാകാതിരിക്കാൻ നിവൃത്തിയില്ല. യുവാക്കന്മാരിൽ സ്വാഭാവികമായി വൎദ്ധിച്ചു വരുന്ന ഈ പ്രസരിപ്പിനെ അമൎത്തിവയ്ക്കാതെ നിൎഗ്ഗമനമാൎഗ്ഗം നൽകുന്നതായാൽ ഈ വ്യതിയാനം ഉണ്ടാകയില്ലെന്നു അധികൃതന്മാർ ഗ്രഹിച്ചിരിക്കേണ്ടതത്യാവശ്യമാണ്. മനശ്ശാസ്ത്രവിദഗ്ദ്ധന്മാരുടെ അഭിപ്രായത്തിൽ വിദ്യാലയത്തിലും പുറത്തും യുവാക്കന്മാൎക്കു ഉല്ലാസത്തിനും ഉന്മേഷത്തിനും ഉതകുന്ന വിനോദങ്ങൾ ധാരാളമുണ്ടായിരിക്കണമെന്നാണ്. അല്ലാത്തപക്ഷം ആ വഴിക്കു വ്യാപരിക്കേണ്ട ശക്തികളെല്ലാം എളുപ്പം കിട്ടുന്ന മാൎഗ്ഗങ്ങളിൽ കൂടി പ്രവൎത്തിക്കുന്നതിനു ഇടയാകുന്നതാണല്ലോ. അതുകൊണ്ടു വിദ്യാലയങ്ങളിലും അവയുടെ പരിസരങ്ങളിലും വിദ്യാൎത്ഥികൾക്കു അവരുടെ ശാരീരികവും മാന

സികവുമായ ശക്തികളെ പ്രയോഗിക്കുന്നതിനു വേണ്ട സൗകര്യം നൽകണം.

വിദ്യാലയങ്ങളിലേയും കാളേജുകളിലേയും ഇപ്പോഴത്തെ പരംപരാസിദ്ധവും വിഷയബാഹുലവുമായ പാഠപദ്ധതി നിമിത്തം മനസ്സിൻെറയും ദേഹത്തിൻെറയും സ്വച്ഛന്ദവിഹാരത്തിനു തീരെ സൗകര്യം നൽകുന്നില്ല. അതുകൊണ്ടു വിദ്യാലയങ്ങളോടു സംഘടിപ്പിച്ച വിനോദയാത്രകൾ, വിരുന്നുസല്ക്കാരങ്ങൾ, സ്കൗട്ടുപ്രസ്ഥാനം, കായികാഭ്യാസങ്ങൾ, സാഹിത്യസമ്മേളനങ്ങൾ, നാടകീയസംഘങ്ങൾ, വായനശാലകൾ മുതലായവ ഏർപ്പെടുത്തി നടത്തുന്നതു് വിദ്യാർത്ഥികളുടെ കവിഞ്ഞൊഴുകുന്ന ശക്തികളെ യഥാമാർഗ്ഗം ഉപയോഗപ്പെടുത്തുന്നതിനു പര്യാപ്തമായിരിക്കും. ഇവയിൽ പലതും ഇപ്പോൾ നാമമാത്രമായിട്ടെങ്കിലും വിദ്യാലയങ്ങളിൽ ഉണ്ടായിരിക്കാമെങ്കിലും അവയ്ക്കു വേണ്ടത്ര പ്രാധാന്യം നൽകുന്നില്ലെന്നാണു തോന്നുന്നതു്.

വിദ്യാൎത്ഥികളും അദ്ധ്യാപകന്മാരും തമ്മിൽ സൗമനസ്യമില്ലായ്മയും ഇതിലേക്കു പ്രേരിപ്പിക്കുന്ന മറെറാരു കാരണമാണ്. ഇതിനും പുറമെ അദ്ധ്യാപകന്മാരും അദ്ധ്യേതാക്കളും തമ്മിൽ അവശ്യമായി വേണ്ടതായ രമ്യതയുടെ അഭാവവും കുട്ടികളുടെ മനസ്ഥിതിയേയും സ്വഭാവത്തേയും കുറിച്ചുള്ള അജ്ഞതയും മൂലം അവർതമ്മിൽ ഐക്യഭാവം ഇല്ലാതാവുന്നു. ഇതു് ഒരനഭിലഷണീയമായ അന്തരീക്ഷത്തെ സൃഷ്ടിക്കുന്നു. അതുകൊണ്ട് അദ്ധ്യാപകന്മാരും അദ്ധ്യേതാക്കളും തമ്മിൽ ഒരു സുസ്ഥിരമായ സൗഹാൎദ്ദഭാവം സൃഷ്ടിച്ചു സംരക്ഷിക്കുന്നതിനും വിദ്യാലയാധികൃതന്മാർ സദാ ശ്രദ്ധിക്കേണ്ടതാണ്. ഇന്നത്തെ വിദ്യാഭ്യാസസ്ഥാപനങ്ങൾ കേവലം വിദ്യാർത്ഥികൾക്ക് വിജ്ഞാനവിതരണം ചെയ്യുന്ന സ്ഥാപനങ്ങൾ മാത്രമല്ല. അവരുടെ നാനാമുഖങ്ങളായ മാനസികവും കായികവും ആയ ശക്തികളെ വികസിപ്പിക്കുകയും അവരിൽ കൃത്യബോധം, സന്മാൎഗ്ഗനിഷ്ഠ, കാൎയ്യപ്രാപ്തി മുതലായവയെ ഉൽപാദിപ്പിക്കുകയും അവർ ലോകോപകാരികളായി വൎത്തിക്കത്തക്കവണ്ണം സുശിക്ഷിതരാക്കി തീൎക്കുകയും ചെയ്യുന്നതിനു കൂടി ഉദ്ദേശിക്കപ്പെട്ടിട്ടുള്ളവയാണ്. ഈ തത്വം സദാ മുമ്പിൽ വച്ചുകൊണ്ടു വേണം അധികൃതന്മാർ വിദ്യാലയത്തെ ഭരിക്കുവാൻ.

പണിമുടക്ക് എന്നുള്ളതു് വിദ്യാലയങ്ങളിൽ കുറച്ചു കാലം മുമ്പുവരെ അജ്ഞാതമായിരുന്ന ഒരു ആയുധമായിരുന്നു. എന്നാൽ കാലഭേദംകൊണ്ടും മനുഷ്യസ്വഭാവത്തിൻെറ മാററംകൊണ്ടും ജനങ്ങൾ ഏകാധിപത്യത്തെ വെറുക്കുകയും ജനാധിപത്യത്തെ സ്വാഗതം ചെയ്യുകയും ചെയ്തു

ടങ്ങിയിരിക്കുന്നു. ഈ ലോകമനസ്ഥിതിയുടെ ഒരു രൂപഭേദമാണ് ഇന്നു പണിമുടക്കൽ എന്നു പറയുന്ന പ്രസ്ഥാനം. ഇതു് അധികൃതന്മാരുടെ സംഖ്യ കുറഞ്ഞും അധികാരവിധേയന്മാരുടെ സംഖ്യ കൂടിയും ഇരിക്കുന്ന തൊഴിൽശാലകൾ മുതലായ എല്ലാ സ്ഥാപനങ്ങളിലും ഇന്നു സാധാരണ കാണ്മാനുണ്ടു്. വിദ്യാലയങ്ങളിൽ കാണുന്ന പണിമുടക്കു് ഇതിന്റെ ഒരു പകൎപ്പു് മാത്രമാണു്. ഏതു സ്ഥാപനത്തിലും പ്രായേണ ഇതുൽഭവിക്കുന്നതു് ഭരണകൎത്താക്കന്മാരും ഭരണീയരും തമ്മിൽ ചിലപ്പോൾ ഉണ്ടാകുന്ന തെററിദ്ധാരണകളും രസക്ഷയവും കൊണ്ടാണു്. വിദ്യാലയങ്ങളിൽ ചിലപ്പോൾ ഈ വിധം ഉള്ള സന്ദൎഭങ്ങൾ ഉണ്ടായേക്കാം. ഒരു വിദ്യാൎത്ഥിയെ അയാളുടെ വല്ല തെററിനും ശിക്ഷിക്കുകയൊ വിദ്യാൎത്ഥികൾ അവരുടെ അവകാശമെന്ന നിലയിൽ ചെയ്യുന്ന അപേക്ഷയെ നിരസിക്കുകയോ ചെയ്യുന്ന അവസരത്തിലാണ് ഇത്തരം പണിമുടക്കു് ഉണ്ടാകുന്നതു്. ഇങ്ങനെയുള്ള സന്ദൎഭങ്ങളെ സൃഷ്ടിക്കാതിരിക്കുന്നതിനാണു അധികൃതന്മാർ നോക്കേണ്ടതു്. ഇതിനു പ്രധാനമായി വേണ്ടതു് വിദ്യാൎത്ഥികളിൽ സുശിക്ഷിതമായ ഒരു കൃത്യബോധത്തെ ജനിപ്പിക്കുകയാണ്. ഇതിലേക്കു പല മാർഗ്ഗങ്ങളും അധികൃതന്മാർ അനുവൎത്തിക്കേണ്ടിയിരിക്കുന്നു.

പ്രധാനമായി വേണ്ടതു് അദ്ധ്യേതാക്കളിൽ സ്വവിദ്യാലയത്തിനോടു ഭക്തിബഹുമാനങ്ങളെ ഉല്ലാസിപ്പിച്ചു ഉത്തേജിപ്പിക്കുകയാണ്. തങ്ങളുടെ വിദ്യാലയങ്ങളുടെ നിൎമ്മലയശസ്സിനെ ഭക്തിപൂൎവ്വം ആദരിക്കുന്നതിനും അതിനെ അടുത്ത തലമുറയിലേക്കു പൂൎവ്വാധികം നൈർമല്യത്തോടുകൂടി സംക്രമിപ്പിക്കുന്നതിനും അവൎക്കുള്ള ചുമതലാബോധത്തെ മനസ്സിലാക്കി കൊടുക്കുന്നതായാൽ പലപ്പോഴും അലക്ഷ്യഭാവത്തിൽ ഉള്ള ഇത്തരം പ്രവൃത്തികളിൽ നിന്നും വിദ്യാൎത്ഥികൾ വിരമിക്കുന്നതാണ്. ഇതിനു പ്രധാനമാൎഗ്ഗം അദ്ധ്യാപകന്മാരും അദ്ധ്യേതാക്കളും കൂടെക്കൂടെ സമ്മേളിക്കുകയും, വിദ്യാൎത്ഥികൾക്കു തങ്ങളുടെ വിദ്യാലയത്തോടുള്ള സ്നേഹത്തെ പോഷിപ്പിക്കുന്നതിനു അതിന്റെ ഭരണവിഷയത്തിൽ ഭാഗഭാക്കുകളാക്കുകയും ചെയ്യുക എന്നുള്ളതാണ്. ഇപ്രകാരമായിരുന്നാൽ വിദ്യാലയത്തിന്റെ നന്മയ്ക്കോ തിന്മയ്ക്കോ ചുമതല വിദ്യാൎത്ഥികൾക്കു കൂടി ഉണ്ടായിരിക്കുകയും തന്മൂലം പണി മുടക്കു മുതലായ അനാശാസ്യസംഭവങ്ങൾ ഉണ്ടാകാതെയിരിക്കാൻ അവരുംകൂടി സൂക്ഷിക്കുന്നതുമാണ്. എന്നാൽ ഇന്നത്തെ സ്ഥിതി ഇപ്രകാരമൊന്നുമല്ലല്ലോ. അധികൃതന്മാരും അധീനന്മാരും അന്യോന്യസൗഹാൎദ്ദം കൂടാതേയും പരസ്പരം സമ്മേളിക്കാതേയും ഭരണവിഷയത്തിൽ ഭാഗഭാക്കുകളാകാതേയും വൎത്തിക്കുന്നു. ഈ വിഷയത്തിൽ വേണ്ട മാററം വരുത്താൻ സാധിക്കുമെങ്കിൽ

പണിമുടക്ക് എന്നുള്ള ദുരവസ്ഥ കൂടാതെ കഴിക്കാൻ സാധിക്കുന്നതാണു്. വിദ്യാൎത്ഥികൾ പണിമുടക്കം അവരുടെ സൽപേരിനും സന്മാൎഗ്ഗത്തിനും നിലയ്ക്കും എത്രമാത്രം ഹാനികരമാണെന്നും എത്രമാത്രം സമയം ശാരീരികവും മാനസികവുമായ ശക്തി, ഇവയെ ദുൎവ്യയം ചെയ്യുന്നുവെന്നും മനസ്സിലാക്കുന്നതായാൽ ഇപ്രകാരമുള്ള പ്രസ്ഥാനങ്ങളിൽ പ്രവേശിക്കുന്നതു് വളരെ ആലോചനയ്ക്കു ശേഷം മാത്രമായിരിക്കും. അധികൃതന്മാരും ഈ തത്വം മനസ്സിലാക്കി പ്രവൎത്തിക്കുന്നതായിരുന്നാൽ വിദ്യാലയങ്ങളിൽ ഇപ്രകാരമുള്ള കുചേഷ്ടിതങ്ങൾ കൂടാതെ കഴിക്കാൻ സാധിക്കും.

# കൈരളിയുടെ വൈദേശികസമ്പത്തു്

[വിദ്വാൻ വൈ. നാരായണയ്യർ.]

(തുടൎച്ച)

പട്ടാളം:— തനിദ്രാവിഡമെന്നപോലെ തോന്നിക്കുന്നു. ഇംഗ്ലീഷ് പദമായ ബററാലിയൻ—Battalion തന്നെ നമ്മുടെ പട്ടാളം. ഇംഗ്ലീഷ് പദവും "Battle" ഫ്രെഞ്ചുധാതുവിൽ നിന്നുണ്ടായതാണെന്നു ആംഗലനിഘണ്ഡുവിൽക്കാണുന്നു.

പേഷ്കാർ:— പെർഷ്യൻ പദത്തിന്റെ തത്സമം. മൂലത്തിലെ'ശ' ഇവിടെ'ഷ'യായി മാറിയെന്നു മാത്രം. പേശ് എന്നാൽ 'സമക്ഷം' എന്നൎത്ഥമാണത്രേ. സമക്ഷത്തിലെ സഹകാരി എന്നൎത്ഥം. ഹിന്ദി, ബംഗാളി ഇവയിലും 'പേശ്കാർ' ഉണ്ടു്.

കച്ചേരി:— ഇതും പെർഷ്യനാണ്. 'കാച്ഛാരി' എന്നു മൂലം. 'കച്ഛരി' എന്നു ഹിന്ദി. സദൃശരൂപങ്ങൾ ഉത്തരഇൻഡ്യൻ ഭാഷകളിലെല്ലാം ഉണ്ടു്. ആഫീസ്, കോടതി എന്നു നാനാൎത്ഥം.

ഫൗസദാർ:— അറബിലെ 'ഫൗസും' പെർഷ്യൻ 'ദാരും' ചേൎന്ന ഫൌജദാരായി. പോലീസ് ഉദ്യോഗസ്ഥൻ എന്നാൎത്ഥമാകുന്നു. 'ഫൌതാദാർ' എന്നും ഒരു പദം കാണുന്നു. നാണയത്തിന്റെ ഒച്ച പരിശോധിക്കുന്നവൻ എന്നു് അതിനൎത്ഥം. ഈ രണ്ടിൽ ഏതാണു് മലയാളത്തിലെ 'ഫൗസദാർ' എന്നറിവില്ല. ഉർഡുവിലെ 'ഫൗജ്ദാർ' സേനാപതിയാകുന്നു.

നങ്കൂരം:— പെർഷ്യൻ 'നങ്ഗർ' മലയാളത്തിലെ 'നങ്കൂരം' ആയി. ഇംഗ്ലീ

ഷിലം 'Anchor' എന്നുണ്ട്.

അഫീൻ:— സംസ്കൃതത്തിലെ 'അഹിഫേനം' ഇങ്ങനെ മാറി.

മാമൂൽ:— അറബിലെ 'മഅമൂല്' ഈ രൂപം ധരിച്ചു. 'മാമൂലി' എന്നു ബംഗാളി. ആചാരം, നടപ്പ് എന്നു അർത്ഥം.

മേനാ:—'മാ ഊന' എന്ന് അറബി; പടവ് എന്നു അവിടത്തെ അർത്ഥം. 'മിയാനാ' എന്നു ഹിൻഡി. ഹിൻഡി വഴിയായിരിക്കണം മലയാളത്തിൽ വന്നതു്. നേരിട്ട് അറബികൾ ഇറക്കുമതി ചെയ്തതുമാകാം. മൂലാർത്ഥം Transporting vessel ആണ്.

മുൻസീഫ്:— അറബിൽ ന്യായാധിപൻ. യോഗ്യൻ എന്നും അർത്ഥമുണ്ടെന്നു കാണുന്നു. ആദ്യത്തെയർത്ഥം മലയാളത്തിലും യോജിക്കുന്നു.

പാദുഷാ:— 'ബാദ്ഷാഹ്' എന്നു പെർഷ്യനിൽ. ചക്രവർത്തി എന്നർത്ഥം. ദില്ലിബാദുഷാ' ഡെൽഹി ചക്രവർത്തിയാണല്ലോ!

റൊട്ടി:— 'രോടീ' എന്നു സംസ്കൃതപദം.

ബന്തോവസ്തു്:— 'ബന്ദോബസ്ത്' എന്നു പെർഷ്യൻ പദം. സ്ഥിരീകരണം—ഏർപ്പാടു, ശട്ടംകെട്ടൽ എന്നർത്ഥം. 'പോലീസിന്റെ ബന്തോവസ്തിലാണ്' എന്നുവച്ചാൽ അവരുടെ സൂക്ഷിപ്പിൽ-മേൽ നോട്ടത്തിൽ എന്നാശയം. മൂലാർത്ഥവുമായി ഏറെക്കുറെ സാമ്യമുണ്ട്.

ബഹദൂർ:— 'ബഹാദൂർ' എന്നു പെർഷ്യൻ. വീരൻ—ശൂരൻ എന്നർത്ഥം. ഹിന്ദിയിലും ഉണ്ടു്; ധീരാർത്ഥത്തിൽ ഇൻഡ്യൻരാജ്യസേവാനിരതന്മാർക്കു ഗവൺമെന്റു ഈ ബിരുദനാമം ഔപചാരികമായി നൽകുന്നു.

ചവുക്ക:— യവനഭാഷയിലെ 'ചൗകീ' ഹിന്ദി, ബംഗാളി എന്നിവയിലും നടപ്പുണ്ടു്. 'ചതുഷ്ക്കി' എന്ന കാവൽസ്ഥലപര്യായമായ സംസ്കൃതപദവും ഗ്രീക്കപദവും ആ ഭാഷകളുടെ പ്രാക്തനസാഹോദര്യത്തെ സൂചിപ്പിക്കുന്നു. ചതുഷ്ക്കിയുടെ തത്ഭവമാണ് മലയാളത്തിലെ ചവുക്കയെന്നു പറയുന്നതിലും അസാംഗത്യമില്ല. കാവൽ സ്ഥലം പോലീസുസ്റ്റേഷൻ എന്ന് ഇതരഭാഷകളിലെ അർത്ഥം. ഇവിടെയാവട്ടെ അബ്കാരിവകുപ്പിലെ കാവൽസ്ഥലമായി. പട്ടാളം, പോലീസ്, കലാൽ ഇവ മൂന്നും ഒന്നായിരുന്ന കാലത്തായിരിക്കണം ഈ പദം ഭാഷയിൽ സ്ഥലം പിടിച്ചതു്.

പാരാ:— 'പാഹാരാ' എന്ന ഉത്തരഇൻഡ്യൻ പദം.

തകരാറ്:— അറബിലെ 'തക്'രാർ'. തക്കം-വഴക്ക് എന്ന് മൂലാർത്ഥം. കുഴപ്പം, താറുമാറ്, തെററു—എന്നീ അർത്ഥത്തിലാണ് നാം പ്രയോഗിക്കുന്നതു്.

തമാശ:— തമാശാ എന്നു പെർഷ്യൻ. വിനോദം, നേരംപോക്ക്—എന്നർത്ഥവും.

ദല്ലാൽ:— 'ദാലാലി' എന്നു അറബിക്. തരക്, തരകുതൊഴിൽ എന്നർത്ഥം. ക്രയവിക്രയാദികളിലെ മദ്ധ്യസ്ഥതയിൽ നിന്നു നേടുന്ന ആദായം എന്നു നിർവ്വചനം.

ദിവാൻ:— പെർഷ്യൻ 'ദേവൻ'; അറബിക് 'ദീവാൻ'. അറബിലെ അർത്ഥം രാജസഭ. ജന്മിയുടെയോ രാജാവിൻെറയോ മുഖ്യകാര്യസ്ഥൻ എന്ന് പെർഷ്യൻ അർത്ഥം. ഈയർത്ഥം മലയാളത്തിനോടൊത്തിരിക്കുന്നു. 'ദേവാനി' ദിവാൻെറ ആഫീസും.

നഗരാ:— പെരുമ്പറ. നാഗ്രാ, നകാരാ എന്നിങ്ങനെ അറബുപദം.

നവാബ്:— നബാബ്, നവാബ്, നഭാവ്, ഇങ്ങനെ പല പ്രയോഗവും മലയാളത്തിൽ ഒരേ പ്രബന്ധത്തിൽ പ്രയോഗിച്ചു കാണുന്നുണ്ടു്. 'നബാബ്' 'നായിബ്' എന്നു അറബിലും രണ്ടു പ്രയോഗമുണ്ട്. രാജാവു്, രാജപ്രതിനിധി എന്ന് അർത്ഥവും രണ്ടു്.

ശ്രാപ്പ്:— 'സറാഫ് 'എന്നു അറബിക്. ഖജനാവിൽ ഈ ഉദ്യോഗം ഇടക്കാലം വരെയുണ്ടായിരുന്നു. ഇപ്പോൾ പേരു മാററീട്ടുണ്ടാകാം. നാണയനോട്ടക്കാരൻ എന്നർത്ഥം. ഇംഗ്ലീഷിലും ധനവിനിമയപരമായ ഏർപ്പാടുകളിൽ Shroff-നെക്കാണുന്നു. A banker or money changer in India, A money Lender എന്നു നാമരൂപത്തിലും, To inspect the quality of Coins (നാണയശോധനം) എന്നു ക്രിയാരൂപത്തിലും പ്രയോഗമുണ്ട്.

ജോലി:— ഇതു് സംസ്കൃതമല്ല. തമിഴിൽ 'ചോലിയെപ്പാത്തുപ്പോ' എന്നു സംഭാഷണപ്രയോഗമുണ്ടു്. നിൻെറ പാടു നോക്കിപ്പോ എന്നർത്ഥമാണ്. ഉത്തരഇൻഡ്യൻ ഭാഷകളിൽ 'ജോലി'യുണ്ടോ എന്നറിയുന്നില്ല. അറബിൽ 'ജഅല്' എന്നൊരുപദം ചെയ്യുക, ഉണ്ടാക്കുക, ചിന്തിക്കുക എന്നീയർത്ഥങ്ങളിൽ ഉണ്ടു്. അർത്ഥസാദൃശ്യവും ശബ്ദസാമീപ്യവും കൊണ്ടു് അതുതന്നെ മലയാളത്തിൽക്കടന്നിരിക്കണമെന്നു അനുമാനിക്കാം.

ഡപ്പാ
ഡപ്പി } —കണ്ണാടി, കണ്ണട ഇവകളുള്ള സാഹോദര്യം പോലെ ഡപ്പാ; ഡപ്പി എന്നിവയ്ക്കുമുണ്ടു്. ഈ പദങ്ങൾക്കു വടക്കൻ മലയാളത്തിൽ പ്രചാരം വിരളമായിരിക്കാം; തെക്കർക്കു ഇവ പരിചിതമാണ്. മണ്ണെണ്ണ ഡപ്പാ, പൊടി ഡപ്പി ഇവ യഥാക്രമം പാട്ടയും ചിമിഴ

ആകുന്നു. ഹിന്ദിയിൽ 'ഡബ്ബി' എന്നാൽ ചെറിയപെട്ടി, 'ഡബ്ബാ' വലിയ പെട്ടി. ഭാഷയിൽ അൎത്ഥങ്ങൾക്കു ഇണക്കമുണ്ടെങ്കിലും 'ഡപ്പാ' ലോഹപ്പെട്ടിയായിപ്പോയി.

പാട്ട:— ഹിന്ദിയിലെ 'പാട്ടാ' പലകയാണ്. നമ്മുടെ തകരപ്പാട്ടയോട ഇതിന്നു പൊരുത്തം കാണുന്നില്ല. ശബ്ദസാമ്യമുണ്ടുതാനും.

പത്തേമാരി:— ഉദ്ഭവസ്ഥാനം നിശ്ചയമില്ല. "PAT TIMAR" എന്നച്ചിട്ട ഒരു തീപ്പെട്ടി കാണുന്നുണ്ട്. അതിൽ മുഖചിത്രം പാക്കപ്പലാണ്. ഉത്തരഇൻഡ്യാക്കാർ Krishna Kanta എന്നെഴുതിയാൽ 'കൃഷ്ണകാന്ത' എന്നു വായിച്ചുകൊള്ളണം. T-ക്കു തകാരധ്വനി കൊടുത്താൽ മുൻപറഞ്ഞ പദം 'പാത്തിമാർ' ആണ്. പാത്തിമാരും പാക്കപ്പലും പത്തേമാരിയും തട്ടിച്ചു നോക്കുമ്പോൾ പത്തേമാരിയുടെ മൂലം 'പാത്തിമാർ' എന്നു ഊഹിക്കണം. അറബികൾ മുഖാന്തരം മലയാളികൾ 'പത്തേമാരി' യെ ആദ്യമായ് പരിചയപ്പെട്ടിരിക്കാവുന്നതുകൊണ്ട് അറബിഭാഷയിൽ ഇതു കാണാൻ ന്യായമുണ്ട്. ലേഖകനു ശരിയായ രേഖ കിട്ടീട്ടില്ല.

ഗോസായി:— 'ഗോസ്വാമി' എന്നതിൻെറ ഉത്തരഇൻഡ്യൻ തത്ഭവമായ ഗോസാഈ. ഒരു കൂട്ടം ഭക്തന്മാർ. തീർത്ഥാടനക്കാരായ ഉത്തരഇൻഡ്യക്കാരെയെല്ലാം നാം 'ഗോസായി' പദംകൊണ്ടു വ്യവഹരിക്കുന്നു.

കാണ്ടാമൃഗം:— സംസ്കൃതത്തിലെ 'ഗണ്ഡാരമൃഗ'ത്തിൻെറ തത്ഭവം.

വരാന്ത:— പെർഷ്യൻ'ബാരാന്ദാ' ഉത്തരഇൻഡ്യൻ ഭാഷകളിലും ഉണ്ട്. ഇംഗ്ലീഷിലും Veranda, Verandah-എന്നു പകൎന്നിരിക്കുന്നു.

ജാറ:— പെർഷ്യൻ 'ജാരാഹ്'. ഇംഗ്ലീഷിലും 'Jar' എന്നായി. ഭരണി എന്നർത്ഥം.

ആസ്പത്രി, ആശുപത്രി—ഇംഗ്ലീഷ് Hospital.

[അസമാപ്തം]

# ഹിന്ദിസാഹിത്യത്തിലെ ചില പദ്യകൃതികൾ.

(പണ്ഡിതർ ഇ. വി. രാമൻ നമ്പൂതിരി)

## I. ഭാരതഭൂമി

ഭാരതഭൂവിതു നമ്മുടെയത്രേ
"സാരം" നമ്മൾക്കിതു ജീവനിലും.
ജനിഭൂ വെന്നിതിനേച്ചൊല്വൂനാ,—
മിതിലേ വാഴ്‌വതുനാമെല്ലാരും.

നമ്മൾക്കിബ്ഭൂതാൻ ജനി നല്കി;
നമ്മളിതിൻ മുതൽ തിന്നുവളർന്നു;
മതി; ഇതുനമ്മുടെ മാതാവത്രേ;
ഇതിനൊട്ടു ചാർച്ച നമുക്കുണ്ടേററം.

ഇതിന്നുടെ മടിയിൽ വളർന്നീടുന്നു,
നമ്മളിതിൽത്താൻ വിലസിയ്ക്കുന്നു,
ഇതിൽ നാമേററവു മാനന്ദിപ്പൂ,
മൃതിയിനിയിതിലേ വന്നുഭവിപ്പൂ.

നാമിവൾതൻ പ്രിയ ബാലകരത്രേ,
നാമിവൾതൻ പൊന്നോമനകളുമാം;
ഇവളെന്നും ഹിതകാരണിയത്രേ,
ഇവളഴലൊക്കെ ഹരിപ്പവളത്രേ.

അമ്മ പറഞ്ഞിട്ടുണ്ടതു നമ്മൊട്ട്
"ഭാരതമാം നരമ്മപ്രസവിച്ചതു്"
ഇബ്ഭൂനോ'ക്കല്ലാം പ്രസൂവത്രേ,
നാമന്യോന്യം സോദരരത്രേ.

നാമന്യോന്യം കലഹിയ്ക്കൊല്ലേ,
നാം സൌഭ്രാത്രം കൈവെടിയൊല്ലേ;
വല്ല പിണക്കവുമുണ്ടായാലും
തെല്ലും സ്നേഹം പോകയുമില്ലേ!!.

## II. റോഡ്.

റോഡേ! നീയെവിടന്നു വരുന്നു?
നീയെങ്ങോട്ടിനി നട കൊള്ളുന്നു?

എത്രത്തോളം നീണ്ടതു നിൻതനു?
എത്ര വനം മലയും കണ്ടതു നീ

ഉത്തമനഗരം കണ്ടതുമെത്ര—
യ്യെത്ര കടന്നു പുഴയും തോട്ടം?

കുട്ടികളെത്ര കളിച്ചു നിന്മേൽ?
ഉത്സവമെത്ര നിരീക്ഷിച്ചു നീ?

എന്നിവ യെണ്ണാനാളാമോ നീ?
ഒന്നി തുണർത്താ, മാളാമെന്നാൽ.

ഞങ്ങളൊ ടോതുക, നല്ലവരെങ്ങനെ—
യെങ്ങുവസിച്ചു സ്ത്രീപുരുഷന്മാർ?

രാജ ശ്രേഷ്ഠരധീശ്വരരെവ്വരവർ
വാദ്യം താക്കി നടന്നു നിന്മേൽ?

നിന്മേൽ ഭിക്ഷുകരെത്ര ചരിച്ചു?
നമ്മുടെ നിലയന്നേതുതരത്തിൽ?

ഞങ്ങൾ നടന്നു നടന്നു വലഞ്ഞു;
നിന്നവസാനം കാണ്മതു മില്ലേ;

അങ്ങനെ യൊരുവനെ യറിവീലല്ലോ,
നിന്നോടൊന്നു സുഖം നേടാതേ!

ലോകം മുഴുവൻ നിന്നുടെ വീടാ
ണങ്കില്ലമാക്കിഹ ബഹുമതി നിന്നിൽ,

കാൽ ത്തൊഴിയല്ലോ കിട്ടുവതയി, തവ
കാൽത്തൊഴിയാ തെഴ മുരു മട്ടനവും

പാവപ്പെട്ട തരത്തിൽ ജീവിത —
മാവുകിലാദരമാളുക വിഷമം;

ഈവിധമാണീന്നത്തേ സ്ഥിതിഗതി,
കേവല മിക്കഥ നീയറിവീലേ?

മൗനമിയന്നു വസിപ്പോരനതൊരു
ദീനത തന്നെ സഹിയ്ക്കുകവേണ്ടേ?

എന്തു ചടഞ്ഞു കിടപ്പതുറോഡേ!
പൊന്തുവതിന്നിഹ നീയാളല്ലേ?

## III പ്രകൃതിയിൽ നിന്നുള്ള പാഠം.

പൂക്കളിൽനിന്നു പഠിയ്ക്കു ചിരിയ്ക്കാൻ,<br>
    പാടാനളികളിൽ നിന്നും;<br>
തരുവിൻ കൊമ്പുകൾ കണ്ടു പഠിയ്ക്കുക<br>
    തഞ്ചത്തിൽ തല താഴ്ത്താൻ;<br>
കാററടി പാർത്തു പഠിക്കണമിളകലു-<br>
    മുലകമിളക്കലുമൊപ്പം;<br>
ചേരുക-ചേർക്കുകയെന്നിവ പാലും<br>
    ജലവും കണ്ടു പഠിക്കാം;<br>
സൂരകരങ്ങളിൽ നിന്നു പഠിയ്ക്കണ-<br>
    മുണരാനുണർത്തുവാനും;<br>
മരവും ലതയും പാർത്തു പഠിക്കണ-<br>
    മരമിടമേവനു മേകാൻ;<br>
വർഷത്തുള്ളികൾ കണ്ടു പഠിക്കുക<br>
    സകലരുമായ് പ്രിയമേററാൻ;<br>
മയിലാഞ്ചിയിൽ നിന്നുററു പഠിക്കാം<br>
    തൻനിറമേതിലും കേററാൻ;<br>
നാടിനുവേണ്ടിപ്പണിതു മരിപ്പാൻ<br>
    നല്കും മത്സ്യം പാഠം;<br>
ഇലപോയുള്ള മരങ്ങൾ പഠിപ്പി-<br>
    ച്ചിട്ടുമഴലിൽ ധൃതികൊൾവാൻ;<br>
ഇരുളെത്രക്കു കളഞ്ഞീടാമെ-<br>
    ന്നൊരിയും ദീപം പറവൂ;<br>
പ്രാണികളെ സേവിയ്ക്കേണ്ടും വഴി<br>
    പാരിതിൽനിന്നു പഠിയ്ക്കാം;<br>
ജീവിതമാർഗ്ഗപുരോഗതി പാഠം<br>
    ജലധാരയിൽ നിന്നറിയലാം;<br>
ഓരോ മൂച്ചിനുമുയരണമെന്നാം<br>
    പുകപറയുന്നൊരു പാഠം;<br>
സജ്ജനചരിതം പാർത്തു പഠിയ്ക്കാം<br>
    സ്വചരിത്രത്തിൻ ഗ്രഥനം;<br>
വിപ്രിയമില്ലാത്തോർക്കു നടത്താ-<br>
    മിപ്പദ്യത്തിൻ പഠനം!

## IV വലിയവരുടെ വലിപ്പം.

തന്നെ വലിയവനെന്നു ചൊല്ലുന്നവൻ.
മന്നിൽ വലിയവനായ് ഗ്ഗണിക്കപ്പെടാ;
മററു ലോകം ചൊല്‌വതാരെയോവമ്പനായ്
മററമവൻതാൻ വലിയവൻ നിർണ്ണയം.

### I

വൻപനായ് ത്തീരില്ലൊരുത്തനും, കേവലം
പൊൻപണം വേണ്ടതു നേടിവച്ചിടിലും;
പൊക്കനെല്ലൊരു വീടുകെട്ടിയ്ക്കിലു-
മക്കണക്കേകൻ വലിയവനായിടാ.

### II

ഉള്ളതോതട്ടെയോ, വൻപനായീട്ടുകെ-
ന്നുള്ളതെല്ലാററിലും ക്ലിഷ്ടമാം കാര്യമാം;
വൻഗുണം ധാരാളമില്ലാതെ തൻപേരു
തങ്കാവലിയോക്കിടയ്ക്കൊരു മർത്ത്യനും.

### III

നീ കൊതിയ്ക്കുന്നുവോ, സാക്ഷാൽ വലിയവ-
നാകുവാ, നെങ്കിലതിനിതാം കൌശലം *
ദുർബ്ബലർ ദീനർനാഥരിവരെ നീ
കെല്പിൽ തുണയ്ക്കു ഹൃദപിത്തദേഹങ്ങളാൽ!!

### IV

സദ് ഗുണൌഘത്താൽ വലിയവരെവരോ,
തക്കമില്ലായവർ തന്നേ വലിയവർ;
തഥ്യരാം വിദ്വജ്ജനങ്ങൾക്കിടയ്ക്കിവ-
രത്രേ ലഭിപ്പതു സാദരാരാധനം!!

### V

* * * * * *

---

* പോംവഴി എന്നു പാഠാന്തരം.

# ചതുരംഗത്തിൻെറ ഉത്ഭവം.

[എ. ബാലകൃഷ്ണപിള്ള. ബി. എ., ബി. എൽ.]

ചതുരംഗക്കളിയുടെ കണ്ടുപിടിത്തത്തിന് അവകാശം പുറപ്പെട്ടു വിച്ചിട്ടുള്ളവർ പലരുണ്ടായിരുന്നു. പ്രാചീനഈജിപ്ഷ്യുകാർ, ബാബിലോണിയാക്കാർ, അറബികൾ, ചീനന്മാർ, യവനന്മാർ, യഹൂദന്മാർ, റോമാക്കാർ, അയർലണ്ടുകാർ, വെയിത്സുകാർ, സിതിയന്മാർ, പാരസികർ, ഭാരതത്തിലെ ഹിന്ദുക്കൾ, ഭാരതത്തിലെ ബുദ്ധമതക്കാർ എന്നിവർ ഇക്കൂട്ടത്തിൽ ഉൾപ്പെടുന്നുണ്ട്. എന്നാൽ ഇന്നാകട്ടെ പണ്ഡിതലോകം സ്വീകരിച്ചിരിക്കുന്നതു് ചതുരംഗം ഹിന്ദുക്കൾ കണ്ടുപിടിച്ചു എന്നുള്ള വാദമാകുന്നു. കോലാപ്പൂരിലെ മി. ഹൽഡിക്കർ അവിടെ നിന്ന് ഈയിടെ കണ്ടുപിടിച്ചിട്ടുള്ള എ. ഡി. 18-ാം ശതാബ്ദത്തിലെ തിരുവെങ്കിടാചാര്യരുടെ "വിലാസമണിമഞ്ജരി"യും, എ. ഡി. 10-ാം ശതാബ്ദത്തിൽ രചിച്ച ചതുരംഗത്തെ പററിയുള്ള ഒരു കൃതിയും ഈ വാദത്തെ സംശയരഹിതമായി സ്ഥാപിക്കുകയും ചെയ്തിരിക്കുന്നു. രാവണൻെറ ഭാര്യയായ മണ്ഡോദരി രാമരാവണയുദ്ധകാലത്തു് ഭർത്താവിൻെറ വിശ്രമാവസരങ്ങളിലെ വിനോദത്തിനായി ചതുരംഗം കണ്ടുപിടിച്ചു എന്നൊരു ഐതിഹ്യം ഉണ്ടെങ്കിലും, വാസ്തവത്തിൽ അതിൻെറ ഉത്ഭവം എ. ഡി. ആറാം ശതാബ്ദത്തിൻെറ മദ്ധ്യകാലത്താണെന്നു വിചാരിക്കുവാനാണ് വിശ്വാസയോഗ്യമായ തെളിവുള്ളതു്. പ്രാചീനസംസ്കൃതസാഹിത്യകാരന്മാരിൽ എ. ഡി. ഏഴാം ശതാബ്ദത്തിൽ ജീവിച്ചിരുന്ന ബാണനാണ് ചതുരംഗത്തെപ്പററി ആദ്യമായി പ്രസ്താവിച്ചിട്ടുള്ളതെന്നുള്ള സംഗതിയും ഇവിടെ സ്മരണീയമത്രെ. ഭാരതത്തിൽ ജനിച്ച ചതുരംഗക്കളി അതു ജനിച്ചയുടനെ തന്നെ പെർസ്യായിലേക്കു പോകുകയും അവിടെ നിന്ന് അറബികൾ മുഖേന അതു് ലോകം ആസകലം പരക്കുകയുമാണു ചെയ്തതു്.

ചതുരംഗത്തിൻെറ ഉത്ഭവസ്ഥാനം ഇൻഡ്യയുടെ വടക്കുപടിഞ്ഞാറുള്ള സിന്ദാണെന്നാണ് ഒരു പ്രസിദ്ധപ്രാചീനപാരസികഗ്രന്ഥമായ "നഫായിസ്-ഉൽ-ഫനൂൽ" (ശാസ്ത്രത്തിലെ പ്രധാന കണ്ടുപിടിത്തങ്ങൾ) പ്രസ്താവിച്ചിരിക്കുന്നതു്. ഇന്നു പണ്ഡിതലോകം സ്വീകരിച്ചിരിക്കുന്ന ഇതിലെ പ്രസ്താവനയിലേക്കു കടക്കുന്നതിനു മുമ്പ് പെർസ്യായിൽ ചതുരംഗത്തെപ്പററി പ്രചാരമുള്ള മറെറാരു ഐതിഹ്യം പ്രസ്താവിച്ചുകൊള്ളട്ടെ. എ. ഡി. 226-ൽ പെർസ്യായിൽ സ്ഥാപിക്കപ്പെട്ട സാനിയസ്സൻ

രാജവംശത്തിലെ ആദ്യത്തെ രാജാവായ ഉൗൽശിരസ് ബാബകാൻ, നാർഡ്, അഥവാ, ബാക്ക് ഗമ്മൺ എന്ന കളി (ഇതു നമ്മുടെ ഇടയ്ക്കുള്ള 'നായും പുലിയും' എന്ന കളി പോലെയുള്ള ഒരു കളിയാണ്) കണ്ടുപിടിച്ചിരുന്നു എന്നും, ഇതു താങ്കൾ കണ്ടുപിടിച്ചതിനെക്കുറിച്ച് പാരസികർ തങ്ങളുടെ അയൽരാജ്യവാസികളായ സിന്ദ്ദേശക്കാരുടെ മുമ്പിൽ വച്ച് വമ്പു പറയാറുണ്ടായിരുന്നു എന്നും, ഇതു തുടരെ കേട്ടു സഹിക്കവയ്യാതെ ആയപ്പോൾ, സിന്ദിലെ ഒരു രാജാവ് തൻെറ രാജധാനിയിലുള്ള ഒരു പണ്ഡിതനോട് അതിനെക്കാൾ പ്രയാസമേറിയതും കൂടുതൽ ബുദ്ധിശക്തി വേണ്ടിവരുന്നതുമായ ഒരു കളി കണ്ടുപിടിക്കുവാൻ ആജ്ഞാപിച്ചു എന്നും തൽഫലമായി ജനിച്ചതാണ ചതുരംഗം എന്നുമാണ് പ്രസ്തുത ഐതിഹ്യം. ഉൗൽശിരസ് കണ്ടുപിടിച്ച നാർഡ് എന്ന കളിയിൽ പാരസികരുടെ വർഷത്തിലുള്ള പന്ത്രണ്ടു സൌരമാസങ്ങളെ പ്രതിനിധീകരിക്കുന്ന പന്ത്രണ്ടു ഖണ്ഡങ്ങളും, അവരുടെ ചാന്ദ്രമാസത്തിലെ ഇരുപത്തിയെട്ടു ദിവസങ്ങളെ പ്രതിനിധീകരിക്കുന്ന കറുത്തതും വെളുത്തതുമായ മുദ്രാകളും അതായതു്, കരുക്കളും ഉണ്ടായിരുന്നു. കറുത്ത കരുക്കൾ കൃഷ്ണപക്ഷദിവസങ്ങളേയും, വെളുത്ത കരുക്കൾ ശുക്ലപക്ഷദിവസങ്ങളേയുമാണ് സൂചിപ്പിച്ചിരുന്നതു്. ഒരു കരു ഒരു ഖണ്ഡത്തിൽ നിന്നു മററൊന്നിലേക്കു മാറുന്നതു് വിധിയുടെ ശാസനം അനുസരിച്ചു മനുഷ്യരുടെ ജീവിതത്തിൽ ഉണ്ടാകുന്ന പരിവർത്തനങ്ങളോട് അവർ സദൃശപ്പെടുത്തുകയും ചെയ്തിരുന്നു.

"നഫായിസ് - ഉൽ- ഫനൂ" ലിൽ ചതുരംഗത്തിൻെറ ഉത്ഭവത്തെപററി പറഞ്ഞിട്ടുള്ള വിവരങ്ങളിലേക്ക് ഇനി കടക്കുന്നു. എ. ഡി. 531 മുതൽക്ക് 579 വരെ പാരസിക സാമ്രാജ്യം ഭരിച്ചിരുന്നപ്പനും, പഞ്ചതന്ത്രവും മഹാഭാരതത്തിലെ ചിലഭാഗങ്ങളും പാരസിക ഭാഷയിലേക്കു തർജിമ ചെയ്യിച്ചവനുമായ പ്രസിദ്ധചക്രവർത്തി കുസ്രു അനുഷീർവൻെറ സമകാലീനനും സാമന്തനുമായി ഭലീത് അഥവാ, ഭഗീൽ എന്നുപേരുള്ള ഒരു ഹിന്ദു രാജാവ് സിന്ദ് രാജ്യം ഭരിച്ചുവന്നിരുന്നു. അക്കാലത്തു സിന്ദ് പാരസിക ചക്രവർത്തികളുടെ മേൽക്കോയ്മയിൻ കീഴിലാണ ഇരുന്നിരുന്നതു്. യുദ്ധതല്പരനായ ഭലീതനെ അശ്വത്തിലും ഗജത്തിലും കയറുന്നതു് അസാദ്ധ്യം ആക്കുന്ന ഒരു രോഗം പിടികൂടുകയുണ്ടായി. തന്നിമിത്തം അദ്ദേഹത്തിനു സദാസ്വസ്ഥമായി ഒരിടത്തു് ഇരിക്കേണ്ടിവന്നു. അപ്പോൾ അദ്ദേഹം തൻെറ പണ്ഡിതസദസ്സിലെ അംഗങ്ങളെ വിളിച്ച് തന്നെ യുദ്ധത്തെ സ്മരിപ്പിക്കുന്ന ഒരുകളി കണ്ടുപിടിക്കുവാൻ അവരോട് ആജ്ഞാപിച്ചു. ഇതുകേട്ടു പണ്ഡിതസദസ്സിലെ ഒരു അംഗമായ സാഹസി അപ്പോൾ താൻ കണ്ടുപിടി

ച്ചിട്ടുണ്ടായിരുന്ന ചതുരംഗക്കളിയുടെ കാൎയ്യം രാജാവിനെ അറിയിക്കുകയും അതിന്റെ കരുക്കളും പലകയും കൊണ്ടുവന്ന് രാജാവിനെ ആ കളി പഠിപ്പിക്കുകയും ചെയ്തു. ഇതുകണ്ടു സന്തുഷ്ടനായ രാജാവ് സാഹസിയോടു "നിങ്ങൾ ഇതിനു പ്രതിഫലമായി എന്തു ചോദിച്ചാലും അതുതരാൻ ഞാൻ സന്നദ്ധനാണ് എന്താണു നിങ്ങൾക്കുവേണ്ടതു്?" എന്നുചോദിച്ചു. സാഹസി ഇങ്ങിനെ മറുപടി പറഞ്ഞു. "എനിക്കു വേണ്ടതു് തിരുമനസ്സ് ഉണൎത്തിക്കാം. ചതുരംഗപ്പലകയിലെ ആദ്യത്തെ ഖണ്ഡത്തിൽ ഒരു ഒററമണിഗോതമ്പു വയ്ക്കണം. പിന്നീടു മുറയ്ക്ക് അതിനടുത്ത ഖണ്ഡത്തിൽ അതിനിരട്ടിയായ രണ്ടുമണി ഗോതമ്പും, അതിനടുത്തുള്ളതിൽ നാലുമണിഗോതമ്പും, അതിനടുത്തതിൽ എട്ടുമണി ഗോതമ്പും വയ്ക്കണം. ഇങ്ങിനെ ഈ ക്രമത്തിൽ അതിലെ അറുപത്തിനാലു ഖണ്ഡങ്ങളിലും വയ്ക്കുന്നതിനുവേണ്ടിവരുന്ന ഗോതമ്പു എനിക്കുതരുവാൻ അവിടന്നു കല്പിച്ചാൽമതി." ഇതു കേട്ടയുടനെ, രാജാവു പുച്ഛസ്വരത്തിൽ സദസ്യരോട് ഇങ്ങിനെ പറയുകയുണ്ടായി. "ഈ പണ്ഡിതനു വില പിടിച്ച സമ്മാനങ്ങൾ കൊടുക്കണമെന്നായിരുന്നു എന്റെ വിചാരം. പക്ഷെ, അയാൾ ചോദിക്കുന്നതു് ഏററവും നിസ്സാരമായ ഒരു കാൎയ്യമാണ്. എങ്കിൽ അങ്ങിനെയാകട്ടെ." "എനിക്കു ഇതുമതി" എന്നു സാഹസി പറഞ്ഞതുകേട്ടു രാജാവ് മന്ത്രിയെ വിളിച്ചു അദ്ദേഹം ആവശ്യപ്പെട്ട അളവു ഗോതമ്പു കൊടുക്കുവാൻ ആജ്ഞാപിക്കുകയും ചെയ്തു.

അനന്തരം സാഹസിക്ക് എത്ര ഗോതമ്പു കൊടുക്കേണ്ടിവരുമെന്നു സിന്ദിലെ റവന്യു അധികാരികൾ കണക്കു കൂട്ടിനോക്കി. അപ്പോൾ അവർ അമ്പരന്ന് രാജാവിന്റെ മുമ്പിൽ ചെന്ന് സാഹസി ആവശ്യപ്പെട്ടിടത്തോളം ഗോതമ്പ് സിന്ദ് രാജ്യത്തിൽനിന്നു കൊടുക്കുവാൻ സാദ്ധ്യമല്ലെന്നു അദ്ദേഹത്തെ അറിയിച്ചു. രാജാവ് ഇതു ആദ്യം വിശ്വസിച്ചില്ല. ചില ഗണിതശാസ്ത്രജ്ഞരെ വരുത്തി രാജാവ് സാഹസിക്കു കൊടുക്കേണ്ട ഗോതമ്പു കണക്കുകൂട്ടിച്ചു നോക്കി. അവർ ചതുരംഗപ്പലകയിലെ പതിനാറാമത്തെ ഖണ്ഡത്തിൽ എത്തിയപ്പോൾ തന്നെ സാഹസിക്കു 32760 മണി ഗോതമ്പ്, അതായതു്, അഞ്ചു് സേർഗോതമ്പു കൊടുക്കേണ്ടിവരുമെന്നു രാജാവിനു് കാണിച്ചുകൊടുത്തു. 19-ാമത്തെ ഖണ്ഡത്തിൽ എത്തിയപ്പോൾ, അതു് നാല്പതുസേർ അടങ്ങിയ ഒരു മന്നു ഗോതമ്പായി വൎദ്ധിക്കുകയുണ്ടായി. അവർ നാല്പതാമത്തെ ഖണ്ഡത്തിൽ എത്തിയപ്പോൾ അതു 2970152, മന്നായിവൎദ്ധിച്ചു. ഇതു ഒരു നഗരത്തിലെ വിളവായി കണക്കാക്കി അവർ പിന്നെയും കണക്കുകൂട്ടി. ഒടുക്കം 64-ാമത്തെ ഖണ്ഡത്തിൽ എത്തിയപ്പോൾ 16777216 നഗരങ്ങളിൽ വിളയുന്ന ഗോതമ്പ് വേണ്ടിവരുമെന്ന് അവർ രാജാവിനെ ധരിപ്പിച്ചു. ഇതു ലോകം മുഴുവനുമുള്ള ഗോതമ്പ് കൃഷിയിൽ നി

നുലഭിക്കുന്നതല്ലെന്നും അവർ അദ്ദേഹത്തെ അറിയിച്ചു. ഇത് അറിഞ്ഞ് രാജാവ് സാഹസിയെ വളരെ പ്രശംസിക്കുകയും ചെയ്തു.

ഇങ്ങിനെ കണ്ടുപിടിക്കപ്പെട്ട ചതുരംഗക്കളിയിൽ മുഴുകി ഭലീത് രാജാവു സമയം കഴിച്ചുകൂട്ടി വന്നു. ഒരിക്കൽ അദ്ദേഹം തന്റെ മേൽക്കോയിമയായ പാരസിക ചക്രവർത്തിക്ക് കാഴ്ചവയ്ക്കുവാനായി കുറെ ആനകളെ കൊടുത്തയച്ചതിനോടുകൂടി ഒരു ചതുരംഗപ്പലകയും കരുക്കളും കൊടുത്തയക്കുകയുണ്ടായി. ഈ കാഴ്ചകൾ പെർസ്യായിലേക്കു കൊണ്ടുപോയിരുന്ന രാജദൂതനോടു തന്റെ ഒരു സന്ദേശവും കൂടി ചക്രവർത്തിയെ ധരിപ്പിക്കുവാൻ ഭലീത് ആജ്ഞാപിച്ചിരുന്നു. അതിങ്ങനെയാണ്. "എന്റെ നാട്ടുകാർ കണ്ടുപിടിച്ച ഈ ചതുരംഗക്കളി എങ്ങിനെയാണ് കളിക്കുന്നതെന്ന് ചക്രവർത്തി കണ്ടുപിടിക്കുന്നതായാൽ, ഞാൻ എന്റെ രാജ്യവും ഭണ്ഡാരവും ചക്രവർത്തിക്കു വിട്ടുകൊടുക്കുവാൻ തയാറാണ്. ഇതു കണ്ടുപിടിക്കുവാൻ ചക്രവർത്തിക്കു സാധിച്ചില്ലെങ്കിൽ, ചക്രവർത്തി എന്റെ കപ്പം ഇളച്ചുതന്ന് എന്നെ ഒരു സ്വതന്ത്രരാജാവാക്കുവാൻ അനുവദിക്കേണ്ടതാണ്."

ഈ സമ്മാനങ്ങളും സന്ദേശവും ലഭിച്ചയുടനെ, കുസ്രൂ അനുഷീർവൻ തന്റെ പണ്ഡിതന്മാരെ വിളിച്ചു വരുത്തി അവരോട് ആ കളി കളിക്കുന്നതു് എങ്ങിനെയാണെന്ന് കണ്ടുപിടിക്കുവാൻ ആജ്ഞാപിച്ചു. പക്ഷെ അവരിൽ ആർക്കും തന്നെ അതു കണ്ടുപിടിക്കുവാൻ സാധിച്ചില്ല. അപ്പോൾ താൻ തടവിൽ പാർപ്പിച്ചിരുന്ന തന്റെ പ്രസിദ്ധനായ പഴയ പ്രധാനമന്ത്രിയുടെ കാര്യം അനുഷീർവന്റെ സ്മരണയിൽ വന്നു. ബുസുർയമിഹിരൻ എന്നായിരുന്നു ആ മന്ത്രിയുടെ നാമം. ഉടനെ അദ്ദേഹത്തെ തടവിൽ നിന്നു മോചിപ്പിച്ച് അവിടെ കൊണ്ടുവരാൻ അനുഷീർവൻ കല്പിച്ചു. പാരിസികചരിത്രത്തിൽ സുപ്രസിദ്ധനായിത്തീർന്നിട്ടുള്ള ഈ മന്ത്രിവര്യനെപ്പററി ചില വിവരങ്ങൾ ഇവിടെ ഇടയ്ക്കു പറഞ്ഞുകൊള്ളട്ടെ. അനുഷീർവന്റെ വാഴ്ചയുടെ പ്രാരംഭകാലത്ത് അദ്ദേഹം ഒരിക്കൽ ഒരു ദുസ്സ്വപ്നം കാണുകയുണ്ടായി. താൻ ഒരു കപ്പനിറച്ച് വീഞ്ഞൊഴിച്ച് അതു കുടിക്കുവാൻ ഭാവിച്ചപ്പോൾ തന്റെ, സമീപത്തു താൻ അറിയാതെ വന്നു നിന്നിരുന്ന ഒരു പന്നി അതിനെ തന്റെ കൈയ്യിൽനിന്നു തട്ടിപ്പറിച്ചു കുടിച്ചുകളഞ്ഞു എന്നായിരുന്നു ആ സ്വപ്നം. ഇതിന്റെ അർത്ഥം പറയുവാൻ രാജസദസ്സിലുള്ള ഒരുത്തർക്കും കഴിഞ്ഞില്ല. അന്ന് പെർസ്യായിലെ മതം സോറാസ്ത്രിയൻ, അഥവാ, മസ്ദാ അഥവാ പാർസിമതമായിരുന്നു. ഈ മതത്തിലെ ഒരു വൈദികൻ, അപ്പോൾ ബാക്കു നഗരത്തിലെ വൈദികമഹാപാഠശാലയിൽ പഠിച്ചുകൊണ്ടിരുന്ന ബുദ്ധിമാനായ ബുസുർയമി-

ഹിരൻ എന്ന യുവാവിനെ വരുത്തി ചോദിക്കുന്നതായാൽ, അദ്ദേഹം അതു ശരിയായി വ്യാഖ്യാനിക്കുമെന്നു് ചക്രവർത്തിയെ അറിയിച്ചു. അതനുസരിച്ചു്, അനുഷീർവൻ ആ യുവാവിനെ വരുത്തി സ്വപ്നത്തിൻെറ അർത്ഥം പറയുവാൻ അയാളോട്ടു് ആജ്ഞാപിച്ചു. ചക്രവർത്തിയുടെ അന്തഃപുരത്തിലുള്ള അനവധി സ്ത്രീകളിൽ ഒരു യുവതിക്കു് ഒരു കാമുകൻ ഉണ്ടെന്നും അയാൾ സ്ത്രീവേഷത്തിൽ അന്തഃപുരത്തിനകത്തു കടന്നുകൂടിയിട്ടുണ്ടെന്നുമായിരുന്നു സ്വപ്നത്തിൻെറ അർത്ഥമായി ബുസൂർയമിഹിരൻ പറഞ്ഞതു്. ഉടനെ ചക്രവർത്തി അന്തഃപുരം മുഴുവനും പരിശോധിപ്പിക്കുകയും, അപ്പോൾ സ്ത്രീവേഷം പൂണ്ടിരുന്ന പുരുഷനെ കണ്ടുപിടിക്കുകയും ചെയ്തു. അനന്തരം അയാളേയും അയാളുടെ കാമിനിയേയും രാജാവു വധിപ്പിച്ചു. ഇതിനുശേഷം അനുഷീർവൻ ബുസൂർയമിഹിരനു കൊട്ടാരത്തിൽ ഒരു ഉദ്യോഗം കൊടുത്തു. ഒടുക്കം ബുസൂർ അനുഷീർവൻെറ പ്രധാനമന്ത്രിയായിത്തീൎന്നു. എന്നാൽ രാജ്യത്തിനു പല നന്മകളും ചെയ്ത ഈ പ്രധാനമന്ത്രി തൻെറ മതമായ മസ്ദാമതം ഉപേക്ഷിച്ചു് ക്രിസ്തുമതം സ്വീകരിച്ചപ്പോൾ, അനുഷീർവൻ അദ്ദേഹത്തെ തടവിലാക്കി പല ഹിംസകളും അനുഭവിപ്പിക്കുകയുണ്ടായി. ഈ ഹിംസകൾ ഉണ്ടായിട്ടും, ബുസൂർയമിഹിരൻ തൻെറ പുതിയ മതത്തെ പരിത്യജിച്ചില്ല. ഒടുക്കം അദ്ദേഹത്തെ അന്ധത പിടികൂടി. അനുഷീർവൻ അദ്ദേഹത്തെ അന്ധനാക്കിത്തീർത്തു എന്നും ഒരു ഐതിഹ്യം ഇല്ലാതില്ല. ഈ ബുസൂർയമിഹിരനും, പ്രസിദ്ധഭാരതീയ ജ്യോതിശ്ശാസ്ത്രജ്ഞനായ വരാഹമിഹിരനും ഒന്നാണെന്നു ചിലർ അഭിപ്രായപ്പെട്ടിട്ടുണ്ടു്. എന്നാൽ ഈ അഭിപ്രായത്തിനു് വിശ്വാസയോഗ്യമായ യാതൊരു തെളിവും ഇല്ലെന്നാണു് ഈ ലേഖകൻ വിചാരിക്കുന്നതു്. വരാഹമിഹിരൻ ഒരു ശാകദ്വീപിബ്രാഹ്മണനാണെന്നും (അതായതു്, പ്രാചീനകാലത്തു് പെർസ്യായിൽ നിന്നു ഭാരതത്തിൽ വന്നു കുടിയേറിപ്പാർത്ത മഗബ്രാഹ്മണരുടെ വംശത്തിൽ ജനിച്ചവനാണെന്നും), അദ്ദേഹം പെർസ്യായിലും മററു യവനരാജ്യങ്ങളിലും സഞ്ചരിച്ചിട്ടുണ്ടായിരുന്നു എന്നും അല്ലാതെ, വരാഹമിഹിരനു പേർസ്യയുമായി മററു യാതൊരു ബന്ധവും ഉണ്ടായിരുന്നില്ല.

ബുസൂർയമിഹിരനെ ജയിലിൽ നിന്നു മോചിപ്പിച്ചു് അനുഷീർവൻെറ മുമ്പിൽകൊണ്ടുവന്നു നിറുത്തിയപ്പോൾ, താൻ അദ്ദേഹത്തോടു പ്രവൃത്തിച്ച കടുംകൈകൾക്കു ആ ചക്രവർത്തി പശ്ചാത്താപം പ്രകടിപ്പിച്ചു. അനന്തരം അനുഷീർവൻ സിന്ദുരാജാവിൻെറ സന്ദേശത്തെ പററിയുള്ള

വിവരങ്ങൾ ആ വൃദ്ധമന്ത്രിയെ ധരിപ്പിച്ചു. കാഴ്ച തീരെ നശിച്ചുപോയി ട്ടില്ലാതെയിരുന്ന ബൃഹസ്സൂർയമിഹിരൻ ഉടനെ സിന്ദ്രാജാവിൻെറ ദൂതനെ തന്നോടുകൂടി അടുത്ത മുറിയിലേക്കു വിളിച്ചു കൊണ്ടുപോയി ചതുരംഗക്കരുക്കളെ നിരത്തുവാൻ അദ്ദേഹത്തോടു പറഞ്ഞു. രാജദൂതൻ കരു നിരത്തുന്നതുകണ്ടു് അതുപോലെ യമിഹിരനും തൻെറ കരുക്കളും നിരത്തി. രാജദൂതൻ കരു നീക്കുന്നതു കണ്ടു് അതുപോലെ യമിഹിരനും കരു നീക്കിത്തുടങ്ങി. ആദ്യത്തെ കളിയിൽ യമിഹിരൻ തോററുവെങ്കിലും, രണ്ടാമത്തേതു സമജോടിയിൽ അവസാനിക്കുകയും മൂന്നാമത്തേതിൽ ആ വൃദ്ധമന്ത്രി ജയിക്കുകയും ചെയ്തു. ഇങ്ങനെ തൻെറ വെല്ലുവിളിയെ സ്വീകരിച്ചു തന്നെ കുസ്രു അനുഷീർവാൻ തോല്പിച്ചതു നിമിത്തം സിന്ദ്രാജാവായ ഭലിതു് തൻെറ രാജ്യവും ഭണ്ഡാരവും ആ ചക്രവർത്തിക്കു വിട്ടുകൊടുത്തോ എന്നതു് ആ ഗ്രന്ഥത്തിൽ പറഞ്ഞുകാണുന്നില്ല.

സിന്ദിലെ രാജാവായ ഭലിതു് മരണപര്യന്തം ചതുരംഗം കളിക്കാറുണ്ടായിരുന്നു. അദ്ദേഹം ചരമമടഞ്ഞപ്പോൾ, ഗർഭിണിയായ രാജ്ഞിയല്ലാതെ രാജ്യം ഭരിക്കുവാൻ അവകാശികൾ ആരും ഉണ്ടായിരുന്നില്ല. അതിനാൽ താൻ താമസിയാതെ പ്രസവിച്ച ഷാ എന്ന രാജകുമാരനു പ്രായപൂർത്തി വരുന്നതുവരെ ആ രാജ്ഞിയാണു് സിന്ദിനെ ഭരിച്ചുവന്നതു്. ആ രാജകുമാരൻ പിതാവിനെപ്പോലെ യുദ്ധത്തിൽ അതിയായ താല്പര്യം കാണിച്ചുവന്നു. ഇങ്ങനെ യുദ്ധം ചെയ്തുകൊണ്ടിരിക്കുമ്പോൾ ഒരിക്കൽ ആ രാജകുമാരൻ യുദ്ധക്കളത്തിൽ വച്ചു മൃതിയടഞ്ഞു. ഈ ദുഃഖവാർത്ത രാജ്ഞിയെ ധരിപ്പിക്കുവാൻ ആർക്കും ധൈര്യം വന്നില്ല. ഒടുക്കം ഭലിതു് രാജാവിൻെറ ഒരു മിത്രവും, ചതുരംഗക്കളിയിൽ വിദഗ്ദ്ധനുമായ ഒരാൾ ആ കാര്യം നിർവ്വഹിക്കാം എന്നു് ഏററു. അദ്ദേഹം രാജ്ഞിക്കു് ചതുരംഗക്കളിയിൽ താല്പര്യം ജനിപ്പിക്കുകയും അവരുമായി കൂടക്കൂടെ ചതുരംഗം കളിക്കുകയും ചെയ്തു. ഇങ്ങനെ കളിച്ചുകൊണ്ടിരിക്കുമ്പോൾ ഒരിക്കൽ രാജ്ഞി അദ്ദേഹത്തിൻെറ ദേവനെ അടിയറവു വയ്പിച്ചു. ഉടനെ ആ സന്ദർഭം ഉപയോഗപ്പെടുത്തി രാജ്ഞിയുടെ പുത്രനും ഇങ്ങിനെ ഒരു ആപത്തു പററി എന്നു് അവരെ ധരിപ്പിച്ചു. പുത്രമരണം ഇങ്ങനെ അറിഞ്ഞു് രാജ്ഞി വളരെ ദുഃഖിച്ചു. എങ്കിലും, കളി മുഖേന അതു് അറിയുവാൻ ഇടവന്നതിനാൽ, അവരുടെ വ്യഥയുടെ തീക്ഷ്ണത അല്പം കുറഞ്ഞിരുന്നു.

ഭലിതിൻെറ രാജ്ഞി തൻെറ പുത്രൻെറ ചരമവാർത്ത ചതുരംഗം മുഖേന അറിഞ്ഞതിനെ പററി മുകളിൽ വിവരിച്ചതിൽ നിന്നു വ്യത്യാസ

പ്പെട്ട മറെറാരു കഥയുമുണ്ട്. അതിനെ ചുവടെ വിവരിക്കുന്നു. മരിക്കുന്നതിനു മുമ്പ് ഭലിതു് കേവലം ഒരു ബാലനായ തൻെറ പുത്രൻ ഗൌവ്വിനെ പിൻഗാമിയായി നിർദ്ദേശിച്ചിരുന്നു. അദ്ദേഹത്തിൻെറ മരണാനന്തരം മന്ത്രിമാർ അദ്ദേഹത്തിൻെറ അനുജനായ ഡംബീരനെ ഗൌവ്വിനു പ്രായപൂർത്തി വരുന്നതുവരെ റീജൻറായി നാടുവാഴാൻ നിയോഗിക്കുകയുണ്ടായി. ഡംബീരൻ പരേതനായ തൻെറ ജ്യേഷ്ഠൻെറ വിധവയെ കല്യാണം കഴിച്ചു. ഇതിൽ നിന്നു് താൽചന്ദ് എന്ന ഒരു പുത്രൻ അദ്ദേഹത്തിനു ജനിക്കുകയും ചെയ്തു. താൽചന്ദിൻെറ ജനനത്തിനു ശേഷം അധികം നാൾ കഴിയുന്നതിനു മുമ്പ് ഡംബീരൻ കാലധർമ്മം പ്രാപിച്ചതിനാൽ രാജ്ഞി റീജൻറായി ഭരിക്കുവാൻ തുടങ്ങി. പ്രായപൂർത്തി സമീപിച്ചതോടുകൂടി രാജ്ഞിയുടെ രണ്ടുപുത്രന്മാരും നിരന്തരം കലഹിച്ചു വന്നു. ഒടുക്കം ഈ കലഹം രണ്ടുപക്ഷക്കാരും തമ്മിലുള്ള ഒരു യുദ്ധത്തിൽ കലാശിച്ചു. യുദ്ധമദ്ധ്യേ താൽചന്ദിൻെറ പക്ഷക്കാർ അദ്ദേഹത്തെ ഉപേക്ഷിച്ചും വച്ചു കളത്തിൽ നിന്നു് ഓടിപ്പോയി. ഗജാരൂഢനായിരുന്ന താൽചന്ദ് തന്നെ ശത്രുസൈന്യം വളഞ്ഞിരിക്കുന്നതു കാണുകയും തന്നിമിത്തം ഉണ്ടായ നൈരാശ്യത്താൽ മരണം പ്രാപിക്കുകയും ചെയ്തു. പുത്രൻെറ മരണവിവരം അറിഞ്ഞപ്പോൾ, രാജ്ഞി പുത്രൻെറ ചിതയിൽ ചാടി ആത്മഹത്യ ചെയ്യുവാൻ നിശ്ചയിച്ചു. വളരെ പണിപ്പെട്ടതിനു ശേഷം മാത്രമേ ബന്ധുക്കൾക്ക് അവരെ അതിൽ നിന്നു വിരമിപ്പിക്കുവാൻ കഴിഞ്ഞുള്ളു. തൻെറ അനുജൻെറ മരണത്തിനു താൻ ഉത്തരവാദിയല്ലെന്നു മാതാവിനെ ധരിപ്പിക്കുവാൻ ഗൌ പലതവണയും ശ്രമിച്ചുവെങ്കിലും, അവർ അതു ശ്രവിക്കാതെ പുത്രനോടു് നിസ്സീമമായ വെറുപ്പ് പ്രദർശിപ്പിക്കുകയാണു ചെയ്തതു്. അനന്തരം താൽചന്ദ് മരിച്ചതു് എങ്ങിനെയാണെന്നു മതാവിനെ ധരിപ്പിക്കുവാനായി ആ രാജകുമാരൻ ചില പണ്ഡിതന്മാരെ നിയോഗിച്ചയച്ചു. ഇവരിൽ ഒരാൾ രാജ്ഞിക്കു ചതുരംഗത്തിൽ താല്പര്യം ജനിപ്പിച്ചു് അവരുമായികളിച്ചുതുടങ്ങി. ഒരിക്കൽ ഇങ്ങനെ കളിച്ചുകൊണ്ടിരുന്നപ്പോൾ രാജ്ഞിയുടെ ദേവനെ ആ പണ്ഡിതൻ അടിയറവു വയ്പിക്കുകയും, താൽചന്ദ് മരണമടഞ്ഞതു് ആ ദേവനു പററിയതുപോലെയുള്ള ഒരു അവസ്ഥയിലാണെന്നു് അവരെ ധരിപ്പിക്കുകയും ചെയ്തു. രാജ്ഞിക്കു ഇങ്ങനെ കാര്യം മനസ്സിലായപ്പോൾ, അവർ മൂത്തപുത്രനോടുള്ള വൈരം കൈവെടിഞ്ഞു.

# മാതാപിതാക്കന്മാർ വജ്ജിക്കേണ്ട ചില കാൎയ്യങ്ങൾ.

(N. S.)

എന്തു സാധനം നാം വാങ്ങുകയാണെങ്കിലും അതിനോടൊപ്പം തന്നെ അതു എങ്ങനെയാണുപയോഗിക്കേണ്ടതു് എന്നുള്ളതിനെപ്പററി വിവരിക്കുന്ന ചില നിർദ്ദേശങ്ങളും നമുക്കു് ലഭിക്കുന്നുണ്ടു്. ഒരു കാർ തന്നെ വാങ്ങുന്നുവെന്നിരിക്കട്ടെ, അതിനോടുകൂടി അതു് എങ്ങനെയാണു് ഉപയോഗിക്കേണ്ടതു്; കേടുപോക്കേണ്ടതു്; എന്നെല്ലാം വിവരിക്കുന്ന ഒരു പുസ്തകം കൂടി നമുക്കു കിട്ടും. അതുതന്നെയല്ല അതുകൊണ്ടു നടക്കാറാകണമെങ്കിൽ അതിനുള്ള ഒരു സാമൎത്ഥ്യപരീക്ഷണവും നടത്തണം. ഒരു ശിശു ഭൂമിയിലേക്കു ജനിക്കുന്നു. അതിൻെറ ജനനത്തിനു ഹേതുഭൂതരായവൎക്കു് അതിനെ ശരിയായി വളൎത്തേണ്ടതു് എങ്ങനെയാണു; എങ്ങനെയാണു് സംരക്ഷിക്കേണ്ടതു, എന്നുള്ളതിനു വേണ്ട നിർദ്ദേശങ്ങളൊന്നും ആ കുട്ടിയോടുകൂടി തന്നെ ലോകത്തിൽ വന്നു കാണുന്നില്ല. മാത്രമല്ല അതിൻെറ രക്ഷിതാക്കൾക്കു അതിനുവേണ്ട സാമൎത്ഥ്യമുണ്ടോ എന്നു ആരും പരീക്ഷിച്ചുനോക്കാറുമില്ല. കഷ്ടം! ഒരു ശിശുവിനെ ഒരു വ്യാപാരസാമാനത്തോളം പോലും നാം വിലവയ്ക്കുന്നില്ലന്നോ? മൃഗബുദ്ധി കുറെയൊക്കെ സഹായമായിരിക്കുമെന്നുള്ളതു് സമ്മതിക്കുന്നു. പക്ഷെ അതുകൊണ്ടു സിദ്ധിക്കുന്ന സാമൎത്ഥ്യം ഇപ്പോൾ വനാന്തരങ്ങളിൽ വസിക്കുന്ന നമ്മുടെ പൂൎവ്വികന്മാരുടെ സന്താനങ്ങളുടെ പരിതസ്ഥിതികൾക്കു മതിയായി എന്നു വരാം. കേവലം സഹജാവബോധം (instinct) കൊണ്ടു മാത്രം ജീവിതം നിയന്ത്രിക്കേണ്ട ഒരു പരിതസ്ഥിതിയല്ല നമുക്കു് ഇന്നുള്ളതു്. തൻെറ സഹജീവികൾക്കും തനിക്കും ചേൎന്ന അഭിലഷണീയമായ ഒരു പരിതസ്ഥിതി സൃഷ്ടിക്കുന്നതിനും തന്നാത്താൻ നയിക്കുന്നതിനും വേണ്ട ഒരു പരിശീലനം ശിശുവിനു ലഭിക്കേണ്ടിയിരിക്കുന്നു. ഇതിനു വേണ്ടതായ ശിക്ഷണം നമുക്കു വിദ്യാലയത്തിൽ നിന്നും, ഗൃഹത്തിൽ വച്ചു മാതാപിതാക്കന്മാരിൽ നിന്നുമാണു ലഭിക്കുന്നതു്. രക്ഷിതാക്കളിൽ നിന്നും ശിശുക്കൾക്കു സിദ്ധിക്കേണ്ട ശിക്ഷണത്തേ സംബന്ധിച്ചു അവൎക്കുള്ള ചില നിർദ്ദേശങ്ങളാണു് താഴെ കൊടുക്കുന്നതു്.

ശിശുക്കൾക്കു് ഒരിക്കലും ആശാഭംഗത്തിനു് ഇടയാക്കരുതു്. ശിശുശിക്ഷണവിഷയത്തിലും അനുനയം പ്രയോഗിക്കാവുന്നതാണു്. കുട്ടികളെ നിയന്ത്രിക്കുന്ന വിഷയത്തിലുണ്ടാകുന്ന ദുർഘടഘട്ടങ്ങളിൽ

ഏറ്റവും പങ്കം മാതാപിതാക്കന്മാരുടെ മനോധർമ്മം പ്രയോഗിക്കാതിരിക്കുന്നതുകൊണ്ടുണ്ടാകുന്നതാണ്. ദുഘടങ്ങൾ ഉണ്ടാകാവുന്ന പരിതസ്ഥിതികളിലേക്കു അവർ ശിശുക്കളെ നയിക്കുകയോ നയിക്കപ്പെടാൻ ഉള്ള അവസരങ്ങൾ സൃഷ്ടിക്കയോ ചെയ്യുന്നു. പക്ഷേ പിന്നീടു തങ്ങളുടെ ശിശുക്കൾ കുണ്ടാമണ്ടിക്കാരായി തീരുന്നതു കാണുമ്പോൾ അവർ വിഷമിക്കുകയോ അത്ഭുതപ്പെടുകയൊ ചെയ്യും. ശിശു വാസനകളുടേയും വികാരങ്ങളുടേയും ഒരു സമാഹൃതരൂപമാണെന്നുള്ളതു രക്ഷാകർത്താക്കന്മാർ മനസ്സിലാക്കണം. ആ വികാരങ്ങളും വാസനകളും അവർ ഏതെങ്കിലും ഒരുതരത്തിൽ പ്രകടിപ്പിക്കും. ഇത്രത്തോളം രക്ഷാകർത്താക്കന്മാർ മനസ്സിലാക്കിക്കഴിഞ്ഞാൽ മററുള്ളവരുടെ സ്വൈരജീവിതത്തിനും നന്മയ്ക്കും വിരുദ്ധമായ വഴികളിലേക്കു ശിശുക്കളുടെ ചേഷ്ടകൾ തിരിയാതിരിക്കുന്നതിനു വേണ്ട അവസരങ്ങൾ അവർ തേടിപ്പിടിക്കേണ്ടതാണ്. മുറിക്കകത്തു നിന്നും കുട്ടികൾ പന്തുകളിക്കുന്നു. പന്തടിച്ചു കുട്ടി ചുവരിൽ തൂക്കിയിരിക്കുന്ന പടം പൊട്ടിച്ചു അല്ലെങ്കിൽ നിലത്തു വച്ചിരുന്ന സ്ഫടികപ്പാത്രം പൊട്ടിക്കുന്നു. അപ്പോൾ രക്ഷാകർത്താവിനു ദേഷ്യം വരുന്നു. കുട്ടിയെ ശാസിക്കുന്നു. ഇതിലും എത്രയോ നന്നായിരുന്നു കുട്ടികളെ മുറിക്കകത്തുനിന്നു പന്തുകളിക്കുന്നതു് തെററാണെന്നു മനസ്സിലാക്കിയിരുന്നുവെങ്കിൽ! കൂടാതെ കുട്ടികൾക്കു കളിക്കാനും ഓടാനും മററുമായി പ്രത്യേകസ്ഥലങ്ങൾ ഉണ്ടാക്കിക്കൊടുക്കുന്നതിലും മാതാപിതാക്കന്മാർ ശ്രദ്ധിക്കേണ്ടതാണ്. എത്താത്ത സാമാനങ്ങൾ എടുക്കുന്നതിനു മുകളിൽ കയറുക; മേശവിരിപ്പു വലിച്ചുകളയുക, തീപ്പെട്ടി, പേനാക്കത്തി, കത്തിര മുതലായതെടുത്തു കളിക്കുക, ചുവരിന്മേൽ കരികൊണ്ടു വരയ്ക്കുക, മുതലായതെല്ലാം ശിശുക്കളുടെ പ്രകൃതി അനുസരിച്ചുള്ള ചേഷ്ടകളാണെങ്കിലും അഭിലഷണീയങ്ങളല്ല തന്നെ. ഇത്തരം പ്രവൃത്തികളെ നമുക്കു രണ്ടുതരത്തിൽ നിരോധിക്കാം. ഒന്നാമതായി ഇത്തരത്തിലുള്ള ചേഷ്ടകൾക്കു നിരുപദ്രവങ്ങളായ മാർഗ്ഗങ്ങൾ ഉണ്ടാക്കിക്കൊടുക്കണം. രണ്ടാമതായി അരുതെന്നു വിലക്കിട്ടുള്ള കാര്യങ്ങൾ അവരുടെ മുമ്പിൽ വച്ചു കാണിച്ചു അവരെ അതിലേക്കു പ്രേരിപ്പിക്കരുതു്. ശിശുവിൻെറ ശീലങ്ങളും സ്വഭാവങ്ങളും ജനിക്കുമ്പോൾ തന്നെ ഉള്ളതല്ല. അതെല്ലാം പിന്നീടു വളരുമ്പോൾ ഉണ്ടാകുന്നതാണ്.

കാര്യം കൂടാതെ കുട്ടികളെ ഒരിക്കലും ശിക്ഷിക്കരുതു്. ശിക്ഷ ചെയ്തുപോയ തെററിനെ ശരിപ്പെടുത്തുന്നതിനുള്ളതായിരിക്കണം. അതു് ഒരിക്കലും പ്രതികാരബുദ്ധിയോടുകൂടിയതായിരിക്കരുതു് എന്നാണ് പരിഷ്കൃതജനങ്ങളുടെ അഭിപ്രായം. തെററു ചെയ്തതിനല്ല മേലാൽ

ആ തെററു ചെയ്യാതെ നല്ലതു ചെയ്യാനായിരിക്കണം നാം ഒരു
ശിശുവിനെ ശിക്ഷിക്കുന്നതു്. അപ്പോൾ ചെയ്ത തെററുകളുടെ കൂടു
തൽ കുറവനുസരിച്ചുള്ള ശിക്ഷാരീതിയെക്കാൾ ശിശുവിൻെറ വളർച്ചയാ
യിരിക്കണം നമ്മുടെ ശ്രദ്ധയ്ക്കു വിഷയീഭവിക്കേണ്ടതു്. മററുതരത്തിൽ പറ
ഞ്ഞാൽ ശിക്ഷ ഭാവിയെ ഉദ്ദേശിച്ചായിരിക്കണം; കഴിഞ്ഞതിനെ ഉദ്ദേശി
ച്ചായിരിക്കരുതു്. ഇക്കാര്യം ശരിക്കു ബോദ്ധ്യം വന്നാൽ കോപം ഒരിക്ക
ലും അനുയോജ്യമല്ലെന്നു കാണാം. അതു് നിഷ്പ്രയോജനമെന്നല്ല ദോ
ഷകരവുമാണു്. സൂക്ഷ്മഗ്രഹണത്തിനും കാര്യാകാര്യവിവേചനത്തിനും
ഉള്ള പ്രാപ്തിയെ അതു് ഇല്ലാതാക്കുന്നു. നീതീകരിക്കാൻ വയ്യാത്ത നടപ
ടികൾക്കും വാക്കിനും അതു് ഇടം നൽകുന്നതാണു്. പ്രായമായവരുടെ
വിവേകത്തിലും മനശ്ശുദ്ധിയിലും ശിശുക്കൾക്കുള്ള വിശ്വാസവും തന്നിമി
ത്തം നഷ്ടമായി ഭവിക്കുന്നു. എന്നുമാത്രമല്ല ശിശുക്കളെ തൃപ്തിപ്പെടുത്തു
ന്നതിനൊ സന്തോഷിപ്പിക്കുന്നതിനൊ ഉള്ള ശ്രമങ്ങളെ നിഷ്ഫലമാക്കുന്നതി
നു് അതു ഹേതുവായി ഭവിക്കുന്നതാണു്. കുററം ചെയ്തതിനെപ്പററി പ
ശ്ചാത്താപം കുട്ടികളിൽ ജനിപ്പിക്കണം. പക്ഷെ അതു് ഒരിക്കലും ത
ന്നെ കണ്ടുപിടിച്ചല്ലൊ എന്നുള്ള വിചാരംകൊണ്ടായിരിക്കരുതു്. തെററു
ചെയ്തുപോയല്ലൊ എന്നുള്ള ബോധംകൊണ്ടായിരിക്കണം. "ഒച്ചയുണ്ടാ
ക്കരുതു്" "മിണ്ടരുതു്" എന്നും മററും ശിശുക്കൾക്കു നിരോധനാജ്ഞ
കൊടുക്കുന്ന രക്ഷിതാക്കൾക്കു മനോധർമ്മം തൊട്ടുതെറിച്ചിട്ടേയില്ല!

കുഞ്ഞുങ്ങളുടെ പ്രസരിപ്പു കെടുത്തിയാലേ അവർ മര്യാദക്കാരായി
വരുകയുള്ളുവെന്നു ചിലക്കു അഭിപ്രായമുള്ളപോലെ തോന്നുന്നു. അങ്ങ
നെയുള്ളവക്കു തങ്ങളുടെ ശിശുക്കൾ പ്രസിദ്ധന്മാരാകണമെന്നൊ നന്നാ
യി വരണമെന്നൊ ആഗ്രഹമില്ല. അവർ അടങ്ങിയൊതുങ്ങി ജീവിച്ചാൽ
മാത്രം മതി. നിരാകൃതമായ പിതൃരക്ഷാധികാരതത്വത്തെ പുനസ്ഥാപി
ക്കുവാനുള്ള ഒരായുധമായി അവർ ശിക്ഷയെ ഗണിക്കുന്നു. എല്ലാവിധ
ത്തിലും എല്ലാക്കാര്യത്തിനും ഉതകുന്ന ഒരു ഉപകരണമാണു് അവക്കു ശി
ക്ഷ. ശിശുക്കളിൽ കാണുന്ന ഭയം ശരിയായ ശിക്ഷണത്തിനു പ്രത്യക്ഷ
വിരുദ്ധമാണു്. ആലോചന കൂടാതെയുള്ള മദ്ദനംകൊണ്ടും അനാവശ്യ
മായ നിരോധം കൊണ്ടും ഉണ്ടാകുന്ന വിഷമതകൾ അനവധിയാണു്.
ശിശുവിൻെറ ജീവിതം മുഴുവനും—അയാൾ വലുതായി വാദ്ധക്യം വന്നു
മരിക്കുന്നതുവരെ കുട്ടിക്കാലത്തെ മാതാപിതാക്കന്മാരുടെ ക്രൂരതയുടേയും
വളത്തുന്നതിലുള്ള കുഴപ്പത്തിൻേറയും മാലിന്യം നിലനില്ക്കുന്നതാണു്.

വാത്സല്യം കൊണ്ടു് ചില മാതാപിതാക്കന്മാർ കുഞ്ഞുങ്ങളെ അ
ത്യധികം ലാളിക്കാറുണ്ടു്. ഇതു് അഭിലഷണീയമല്ല. കാരണം കൂടാതെ

കുട്ടികളെ ശിക്ഷിക്കുന്ന ചില മാതാപിതാക്കന്മാർ അവരെ ലാളിക്കുന്നതിലും ആസക്തി കാണിച്ചുവരുന്നുണ്ട്. പ്രഹരത്തിൽ തുടങ്ങി ചുംബനത്തിലും ചെവിക്കു പിടിക്കലിൽ തുടങ്ങി ആശ്ലേഷത്തിലും അവരുടെ ബാലപരിചരണം അവസാനിക്കുന്നു. തങ്ങളുടെ മാതാപിതാക്കന്മാൎക്ക് തങ്ങളോടുള്ള വാത്സല്യമോ മനോഭാവമോ എന്താണെന്നു തന്മൂലം ശിശുക്കൾക്കു യാതൊരു ബോധവുമുണ്ടാകാനിടയില്ലാതായിത്തീരുന്നു. അതുപോലെ ദയയുടെ അത്യാധിക്യം കൊണ്ടു—"ഇല്ല" എന്നു പറഞ്ഞാൽ ഉണ്ടാകാവുന്ന ദോഷത്തെ നിവാരണം ചെയ്യുന്നതിനു ത്രാണിയില്ലാത്തതുകൊണ്ടു—കുഞ്ഞുങ്ങളെ ചീത്തയാക്കുന്ന മാതാപിതാക്കന്മാരുമുണ്ട്. ആ അസുഖത്തിൽ നിന്നും ഒഴിയുന്നതിനു കൂടുതൽ മധുരപലഹാരങ്ങൾക്കും, കൂടുതൽ കളിക്കുന്നതിനും; പുതിയ തരം കളിപ്പാട്ടങ്ങൾക്കും വേണ്ടിയുള്ള കരച്ചിലിന്നു ശമിപ്പിച്ചു ആഗ്രഹം സാധിച്ചുകൊടുക്കാറുണ്ട്. പക്ഷെ അതിന്റെ ദുരന്തം പിന്നീടാണ് അറിയുക. യഥാസമയം യഥാൎത്ഥം ഒരു ശിക്ഷ നൽകുന്നതുകൊണ്ട് ശരിയായ പ്രയോജനമുണ്ടാകുന്നതാണ്. സാധാരണ നിഷിദ്ധമായി ഗണിക്കപ്പെട്ടുന്ന കായിക ശിക്ഷപോലും നല്ല മാൎഗ്ഗങ്ങൾ വിഫലങ്ങളായാൽ സ്വീകരിക്കേണ്ടിവരും. ഈ ചുമതലയെ സ്വയം ത്യജിക്കുന്നതുകൊണ്ടു ഗൗരവമേറിയ അനന്തരഫലങ്ങൾ ഉണ്ടാകുന്നതാണ്. പ്രകൃതിയിലെ പരുഷങ്ങളായ യാഥാൎത്ഥ്യങ്ങളെ നേരിടാതെ രക്ഷിക്കപ്പെട്ടുവരുന്ന ഒരു വസ്തു അവയെ നേരിടേണ്ടിവരുമ്പോൾ പെട്ടെന്നു പരാജയപ്പെടുകയേ ഉള്ളൂ. വാത്സല്യനിധികളായ രക്ഷിതാക്കൾ തങ്ങളുടെ വാത്സല്യഭാജനങ്ങളോടു ചെയ്യുന്ന തെററിനെപ്പററി ഒന്നും തന്നെ അറിയുന്നില്ല. അല്ലെങ്കിൽ അവരുടെ ശ്രദ്ധയേയും വികാരങ്ങളേയും നല്ല മാൎഗ്ഗങ്ങളിലേക്കു തിരിച്ചു വിടുകയൊ അവരുടെ പ്രവൃത്തിയുടെ തെററിനെ അവൎക്കു ബോദ്ധ്യപ്പെടുത്തികൊടുക്കുകയോ ചെയ്യുമായിരുന്നു. അപ്പോൾ അയാളുടെ അനുഗ്രഹങ്ങൾ അത്യന്താ സൂക്ഷ്മതയോടെ നൽകപ്പെടുകയൊ അവ വെറും പ്രലോഭനങ്ങളായി പരിണമിക്കാതിരിക്കാൻ അയാൾ ശ്രദ്ധിക്കുകയോ ചെയ്യും. മനക്കരുത്തില്ലായ്മയെ പുരോഗമനത്വമായി ഗണിക്കുന്ന ഒരു മനഃസ്ഥിതി ഇപ്പോൾ ഉണ്ടായിത്തീൎന്നിരിക്കുന്നു. എല്ലാ വാസനകളേയും ആഗ്രഹങ്ങളേയും പ്രകടിപ്പിക്കേണ്ടവയല്ല. ചിലവയെ മററു മാൎഗ്ഗങ്ങളിലേക്കു തിരിക്കേണ്ടതാണ്. മററു ചിലവയെ പരിശുദ്ധമാക്കണം. ഇനി ചിലവയെ നിരോധിക്കേണ്ടതുമുണ്ട്. എന്തു എപ്പോൾ ചെയ്യണമെന്ന് അറിയാവുന്ന രക്ഷാകൎത്താവ് തീൎച്ചയായും ബുദ്ധിമാനാണ്. ശിശുക്കളിലുള്ള മൃഗീയ സ്വഭാവം നശിപ്പിച്ചു അവരെ മനുഷ്യസമുദായത്തിലെ യോഗ്യരായ അംഗങ്ങളായി തീരുവാൻ സഹായിക്കണം. അതാണ് രക്ഷാകൎത്താക്കന്മാരു

ടെ ചുമതല. ഒററയ്ക്കുള്ള ശിശുവിൻെറ കാര്യം മാതാപിതാക്കന്മാരെ സംബന്ധിച്ച കുറച്ചു വിഷമമേറിയതാണ്. അതു സ്വാഭാവികവുമാണല്ലോ. വീട്ടിലായാലും വിദ്യാലയത്തിലായാലും അയാൾക്കു തുല്യന്മാരുമായി സഹവാസം ചെയ്യാൻ അനുവദിക്കുക; നമ്മുടെ ഉൽകണ്ഠയും മനക്ഷോഭവും അയാൾക്ക് ഉപദ്രവകരമാണെന്നു എപ്പോഴും അയാൾക്കു ബോധമുണ്ടാക്കുക ഇതെല്ലാമാണ് അതിനുള്ള പോംവഴികൾ. കളിപ്പാട്ടമായിട്ടല്ല ഒരുന്യാസം—നിക്ഷേപമായിട്ടാണ്—ഒരു ശിശു മാതാപിതാക്കന്മാരെ ഏല്പിക്കപ്പെട്ടിരിക്കുന്നതു്.

അസംഭാവ്യമായിട്ടുള്ളതിനെ രക്ഷിതാക്കന്മാർ ഒരിക്കലും ആശിക്കരുതു്. തങ്ങളുടെ മധുവിധുകാലത്തെ സ്വപ്നങ്ങളൊന്നും സഫലമായില്ലല്ലോ എന്നു സന്താനങ്ങളെക്കുറിച്ച് പല മാതാപിതാക്കന്മാരും സന്തപ്തരാകാറുണ്ടു്. പ്രായമായവരുടെ ബുദ്ധിസാമർത്ഥ്യവും മററും ശിശുക്കൾ പ്രദർശിപ്പിക്കുന്നില്ലല്ലോ എന്നും മധുവിധുസ്വപ്നങ്ങളൊന്നും സഫലമായില്ലല്ലോ എന്നും ചിലർ ഖേദിക്കാറുണ്ടു്. ചിലർക്കുള്ള സങ്കടം തങ്ങളുടെ ശിശുക്കൾ തങ്ങളെപ്പോലെതന്നെ ആയില്ലല്ലോ എന്നാണ്. ഈ സുഖക്കേടിനുള്ള പ്രതിവിധി യാഥാർത്ഥ്യങ്ങളെ അഭിമുഖീകരിക്കുകയും പ്രകൃതി നിയമങ്ങളെ മനസ്സിലാക്കുകയുംചെയ്യുകയാണ്. നമ്മുടെ ചെറുപ്പക്കാലം പലർക്കും കുററമററതായി തോന്നാറുണ്ടു്. അതു് സ്വാഭാവികവുമാണ്. ഇക്കരനിക്കുമ്പോൾ അക്കരപച്ചയാണല്ലോ. ഇത്തരത്തിലുള്ള ഒരു വ്യാമോഹാവസ്ഥയിൽ ഇപ്പോൾ കാണുന്നതൊന്നും വേണ്ട വിധത്തിലല്ലെന്നു തോന്നാം. ഈ അവസരത്തിൽ ഒരു കാര്യം ഓർമ്മിക്കുന്നതു് നന്നായിരിക്കും. കുഞ്ഞുങ്ങൾ എല്ലാം മൃഗസ്വഭാവത്തോടുകൂടിയവരാണെന്നും ആ സ്വഭാവം എങ്ങനെയായാലും അവർ പ്രകടിപ്പിക്കുമെന്നും, അവർക്കു ചില സ്വഭാവദൂഷ്യങ്ങൾ സ്വാഭാവികമായിതന്നെ കാണുമെന്നും അതിനെല്ലാം വേണ്ട പരിഹാരം നേടുകയാണു വേണ്ടതെന്നും ശാസിച്ചതുകൊണ്ടോ പ്രഹരിച്ചതുകൊണ്ടോ ഒരിക്കലും അവർക്കു പ്രായമായവരുടെ സ്വഭാവം വരികയില്ലെന്നും രക്ഷാകർത്താക്കന്മാർ ധരിക്കണം. ആലോചനകൂടാതുള്ള അനുസരണശീലം ഒരിക്കലും ശിശുക്കൾക്ക് ഉണ്ടാവരുതു്. അതു മാത്രം പോരാ; ശിശുക്കൾക്ക് വിവേചനാശക്തിയുണ്ടായിത്തുടങ്ങിയാൽ അനുസരണശീലത്തിൽ അതു് കുറേശ്ശെ ഉപയോഗിക്കുവാൻ കൂടി പഠിപ്പിക്കണം. ഇക്കാലത്തു മാതാപിതാക്കന്മാരെ വിഷമിപ്പിക്കുകയും ക്ലേശിപ്പിക്കുകയും ചെയ്യുന്ന പല സ്വഭാവങ്ങളും ശിശുക്കൾക്കു തൻേറടം വരുന്നതോടു കൂടി ഇല്ലാതാകും. അതുകൊണ്ടു ദുസ്സ്വഭാവം കാണിക്കുന്നു എന്നുള്ള കാരണംകൊണ്ട് വളരെ ഹ്രസ്വമായ കൗമാരകാലത്തിൽ ശിശുക്കളെ വിഷമിപ്പിക്കേണ്ട ആവ

ശ്യമില്ല. ആദ്യത്തെ സന്താനത്തെ ഇക്കാര്യത്തിൽ മാതാപിതാക്കന്മാരിൽ നിന്നും രക്ഷിക്കണം എന്നുതന്നെ പറയേണ്ടിയിരിക്കുന്നു.

നിവൃത്തിയുള്ളിടത്തോളം കുട്ടികളെ "അരുതെ"ന്നു വിലക്കരുതു്. അവർ എന്തുചെയ്താലും, എവിടെ പോയാലും അവിടെയെല്ലാം ഉണ്ടു് "അരുതെ"ന്നു് ആജ്ഞ പുറകെ. ആ കുഞ്ഞിനു ഇതുതാനാഭ്രലോകം എന്നു തോന്നിപ്പോവുകയില്ലെ. തങ്ങളെ ഏതുസമയത്തും പിൻതുടരുക; എല്ലാത്തിനും പ്രതിബന്ധം പറയുക ഇതെല്ലാംകൊണ്ടുo പ്രായമായവർ തങ്ങളുടെ ശത്രുക്കളാണെന്നുപോലും അവൎക്കു തോന്നും. ഈ വിഷമാവസ്ഥ വലിയവൎക്കും ശിശുക്കൾക്കും ഒരുപോലെ ഉപദ്രവകരമാണു്. "ചെളിയിലിറങ്ങി ഉടുപ്പു് ചീത്തയാക്കരുതു്. ചെളിയാക്കിയാൽ ഞാൻ അടിക്കും." എന്നു ആജ്ഞാപിക്കുന്നതിനേക്കാൾ ഭേദം ഒരു നല്ല കുപ്പായവും കളിക്കാൻ ഒരു ചെളിക്കട്ടയും കൊടുക്കുന്നതായിരിക്കും. അതുപോലെ "അതു തിന്നാൻ കൊള്ളുകയില്ല. തിന്നരുതു്." എന്നു പറയുന്നതിനേക്കാൾ തിന്നാൻ നല്ല സാധനമേ അതിനു് കൊടുക്കുകയുള്ളു എന്നു വയ്ക്കുകയാണു് അരുതെന്നു് ആജ്ഞാപിക്കരുതു്. അങ്ങനെ ചെയ്താലുള്ള ദൂഷ്യം മനസ്സിലാക്കി വേണ്ട നിർദ്ദേശങ്ങൾ കൊടുക്കണം. അരുതെന്നു പറയുന്നതു് ചെയ്യുന്നതിനാണു് മനുഷ്യൎക്കു് താല്പര്യം. കുട്ടികൾ എങ്ങനെ അതിനു വ്യത്യസ്തരാകും? അതുകൊണ്ടു് കുട്ടികൾ എടുത്തു കളിച്ചാൽ അപകടമില്ലാത്ത സാധനങ്ങൾ കളിക്കാൻ അവരെ ഏല്പിക്കുക; ചെയ്യാവുന്നതു ചെയ്യിക്കുക; ഇങ്ങനെയായാൽ ആ ശിശുവിന്റെ ജീവിതം ആനന്ദമയമായിരിക്കും. എന്നു തന്നെയല്ല ആ ശിശുവിനു് പിൽകാലത്തു ജീവിതത്തിനു ഉപകരിക്കാവുന്ന പരിചയങ്ങളും ലഭിക്കുന്നതാണു്. കുഞ്ഞുങ്ങൾക്കു ചെയ്യുവാൻ ആഗ്രഹവും രസവും ഉള്ള ജോലികൾ അവൎക്കു കൊടുക്കണം. ഇതും ഈ വിഷമാവസ്ഥയ്ക്കു ഒരു പോംവഴിയാണു്. മാതാപിതാക്കന്മാർ അവരുടെ ജീവിതത്തിലും ഒരു ചിട്ടയും വ്യവസ്ഥയും ഏൎപ്പെടുത്തണം. ശിശുക്കളും അതുകണ്ടു പഠിച്ചുകൊള്ളും. "കോഴിക്കും കുലത്തയ്ക്കും കണ്ടതു ശീലം." അങ്ങനെയായാൽ അതുകണ്ടില്ലെന്നും, ഇതു പൊട്ടിച്ചുവെന്നുംമററുമുള്ള പരാതി അധികം ഉണ്ടാകയില്ല. കുട്ടികളുടെ തെററുകൾ തിരുത്തി തെററു കൂടാതെ നടക്കാൻ പ്രാപ്തരാക്കണം. അതാണു രക്ഷകന്മാരുടെ ചുമതല. പിൽകാലത്തു പൂൎണ്ണസ്വാതന്ത്ര്യം അനുവദിക്കപ്പെടേണ്ടവൎക്കു ചില വിഷയങ്ങളിലെങ്കിലും ഇപ്പോൾ സ്വാതന്ത്ര്യം വേണ്ടതാണു്. രക്ഷകന്മാരുടെ കീഴിലാണു് ആ സ്വാതന്ത്ര്യജീവിതത്തിനു വേണ്ട പരിശീലനം ലഭിക്കാൻ പററിയ സമയവും സന്ദൎഭവും.

ഒരു കാര്യം പറഞ്ഞു് ഈ ലേഖനം അവസാനിപ്പിക്കാം. സ്നേഹം, ആദരവു്, മമത ഈ വികാരങ്ങളാണു്, നിയന്ത്രണത്തിനുവേണ്ട പിൻബലംനൽകുന്നതു്. സേവനത്തിനും, ത്യാഗത്തിനും ഉള്ള സന്നദ്ധതയാണു ഗൃഹജീവിതത്തിൻെറ അടിക്കല്ലു്. സ്നേഹം, വിശ്വാസം, ദയ ഈ വികാരങ്ങളെക്കൊണ്ടു് മാതാപിതാക്കന്മാൎക്കു ശിശുക്കളെ നിയന്ത്രിക്കാൻ കഴിഞ്ഞാൽ അതാണു് അവരുടെ വിജയം. ശിശുക്കളെ നിയന്ത്രിച്ചു അടക്കിയൊതുക്കിവയ്ക്കുന്നതിലല്ല കാര്യം; അവരെ ധീരന്മാരും, ശക്തന്മാരും, ധൎമ്മനിരതന്മാരും ആയ യഥാൎത്ഥ പൗരന്മാരാക്കണം. അതാണു് വേണ്ടതു്. നല്ലനടപ്പല്ല സൽസ്വഭാവം ഉളവാക്കണം അതാണു് ശരിയായ ഗൃഹപരിചരണം. മാതാപിതാക്കന്മാരുടെ സ്വഭാവം, ആചാരങ്ങളും നടപടികളുമല്ല ശിശുവിൻെറ സ്വഭാവരൂപീകരണത്തിൽ പ്രാധാന്യം അൎഹിക്കുന്നതു്. നിയന്ത്രണത്തെപ്പററി സാധാരണ പ്രസംഗിക്കുന്നവരുടെ സന്താനങ്ങൾ യാതൊരുനിയന്ത്രണത്തിനും വിധേയരല്ലെന്നുള്ളതാണു് കഷ്ടം.

## വാഗ്ഭടാനന്ദഗുരുക്കളുടെ വാചാടത്വം.

(കലിയുഗഭീമൻ.)

വ്യാകരണസാഹിത്യശിരോമണി, ശ്രീമാൻ, പി. കൃഷ്ണൻനായരവർകളുടെ 'കാവ്യജീവിതവൃത്തി'യെന്ന അലങ്കാരഗ്രന്ഥത്തിന്നു പല നിരൂപണങ്ങളും പുറത്തുവന്നു കാണുകയുണ്ടായി. ഇനിയും ചിലതു വരാനുണ്ടായിരിക്കാം. സാരവത്തുക്കളും തത്വപ്രതിപാദകങ്ങളുമായ ഗ്രന്ഥങ്ങൾക്കൊക്കെയും പലതരത്തിൽ നിരൂപണങ്ങളുണ്ടാവുക പതിവാണു്. ആ വക നിരൂപണങ്ങൾ—മണ്ഡനപരങ്ങളോ ഖണ്ഡനപരങ്ങളോ ഏതായാലും ശരി—താദൃശ ഗ്രന്ഥങ്ങളുടെ ഗൌരവത്തിന്നു മാററു കൂട്ടുകയല്ലാതെ കുറയ്ക്കുകയില്ലതാനും. 'നഹിനിന്ദാ'ന്യായേനഖണ്ഡനം കൂടി സ്തുത്യഭാഗങ്ങളുടെ മണ്ഡനത്തിലാണല്ലോ പൎയ്യവസാനിക്കുക.

"കേചിൽജ്വലന്തിവികസന്ത്യപരേനിമീല-
ന്ത്യന്യേയദഭ്യുദയഭാജിജഗൽപ്രദീപേ"

എന്നു മഹിമഭട്ടൻ നിൎദ്ദേശിച്ചിരിക്കുന്ന പ്രകാരം, ഇതുവരെ പുറ

ത്തുവന്നിട്ടുള്ള കാവ്യജീവിതവൃത്തിനിരൂപണങ്ങളൊക്കെയും പ്രായേണ, ജ്വലനരൂപവും വികസനരൂപവും മീലനരൂപവുമായി തരം തിരിക്കാമെന്നാണ് തോന്നുന്നതു്. 'ഹിന്ദു' പത്രത്തിലുണ്ടായിരുന്ന പി. എസ്. അനന്തനാരായണശാസ്ത്രികളുടെ നിരൂപണം ജ്വലനരൂപമായി അതായതു ചിത്തജ്വലനകാര്യമായി ഗണിക്കാവുന്നതാണ്. താദൃശചിത്തജ്വലനം,

* "കിമവേക്ഷ്യഫലംപയോധരാൻ
ധ്വനതഃപ്രാർത്ഥയതേമൃഗാധിപഃ
പ്രകൃതിഃഖലുസാമഹീയസാം
നസഹന്തേന്യസമുന്നതിംയയാ"

എന്ന സൂക്തിപ്രകാരം, ഒരു തരം മഹാന്മാരുടെ രജോഗുണപ്രധാനന്മാരായ തേജസ്വികളുടെ—പ്രകൃതിസിദ്ധമായ ഗുണവിശേഷമാണെന്നു വിചാരിക്കാം.

'കോട്ടയം' മനോരമ, കോഴിക്കോടൻ മനോരമ, ദീപം, രാജർഷി, മെയിൽ, ഇന്ത്യൻ എക്സ്പ്രസ്സ്, ഇന്ത്യൻപെൻ, സഞ്ജയൻ എന്നിവയിലെ നിരൂപണവും പ്രഫ്സർ പി. ശങ്കരൻനമ്പ്യാർ അവർകളുടെ നിരൂപണവും വികസനരൂപമാണെന്നു പറയാം. ഈ വക വികസനം മറെറാരു തരം മഹാത്മാക്കളുടെ—സത്ത്വഗുണപ്രധാനന്മാരായ മഹാനുഭാവന്മാരുടെ—പ്രകൃതിക്കനുഗുണമാകുന്നു. ഇതുകൊണ്ടു വികസനപ്രകാരത്തിൽ ദോഷാവിഷ്കരണം പാടില്ലെന്നു അർത്ഥമാക്കേണ്ടതില്ല. അതു നിർമ്മത്സരബുദ്ധിയോടു ചെയ്യുന്ന സ്വാഭിപ്രായപ്രകടനമായിരിക്കണമെന്നേയുള്ളു. ആ വക സ്വാഭിപ്രായപ്രകടനം "മെയിൽ," "സഞ്ജയൻ" എന്നിവയിലെ നിരൂപണത്തിലും ശങ്കരൻ നമ്പ്യാർ അവർകളുടെ നിരൂപണത്തിലും കാണാം.

മാതൃഭൂമി പത്രത്തിലും കൈരളിസഞ്ചികയിലും ഉണ്ടായിരുന്നതാണ് മീലനരൂപത്തിലുള്ള നിരൂപണം. മാതൃഭൂമിയിലേതു ഭീരുതയാലും കൈരളിയിലേതു അസൂയയാലും കലുഷിതമായിട്ടാണിരിക്കുന്നതു്. ഈ രണ്ടിലേയും നിരൂപകന്മാർ ആത്മനിഗ്രഹനം ചെയ്യുന്നതോടുകൂടി അവരുടെ ആശയഗതിക്കു വിരുദ്ധമായി തെളിഞ്ഞു പ്രകാശിക്കുന്ന പല വിഷയങ്ങളുടേയും നേർക്കു് അവർ കണ്ണു ചിമ്മിക്കളയുന്നുണ്ടുതാനും.

എന്നാൽ ഈയിടെ മാതൃഭൂമിയുടെ ആഴ്ചപ്പതിപ്പിൽ ചേർത്തിരിക്കു

* എന്തുഫലം പ്രതീക്ഷിച്ചിട്ടാണ് സിംഹം, ശബ്ദിക്കുന്ന മേഘങ്ങളെ അഭിമുഖം ആക്രമിക്കുന്നതു-എതിരായി ഗർജ്ജിക്കുന്നതു്? അന്യസമുന്നതിയാതൊന്നുകൊണ്ടു സഹിക്കുന്നില്ലയോ അതാണ് മഹീയസ്സുകളുടെ പ്രകൃതി.

ന്ന വാഗ്ഭടാനന്ദഗുരുക്കളുടെ ആക്ഷേപമാകട്ടെ, ഇവയിൽ നിന്നെല്ലാം വിലക്ഷണമായിട്ടാണു കാണുന്നതു്. അഹങ്കാരോദ്ധതമായ അജ്ഞതാ വിജൃംഭണമാകയാൽ അതു മീലനപ്രകാരത്തിൽ അന്തർഭവിക്കയില്ല. അശ്ലീലമയമാകയാൽ ഉജ്ജ്വലനരൂപമാണെന്നും പറക വയ്യ. അശ്ലീലഭാഷണം തീരെ നീചന്മാർക്കല്ലാതെ തേജസ്വികളോ സാത്വികന്മാരൊ ആയ മഹാന്മാർക്ക് ചേരുമോ? ആകയാൽ വികസനത്വചിന്തയ്ക്കും അവകാശമില്ല. വാഗ്ഭടാനന്ദഗുരുക്കളുടെ ആ നിരൂപണം കാണാനിടയായ ഏതൊരു സചേതനന്റേയും സ്മൃതിപഥത്തിൽ,

"കരീന്ദ്രൻ തന്റെ പൃഷ്ഠത്തിൽ കഷ്ഠം കാഷ്ഠിച്ചു തുഷ്ടനായി
കേമനെന്നു നടിക്കുന്നു കേവലം കാക്കയൊന്നിതാ"

എന്ന പദ്യമോ അത്തരത്തിലുള്ള മററു വല്ല ഉപമാനമോ അവതരിക്കാതിരിക്കയില്ല. കാവ്യജീവിതവൃത്തിയെ തെറി പറയുന്ന വാഗ്ഭടാനന്ദ ഗുരുക്കൾ തന്റെ ദൂഷിച്ച ശ്വാസോച്ഛ്വാസം കൊണ്ടു സാഹിത്യലോകത്തെയാണു മലിനപ്പെടുത്തുന്നതു്. വിശേഷിച്ചു ബ്രിട്ടീഷ് മലബാറിനു് അല്ലാതെ, കാവ്യജീവിതവൃത്തിക്കോ തൽകർത്താവിനൊ അതുകൊണ്ടൊന്നും പ്രത്യേകിച്ചുവരാനില്ല. ആ തെറികൾക്കു സമാധാനം പറവാനീയുള്ളവൻ ഉദ്ദേശിക്കുന്നുമില്ല. "തെറിക്കു മുറിപ്പത്തല്" എന്നൊരു പഴമൊഴി അറിവുള്ളവർ പറഞ്ഞുകേട്ടിട്ടുണ്ടു്. പക്ഷേ അതിലെനിക്കു വിശ്വാസമില്ല.

"ചന്ദ്രനെക്കണ്ടു ചില പട്ടികൾ കുരച്ചാൽ
ചന്ദ്രനു വല്ല കുറവോ"

എന്ന പഴയ പാട്ടിലാണു് ഈയുള്ളവനു വിശ്വാസം. അതുകൊണ്ടു ആ വകയ്ക്കൊന്നും സമാധാനം പറയേണ്ട ആവശ്യമില്ലല്ലോ.

കാവ്യജീവിതവൃത്തികാരൻ, മഹാകവികളായ എഴുത്തച്ഛൻ, കേരളകാളിദാസൻ എന്നിവരുടെ കൃതികളിൽ വൃഥാ ദോഷാരോപണം ചെയ്തിരിക്കുന്നു എന്നുള്ള ആക്ഷേപത്തെപ്പററി മാത്രം സാധാരണ ജനങ്ങൾ തെററിദ്ധരിക്കാതിരിപ്പാൻ വേണ്ടി കുറഞ്ഞൊന്നു പറയാം.

തുഞ്ചത്തെഴുത്തച്ഛനും കേരളകാളിദാസനും മാന്യന്മാരായ മഹാകവികൾതന്നെ. എന്നാൽ അവരും മനുഷ്യരാണു്. സർവ്വജ്ഞന്മാരല്ല. അങ്ങിനെ ആരെങ്കിലും ഉണ്ടെങ്കിൽ അതു് ഈശ്വരൻ മാത്രമാണു്. സർവ്വജ്ഞത്വമില്ലാത്ത മനുഷ്യൻ എത്രതന്നെ മാന്യനും മഹാത്മാവുമായാലും തെററു പററിക്കൂടെന്നില്ല. തെററു പററീട്ടുണ്ടെങ്കിലും അതു ഒരിക്കലും ഒ

ന്നുകൊണ്ടും തെററാണെന്നു പറഞ്ഞുകൂടെന്നു ശഠിക്കുന്നതുകൊണ്ടു കാൎയ്യമില്ല. സചേതനന്മാരാരും ആ ശാഠ്യത്തെ വിലവെക്കയില്ല. മാന്യന്മാരുടെ പ്രബന്ധങ്ങളിൽ വന്ന പിഴകളെ അനാവശ്യമായി ഉദ്ഘോഷണം ചെയ്യുന്നതു യുക്തമല്ലെന്നു പറകയാണെങ്കിൽ, ശരിതന്നെ. ശ്രീമാൻ കൃഷ്ണൻ നായർ അങ്ങിനെ ചെയ്തിട്ടില്ല. "പ്രാസനിൎബ്ബന്ധമുള്ള കാലത്തോളം യതിഭംഗം നിരൎത്ഥതപം മുതലായ കാവ്യദോഷങ്ങൾ കവിതകളിൽനിന്നു തീരെ വിട്ടൊഴിഞ്ഞു പോകുമെന്നു തോന്നുന്നില്ല." എന്ന സ്വാഭിപ്രായത്തെ സപ്രപഞ്ചം സമൎത്ഥിക്കേണ്ടതായും, "മലയാളഭാഷയിൽ ഏതൽപൎയ്യന്തമുണ്ടായിട്ടുള്ള കവിതകളൊക്കയും ഛത്രിന്യായേന ദ്വിതീയാക്ഷരപ്രാസയുക്തങ്ങളാണു്. അവയിലൊന്നും നിരൎത്ഥകപദങ്ങൾ കാണുന്നില്ല. ക്ഷുദ്രകവികളുടെ ഗുണത്തിനുവേണ്ടി ദ്വിതീയാക്ഷരപ്രാസത്തെ ഉപേക്ഷിക്കുന്നതായാൽ വൃത്താദിനിബന്ധനവും വേണ്ടെന്നു വെക്കേണ്ടതാണു്." എന്നുള്ള ഒരു മാന്യന്റെ ആക്ഷേപത്തിന്നു സമാധാനം പറയേണ്ടതായും വന്ന സന്ദൎഭത്തിലാണു് ശ്രീമാൻ നായർ മഹാകവികളായ എഴുത്തച്ഛൻ കേരളവൎമ്മ കോയിത്തമ്പുരാൻ എന്നിവൎക്കു പോലും പ്രാസനിൎബ്ബന്ധംകൊണ്ടു പററിപ്പോയ ചില തെററുകളെ അവരുടെ കൃതികളിൽ നിന്നു എടുത്തു കാണിക്കുന്നതു്. ആ സന്ദൎഭത്തിൽ അതു കൂടാതെ നിവൃത്തിയുമില്ല. "ഇങ്ങിനെ മഹാകവികളുടെ കൃതികളിൽപ്പോലും ധാരാളം വീഴ്ചകൾ കാണുന്നുണ്ടെങ്കിലും ഇവിടെ എടുത്തു ഉദാഹരിക്കുന്നില്ല. 'സൂക്തിസഹസ്രദ്യോതിതാത്മനാം മഹാത്മനാം ദോഷോദ്ഘോഷണ മാത്മനഏവ ദൂഷണം ഭവതീതി ന വിഭജ്യപ്രദൎശ്യതേ' എന്നാണല്ലൊ ആനന്ദവൎദ്ധനാചാൎയ്യർ കൂടിപ്പറഞ്ഞിരിക്കുന്നതു്." എന്ന പംക്തികൊണ്ടു കാവ്യജീവിതവൃത്തികാരന്നു നേരേമറിച്ചു ആ മഹാകവികളോടു നിരതിശയമായ ബഹുമാനമുണ്ടെന്നാണു തെളിയുന്നതു്. ആകയാൽ ഈ വിഷയത്തിൽ തെററിദ്ധാരണയ്ക്കു പ്രസക്തിയില്ലെന്നു സിദ്ധമായി.

ഇനി, അഭിവന്ദ്യാചാൎയ്യന്മാരുടെ പദപ്രയോഗങ്ങളുടേയും മററും പ്രയോജനവും ഔചിത്യവും എന്തെന്നറിയാതെ നിഷ്പ്രയോജനത ആരോപിച്ചു പരിഹസിക്കുന്നതു ഒട്ടും ക്ഷന്തവ്യമല്ല" എന്നുള്ള ആക്ഷേപത്തിന്നു എത്രത്തോളം വിലയുണ്ടെന്നു ഒന്നു പരിശോധിച്ചു നോക്കാം.

"ആകാശഗംഗയെപ്പാതാളലോകത്തു
വേഗേനകൊണ്ടുചെന്നാക്കിഭഗീരഥൻ"

എന്നു ഈരടി 'എഴുത്തച്ഛന്റെ രണ്ടു ശീലുക'ളാണെന്നും, "വേഗേന എന്നതിന്നു വേഗത്തിൽ, എന്നു വച്ചാൽ 'പിതൃജനത്തിന്റെ ഇഷ്ടം ഗംഗയെപ്പാതാളലോകത്തു കൊണ്ടുചെന്നു പിതൃതൎപ്പണം നിൎവ്വഹി

ക്കുകയാകുന്നു' എന്നറിഞ്ഞ ഉടനെ എന്നാൎത്ഥമാകുന്നു. അതുകൊണ്ടു വേഗപദപ്രയോഗത്തിൻെറ ഔചിത്യത്തിന്നോ പ്രയോജനപരതയ്ക്കോ യാതൊരു കുറവും പറവുന്നില്ല" എന്നും ആക്ഷേപകൻ പറയുന്നു. മേൽകാണിച്ച വരികൾ കാകളി എന്ന ഒരു ശീലിലുള്ള ഈരടിയാണെന്നു പോലും അറിവില്ലാത്ത— അത്രപോലും കഥയില്ലാത്ത— ഒരു പണ്ഡിതംമന്യനാണ് കാവ്യജീവിതവൃത്തിയെ വിമശിക്കുന്നതു! കാലത്തിൻെറ പ്രഭാവം തന്നെ! ആട്ടെ, 'പിതൃജനത്തിൻെറ ഇഷ്ടം ഇന്നതാണെന്നറിഞ്ഞ'—എന്നോ 'ഊഹിച്ചു' എന്നോ 'ശ്രവിച്ചു' എന്നോ പൂൎവ്വകാലക്രിയ എന്തുവേണമെങ്കിലും ആയിക്കൊള്ളട്ടെ. അനന്തരകാലക്രിയ ഏതാണെന്നാണ് ഇവിടെ അറിയേണ്ടതു് അതിന്നാണാകാംക്ഷ. സാകാംക്ഷമായ 'വേഗേന' എന്ന പദം ത്രിശങ്കുസ്വൎഗ്ഗംപോലെ അങ്ങുമിങ്ങും തൊടാതെ ആകാശത്തിൽ തൂങ്ങിനില്ക്കുകയില്ല. 'അറിഞ്ഞ ഉടനെ' എന്നു പറഞ്ഞാൽ ഒരു കൊച്ചുകുട്ടിപോലും എന്തു ചെയ്തു എന്നു അപ്പോൾ ചോദിക്കും. 'കൊണ്ടുചെന്നാക്കി' എന്നു കേട്ട മാത്രയിൽ, 'വേഗേ്‌' എന്നതു അവ്യവഹിതോത്തരശ്രവണശ്രുതമായ താദൃശക്രിയയിൽ അന്വയിച്ചു നിരാകാംക്ഷമാകുന്നതിനാൽ ജിജ്ഞാസ ശമിക്കയും ചെയ്യും. 'വേഗേന' എന്നതു സുഖേനയാതി, ദുഃഖേനയാതി, വേഗേനയാതി. ഇത്യാദിയിലെന്നപോലെ ക്രിയാവിശേഷണമാകുന്നു. അതു് അവ്യവഹിതവും ശ്രൂയമാണവുമായ 'കൊണ്ടുചെന്നാക്കി' എന്ന ക്രിയയിൽ അന്വയിക്കയില്ലെന്നു ശപഥം ചെയ്യുന്നതുകൊണ്ടു പ്രയോജനമില്ല. "പിതൃഹിതം ഇന്നതാണെന്നറിഞ്ഞ ഉടനെ എല്ലാ വിഷയങ്ങളും തള്ളി അക്കാൎയ്യം സാധിക്കുന്നതിന്നു ഭഗീരഥൻ സന്നദ്ധനായി" എന്നോ മററോ ആക്ഷേപകൻ സ്വപ്നം കാണുന്നതുകൊണ്ടും കാൎയ്യമില്ല. അവ്യവഹിതോത്തരശ്രവണശ്രൂയമാണമായ "കൊണ്ടുചെന്നാക്കി" എന്ന ക്രിയയെ ബലാൽക്കാരേണ തള്ളിനീക്കി വേഗേന എന്ന പദം ആക്ഷേപകൻെറ സ്വപ്നവിഷയമായ ക്രിയയിൽ അന്വയിക്കാൻ പ്രയാസം. അല്ലാത്തപക്ഷം, വല്ലതും വിചാരിച്ചു വല്ലതും പറയാമെന്നും അതെല്ലാം നിൎദ്ദോഷമായ സാഹിത്യമാണെന്നുമാവും. അതു വാഗ്ഭടാനന്ദഗുരുക്കൾക്കേ ചേരൂ. വിശേഷിച്ചു, ഭഗീരഥൻ സന്നദ്ധനായെന്നോ അരയും തലയും മുറുക്കിയെന്നോ മററോ ഉള്ള സംഗതി പ്രകരണലഭ്യമാണെന്നും നാന്തരീയകവും നിസ്സാരവുമായ ആ വക ക്രിയാവിശേഷണത്തിലാണു വേഗപദത്തിന്നു അന്വയം കവിവിവക്ഷിച്ചിരിക്കുന്നതെന്നും പറയുന്നതു, ന്യൂനപദം, അഭവന്മതയോഗം മുതലായ കാവ്യദോഷങ്ങളെ എഴുത്തച്ഛൻെറ തലയിൽ തള്ളിയിട്ടു തന്നെപ്പോലെ ആചാൎയ്യനേയും തുച്ഛനാക്കിത്തീൎക്കുക മാത്രമാണെന്ന വസ്തുത മനസ്സിലാക്കാൻപോലും വിവേകമില്ലാത്ത ആക്ഷേപക

ൻെറ അഹങ്കാരം ശോചനീയമെന്നേ പറയുന്നുള്ളൂ. ആട്ടെ, പിതൃഹിതമോ മററെന്തെങ്കിലുമോ അറിഞ്ഞുകൊള്ളട്ടെ, അറിഞ്ഞ ഉടനെ എന്നതിലെ 'ഉടനെ' എന്ന പദംകൊണ്ടു വിവക്ഷിച്ചിരിക്കുന്ന അത്ഥമെന്തു്? 'അവിളംബിതം' എന്നോ 'അനന്തരം' എന്നോ? അവിളംബിതം, അതായതു കാലവിളംബം കൂടാതെ' എന്നാണെങ്കിൽ 'പിതൃഹിതം ഇന്നതാണെന്നു അറിഞ്ഞ്' എന്നതുവരെയുള്ള സ്വകപോലകല്പിതം അനാവശ്യകവും അനത്ഥകവുമാണെന്നാവും. ആ ഭാഗം ഉണ്ടെങ്കിലും ഇല്ലെങ്കിലും 'വേഗേന എന്നതു അനന്തരോച്ചരിതമായ, 'കൊണ്ടുചെന്നാക്കി' എന്നതിൽ (വേഗപദാത്ഥം 'കൊണ്ടുചെന്നാക്കി' എന്ന പദം കൊണ്ടു ബോധിപ്പിക്കപ്പെടുന്ന ക്രിയാവിശേഷണത്തിൽ എന്നു താല്പയ്യം) വാക്യസ്വഭാവമനുസരിച്ചു അന്വയിക്കുന്നതാണു്. ആകയാൽ താദൃശകല്പനം അനാവശ്യകം. അതിന്നു പുറമെ 'അവിളംബിതം' എന്ന അത്ഥത്തിലുള്ള 'വേഗേന' എന്നതിൽ 'അറിഞ്ഞ' എന്ന പേരെച്ചത്തിന്നു, അന്വയിക്കുന്നതിന്നു യോഗ്യതയില്ലായ്കയാൽ അനന്വിതമായ ഉന്നീതഭാഗം അനത്ഥകം. "പിതൃഹിതം ഇന്നതാണെന്നു <u>അറിഞ്ഞവേഗേന</u> പുറപ്പെട്ടു."– <u>അറിഞ്ഞു് അവിളംബിതം</u> പുറപ്പെട്ടു" എന്നിങ്ങിനെ ഉന്മത്തനല്ലാതെ മററാരെങ്കിലും പറയുമോ? അതല്ല; ആനന്തയ്യാത്ഥമാണു വിവക്ഷിച്ചിരിക്കുന്നതെന്നു പറയുന്നുവെങ്കിൽ, ഇല്ലാത്ത അത്ഥത്തെ ആക്ഷേപകൻ സ്വപ്നം കാണുന്നു എന്നു മാത്രം. സംസ്കൃതത്തിലാകട്ടെ, ഭാഷയിലാകട്ടെ 'വേഗപദത്തിന്നു ആനന്തയ്യമെന്നത്ഥമില്ല. 'സ പിതൃഹിതം ജ്ഞാത്വാവേഗേനഅഗച്ഛത്" അവൻ പിതൃഹിതമറിഞ്ഞു് വേഗത്തിൽ പോയി" ഇത്യാദിയിലെ ഗമനക്രിയയിൽ ആനന്തയ്യം ബുദ്ധമാകുന്നതു സംസ്കൃതത്തിൽ പൂവ്വകാലത്തെക്കുറിക്കുന്ന 'ക്ത്വാ' പ്രത്യയത്തിൻേറയും ഭാഷയിൽ വിനയച്ചത്തിൻേറയും മാഹാത്മ്യത്താൽ ആത്ഥമായിട്ടാണു്. അതു വേഗപദാത്ഥമല്ല. ഇങ്ങനെയിരിക്കെ, പദാത്ഥവിവേകത്തിൻെറ ഗന്ധംപോലുമില്ലാതെ വാഗ്ഭടാനന്ദഗുരുക്കൾ എന്ന വലിയ പേർ വഹിക്കുന്ന ആക്ഷേപകൻ "വേഗത്തിൽ എന്നു വച്ചാൽ പിതൃഹിതം ഇന്നതാണെന്നറിഞ്ഞ ഉടനെ" എന്നും മററും അസംബന്ധം ജല്പിക്കുന്നതു കൊണ്ടു കാവ്യജീവിതവൃത്തിക്കു എന്തു ഹാനിയാണുള്ളതു്? ഈ വക സന്ദർഭത്തിൽ മുന്നുദ്ധരിച്ച പഴയ പാട്ടു എങ്ങനെ ഓമ്മിക്കാതിരിക്കും. കാവ്യജീവിതവൃത്തി നിർദ്ദേശിച്ചിരിക്കുന്ന ദോഷം ഈ വക ഭഷണംകൊണ്ടു മറഞ്ഞു പോകയില്ല തന്നെ.

"വേഗേന' എന്നതിലെ തൃതീയഉപലക്ഷണത്തിലാണെന്നു ധരിക്കണെ'മത്രെ! എന്തൊന്നാണു ആക്ഷേപകൻെറ ഉപലക്ഷണം? ഉപലക്ഷണത്തിൽ തൃതീയ വിധിക്കുന്ന സൂത്രമേതു? ഉപലക്ഷണമെന്നതു ലക്ഷ്യലക്ഷണഭാവമാണെങ്കിൽ അതിവിടെ ഘടിക്കയില്ല. ഭഗീരഥൻെറ ഭഗീരഥത്വം

വേഗത്വജ്ഞാപ്യമല്ലല്ലോ. അതുകൊണ്ടു, "ഇത്ഥംഭൂതലക്ഷണേ" എന്ന സൂത്രംകൊണ്ടു തൃതീയയ്ക്കു ഇവിടെ പ്രസക്തിയില്ല. "ജടാഭിസ്താപസഃ"ഇത്യാദിയാണ് അതിന്നുവിഷയം. അപ്രാധാന്യമാണെങ്കിൽ, 'വേഗേന' എന്നതുനേരേ ക്രിയയിൽ അന്വയിക്കുന്നതുകൊണ്ടു "സഹയുക്തേപ്രധാനേ"എന്ന സൂത്രത്താലും തൃതീയയ്ക്കവകാശമില്ല. വെറുതെ വളത്തുന്നില്ല. സിദ്ധാന്തകൌമുദിയോമറേറാ കൈവശമുള്ളതുകൊണ്ടോ ഇടയ്ക്കു നിവൃത്തിനോക്കുന്നതുകൊണ്ടോ പക്ഷേ, 'വ്യാകരണി'ആകുമായിരിക്കാം! വൈയാകരണനാകയില്ല. 'വേഗേന' എന്നതിലെ തൃതീയ"പ്രകൃത്യാദിഭ്യഉപസംഖ്യാനം" എന്ന വാത്തികപ്രകാരമാണെന്നു ഇനിയെങ്കിലും ധരിക്കട്ടെ.

• വേഗം ഉത്സാഹകാൎയ്യം മാത്രമല്ല ഭയകാൎയ്യവും ജുഗുപ്സാകാൎയ്യവും മററുമാകാം. അതിനാൽ വേഗപദം നിയമേന ഉത്സാഹ പ്രത്യായകമാകയില്ല. അഥവാ എന്തുവേണമെങ്കിലും ആയിക്കൊള്ളട്ടെ. അതുകൊണ്ടൊന്നും കാവ്യജീവിതവൃത്തിയിൽ ചൂണ്ടിക്കാണിച്ചദോഷം ഇല്ലെന്നാവുകയില്ല. പ്രകൃതാനുപയോഗിയായ ആവക ഉപന്യാസം കൊണ്ടെന്തു പ്രയോജനം? ആക്ഷേപകൻ വെറും വാചാലനാണെന്നു കാണിക്കമാത്രം.

പ്രാസം എവിടെയാണെന്നു ആക്ഷേപകൻ ചോദിക്കുന്നു. "ആകാശഗംഗയെ—" എന്ന ഈരടിയിലെ ദ്വിതീയാക്ഷരങ്ങൾക്കുതമ്മിൽ; രണ്ടു ശീലുകളിലെ ദ്വിതീയാക്ഷരങ്ങൾക്കുതമ്മിലല്ല്. അവയിൽ പ്രാസശങ്കവകന്മാക്കേ വരികയുള്ളു. ദ്വിതീയാക്ഷരങ്ങൾ 'കാ' എന്നും 'ഗ' എന്നുമായാലും പ്രാസമാകും. രണ്ടാമത്തെ വരിയിലും 'കാ' തന്നെ വേണമെന്നില്ല. അങ്ങനെയായാൽ അതു ലീലാതിലകത്തിൽ നിദ്ദേശിച്ചിരിക്കുന്ന പാദാനുപ്രാസമാണ് അഥവാ കേരളവമ്മ പ്രാസമാണ്. എഴുത്തച്ഛനും മററും സ്വീകരിച്ചിരിക്കുന്ന പ്രാസം കേരളവമ്മ പ്രാസമല്ല. അതുകൊണ്ടു 'ആകാശ' എന്നതിന്നു 'വൈകാതെ' എന്നു പ്രയോഗിച്ചാലെ പ്രാസമാകയുള്ളുവെന്ന വിചാരം പ്രാമാദികമാണ്.

> ചെയ്യഭിഷേകം ഭരതൻ ഞാനിനി
> വൈകാതെ പോവൻ വനത്തിന്നു മാതാവേ"

എന്നിങ്ങനെ അടുത്തു മുമ്പുതന്നെ 'വൈകാതെ' എന്നു പ്രയോഗിച്ചതുകൊണ്ടായിരിക്കണം എഴുത്തച്ഛൻ വീണ്ടും ആ ശബ്ദം തന്നെ പ്രയോഗിക്കാതെ 'വേഗേന' എന്നു മാററി പ്രയോഗിച്ചിരിക്കുന്നത്. ആക്ഷേപകൻ കാണുന്ന അസംബന്ധ സ്വപ്നം എഴുത്തച്ഛൻ കണ്ടിരിക്കുമെന്നു ബുദ്ധിയുള്ളവർ വിചാരിക്കയില്ല.

"ആകാശഗംഗയെ—" എന്ന ഈരടിക്കു ആസ്പദമായ പദ്യം അദ്ധ്യാത്മരാമായണം മൂലത്തിൽ കണ്ടില്ലെന്നു വെച്ചു, എഴുത്തച്ഛന്റെ അ

ദ്ധ്യാത്മരാമായണം കിളിപ്പാട്ടിനെ അദ്ധ്യാത്മരാമായണമെന്നു മി. നായർ പറഞ്ഞിരിക്കുന്നതു അബദ്ധമാണെന്ന് ആക്ഷേപിക്കുന്നതു്, വാചാടതപമോ വങ്കത്തപമോ എന്നു മഹാജനങ്ങൾ തീൎച്ചയാക്കിക്കൊള്ളട്ടെ.

"തങ്കത്താർതൻ തതിലളിതമാം ദന്തശില്പോല്ലസൽപ-
ല്ല്യങ്കത്തിന്മേൽ പരിചൊടുപവേശിച്ചു പങ്കേരുഹാക്ഷീം"

എന്ന 'മയൂരസന്ദേശ'ത്തിലെ പദ്യത്തിലുള്ള യതിഭംഗത്തെ ഭംഗ്യന്തരേണ, ഇങ്ങനെ പല്യങ്കത്തെ ഭംജിച്ച് അതിലുപവേശിച്ചതു യുക്തമോ? പങ്കേരുഹാക്ഷികൾക്കോ രസികന്മാൎക്കോ അതിൽ ആനുകൂല്യമുണ്ടാകുമെന്നു തോന്നുന്നില്ല." എന്നു കാവ്യജീവിതവൃത്തിയിൽ പ്രതിപാദിച്ചിരിക്കുന്നതിനെപ്പററി പല അസംബന്ധങ്ങളും ആക്ഷേപകൻ അരുളിച്ചെയ്തു കാണുന്നു. "പ്രസ്തുത പാദ്യത്തിൽ പല്യങ്കത്തെ ഭഞ്ജിച്ചതായോ അതിൽ ഉപവേശിച്ചതായൊ കാണുന്നില്ല. ഉപവേശിച്ചു എന്നു കാണുന്നുണ്ട്. അതു ണിജന്തപ്രയോഗമല്ല" എന്നിങ്ങനെ എന്തെല്ലാം അബദ്ധങ്ങളാണു പറഞ്ഞിരിക്കുന്നതെന്നു നോക്കുക. ഉപവേശിപ്പിച്ചു എന്നതു ണിജന്തമാണത്രെ! ണിജന്തം എന്നു വച്ചാൽ ണിച്ച് എന്ന പ്രത്യയം അന്തത്തിലുള്ളതെന്നാണല്ലൊ അൎത്ഥം. മലയാളഭാഷയിൽ അങ്ങിനെ ഒരു പ്രത്യയമുണ്ടോ? ഏതു വ്യാകരണത്തിലാണ്. "പല്യങ്കം ഭഞ്ജിച്ചു—" ഇത്യാദിപംക്തിയുടെ താൽപൎയ്യം മനസ്സിലാകാതെ, പങ്കേരുഹാക്ഷികളേയും രസികന്മാരേയും അവരുടെ രതികാലത്തേയും രത്യൌൽകൃത്യത്തേയും മററും ആക്ഷേപകൻ അന്വേഷിച്ചു നടക്കുന്നു. നന്നേ കഷ്ടപ്പെട്ടു ഭഗ്നാശനായി തിരിച്ചു വന്നു "പല്യങ്കംഭഞ്ജിച്ചു—" ഇത്യാദിപങ്ക്തി യതിഭംഗത്തെ ഉദ്ദേശിച്ചാണെന്നു ഒരു വിധം മനസ്സിലാക്കുന്നു. മനസ്സിലായ ഉടനെ ഒരു ദീൎഘനിശ്വാസത്തോടുകൂടി, "അങ്ങനെയാണെങ്കിൽ യതിഭംഗം വരുത്തിയതു സമഞ്ജസമായില്ലെന്നോ മറേറാ അല്ലേ പറയേണ്ടതു്?" എന്നൊരു ചോദ്യവും ചോദിക്കുന്നു. എങ്ങനെ ചോദിക്കാതിരിക്കും? പാവം! എവിടെയെല്ലാം പോയി! എത്ര ബുദ്ധിമുട്ടി! ശരിയാണ്. എന്നാൽ അങ്ങാടിയിൽ തോററാൽ അമ്മയോടു" എന്ന പഴമൊഴിപ്രകാരം 'കാവ്യജീവിതവൃത്തി'യോടെന്തിനു കണ്ണുരുട്ടുന്നു? അതുതന്നെയാണു പൎയ്യായോക്തഭംഗിയിൽ പ്രതിപാദിക്കപ്പെട്ടിരിക്കുന്നതു്. "അസമഞ്ജസമെന്നോ മറേറാ" എന്നറിയാതെ പറകയുണ്ടായില്ലേ? താങ്കളുടെ ആ 'മററിൽ'പെട്ടപ്രകാരം' തന്നെയാണതു്. അതു മനസ്സിലാക്കാൻ, പങ്കേരുഹാക്ഷികളേയും രസികന്മാരേയും അവരുടെ രതികാലത്തേയും രതിപ്രകാരത്തേയും അന്വേഷിച്ചു ക്ലേശിക്കേണ്ടിയിരുന്നില്ല. മലയാളം അറിയുന്ന അഥവാ സാഹി

ത്യത്തിൽ പരിചയമുള്ള വല്ല പിള്ളരോടും ചോദിച്ചാൽ മതിയായിരു ന്നു. ഏതായാലും ഈ ചോദ്യത്തോട്ടക്രടി ആക്ഷേപകന്റെ അതുവരെ യുള്ള സമുദ്യമങ്ങളൊക്കയും അനാവശ്യകങ്ങളാണെന്ന അദ്ദേഹം തന്നെ സ മ്മതിച്ചതായി വരുന്ന സ്ഥിതിക്കു ആ വക അനാവശ്യങ്ങൾക്കു സമാധാ നം പറയേണ്ട ഭാരം ഈയുള്ളവനു ചുരുങ്ങിക്കിട്ടി. കാര്യം ഗ്രഹിച്ചിട്ടും ത ന്റെ അബദ്ധം മനസ്സിലായിട്ടും ആക്ഷേപകൻ അടങ്ങുന്നില്ല. സാഹി ത്യശാസ്ത്രവിഷയമായ തന്റെ അജ്ഞതയെ നഗ്നമായി ബഹുജനസമക്ഷം പ്രകടിപ്പിക്കതന്നെ ചെയ്യുന്നു. "മഹാകവി"കളുടെ ഇടയിൽ യതിയെ ആ ദരിക്കാത്ത ഒരു ഭൂരിപക്ഷവും

"ശ്വേത മാണ്ഡവ്യ മുഖ്യാസ്തു നേച്ഛന്തി മുനയോയതിം"

എന്ന ഛന്ദശ്ശാസ്ത്രസമ്മതിയും സന്ദേശകാവ്യത്തിന്റെ മാതൃകയാ യമേഘദൂതത്തിൽ "രേവാംദ്രക്ഷ്യസ്യുപല—"എന്നിങ്ങനെ വരകവികാളിദാ സന്റെ പല്യങ്കത്തിനു നേരെ പായുകയും പ്രാസത്തിനു വേണ്ടിയാണു യ തി ഭംഗം വരുത്തിയതെന്നും മററും പറയുകയും ചെയ്യുന്നതു ഏററവും കഷ്ട തരമല്ലേ"? എന്നും മററും ഉദ്ഘോഷിക്കുന്നതുനോക്കുക. മഹാകവികളുടെ ഭൂരിപക്ഷം യതിയെ ആദരിക്കുന്നില്ലത്രെ. ഭൂരിപക്ഷം എന്ന ശബ്ദം കേട്ടിട്ടു ണ്ടന്നൊല്ലാതെ അതിന്റെ അർത്ഥം മനസ്സിലാക്കീട്ടില്ലെന്നല്ലെ ഇതുകൊണ്ടു വരുന്നതു? അല്ലെങ്കിൽ അങ്ങിനെ പറയുമോ? ശ്വേതമാണ്ഡവ്യമുഖ്യന്മാരാ യ മുനികൾ ഏതെല്ലാം സാഹിത്യഗ്രന്ഥങ്ങളാണു നിർമ്മിച്ചിരിക്കുന്നതു? ഒ ന്നു പറയൂ കേൾക്കട്ടെ. ആ താടിക്കാർ യതിയെ ഇച്ഛിക്കുന്നില്ലെങ്കിൽ അതു കൊണ്ടെന്തു? അതെല്ലാം പോകട്ടെ യതിഭംഗമെന്നതു എന്തെന്നു പോലുമറി യാത്ത ആക്ഷേപകൻ സാഹിത്യ ശാസ്ത്രമർമ്മജ്ഞനെന്നനിലയിൽ അതിനെ പ്പററി സംസാരിക്കുന്നതു എത്ര ലജ്ജാവഹമാണ്? "രേവാംദ്രക്ഷ്യസ്യുപല" എന്ന കാളിദാസ പ്രയോഗത്തിലും കാവ്യജീവിതവൃത്തിയിലെ "സാ ക്ഷാൽ വാഗധിദേവി വൈഖരി വളർത്തിടട്ടെ" "മദ്ധ്യമം സുന്ദര ഗുണീ ഭൂ തവ്യംഗ്യം-" "അന്ധനർത്ഥവിവേകത്തിനെന്തുദീപികപോരുമോ" "വ്യുൽ പത്തിവിമുഖൻ ശക്തികൊണ്ടെന്തു" എന്ന പദ്യങ്ങളിലും യതിഭംഗമുണ്ടെ ന്നു സാഹിത്യ ശാസ്ത്രപാണ്ഡിത്യം പോകട്ടെ കാതുള്ളവരാരെങ്കിലും പറ യുമോ? ഇവയിലേയും.

"തങ്കത്താർ തൻ തതിലളിതമാം ദന്തശില്പോല്ലസൽപ—
ല്യങ്കത്തിന്മേൽ പരിചൊടുപവേശിച്ചു—"

എന്നതിലേയും ഉച്ചാരണവിരാമം ഒരേ വിധത്തിലാണോ, വാഗ് ഭടാനന്ദഗുരുക്കൾക്കു് അനുഭവപ്പെടുന്നതു? എന്നാൽ,

"ഗോമായൂനാം കോകിലയൂനാമപിശബ്ദേ—
ഷേ്പകാകാരാമാനസവൃത്തിർമഹിഷാണാം"

എന്നു പാടിയ കവിയുടെ ദീർഘദർശിത്വം അന്യാദൃശം തന്നെ എന്നു പറയണം. കാതിൻെറ കാര്യം പോകട്ടെ. ശാസ്ത്രം തന്നെ എടുത്തു കാണിക്കാം—

"വിരസവിരാമംയതിഭ്രഷ്ടം" (സൂത്രം 3)
വിരസഃശ്രുതികടുഃവിരാമഃയസ്മിൻ തൽ വിരസവിരാമംയതിഭ്രഷ്ടം.
തദ്ധാതുനാമഭാഗഭേദേസ്വരസന്ധ്യകൃതേപ്രായേണ (സൂത്രം 4)
തൽയതിഭ്രഷ്ടംധാതുഭാഗഭേദേനാമഭാഗഭേദേചസതിഭവ-
തിസ്വരസന്ധിനാഅകൃതേപ്രായേണബാഹുല്യേന
ധാതുഭാഗഭേദേമന്ദാക്രാന്തായാം, യഥാ—
"ഏതാസാംരാ/ജതിസുമനസാംദാമകണ്ഠാവലംബി"
നാമഭാഗഭേദേശിഖരിണ്യാംയഥാ—
"കുരങ്ഗാക്ഷീണാംഗ/ണ്ഡതലഫലകേസ്വേദവിരസഃ"
മന്ദാക്രാന്തായാംയഥാ—
"ദർദശ്ചു/ക്രശിഖികപിശസ്സാർങ്ഗിണോബാഹുദണ്ഡഃ"
ധാതുനാമഭാഗപദഗ്രഹണാൽതദ്ഭാഗാതിരിക്തഭേദേനഭവതിയ-
തിഭ്രഷ്ടം. യഥാമന്ദാക്രാന്തായാം—
"ശോഭാംപുഷ്യ/ത്യയമഭിനവസ്സുന്ദരീണാംപ്രബോധഃ"
ശിഖരിണ്യാംയഥാ—
"വിമിശ്രസ്സ്യാമാന്തേ/ ഷ്പരരവപുടചീൽകാരവിരുതൈ."
സ്വരസന്ധ്യകൃതേഇതിവചനാൽസ്വരസന്ധികൃതേഭേദേന
ദോഷഃയഥാ—
കിഞ്ചിദ്ഭാവാ/ ലസമസരളംപ്രേക്ഷിതം സുന്ദരീണാം"
(കാവ്യാലങ്കാരസൂത്രവൃത്തിഅധികരണം 2 അദ്ധ്യായം 2)

എന്നു വാമനൻ പ്രതിപാദിച്ചിരിക്കുന്നതു നോക്കുക. ഈ അവസരത്തിൽ ആക്ഷേപകനോടു ഈയുള്ളവനു ഒരപേക്ഷയുണ്ടു്. വാഗ്ഭാനന്ദസംജ്ഞ സ്വയം സ്വീകരിച്ചുകൊണ്ടു കുഞ്ഞിക്കണ്ണൻ കുരുക്കൾ എന്നൊരാൾ അശ്ലീലബുദ്ധിയായി ഉണ്ടാവുമെന്നറിയാതെ ഏതോ ഒരു കവി "പ്രേക്ഷിതംസുന്ദരീണാം" എന്നു പ്രയോഗിച്ചുപോയി. വാമനൻ ആലോചിക്കാതെ അതിനെ തൻെറ ഗ്രന്ഥത്തിൽ ഉദ്ധരിക്കയും ചെയ്തു. ആ ഭാഗം ഉപേക്ഷിക്കാൻ ഈയുള്ളവനെ സന്ദർഭം അനുവദിക്കുന്നുമില്ല. അ

തുകൊണ്ടു സുന്ദരികളുടെ പ്രേമമെന്നോ പ്രേക്ഷിതമെന്നോ കേട്ടാൽ അപച്ഛനവായുവിനേയും മററും ഓൎമ്മിപ്പിക്കുന്ന സ്വന്തം പ്രകൃതിയെ സ്വല്പനേരത്തേക്കു—വാമനൻ പ്രതിപാദിച്ചിരിക്കുന്ന യതിഭംഗത്തിൻെറ സ്വരൂപം ഒട്ടൊന്നു മനസ്സിലാക്കുന്നവരെ—ഒന്നു നിരോധിച്ചാൽ കൊള്ളാമെന്നാണു ആ അപേക്ഷ.

[തുടരും]

# മാൎത്താണ്ഡം ഗ്രാമോദ്ധാരണകേന്ദ്രം.

[ടി. സുധാംകരമേനോൻ എം. എസ്സ് സി.]

ദക്ഷിണതിരുവിതാംകൂറിൽ തിരുവനന്തപുരത്തിനും നാഗർകോവിലിനും മദ്ധ്യേ സ്ഥിതി ചെയ്യുന്ന ഒരു ചെറിയ ഗ്രാമമാകുന്നു മാൎത്താണ്ഡം. തിരുവിതാംകൂർ ചരിത്രത്തിൽ ഒട്ടും അപ്രധാനമല്ലാത്ത ഒരു സ്ഥലമാകുന്നു താമ്രവൎണ്ണീനദീതീരത്തു് സ്ഥിതിചെയ്യുന്ന ഈ സ്ഥലം. ഈ സ്ഥലത്തിന്നു് അതിൻെറ പേർ സിദ്ധിച്ചതു് സുപ്രസിദ്ധനായ മാൎത്താണ്ഡവൎമ്മമഹാരാജാവിൽ നിന്നാണത്രെ. എന്നുതന്നെയല്ല എട്ടുവീട്ടിൽപിള്ളമാരിൽ ഒരാളായിരുന്ന മാൎത്താണ്ഡൻ പിള്ളയുടെ വാസസ്ഥാനം ഇവിടെ നിന്നു് നാലുമൈൽ അകലെയുള്ള തിരുവട്ടാർ ക്ഷേത്രത്തിനു സമീപമായിരുന്നു. ഇങ്ങനെ, മാൎത്താണ്ഡവൎമ്മമഹാരാജാവിൻെറയും എട്ടുവീട്ടിൽപിള്ളമാരുടേയും മററും കാലത്തു്, തിരുവിതാംകൂർ ചരിത്രത്തിൽ ഒട്ടും അപ്രധാനമല്ലാത്ത ഒരു ഭാഗത്തെ ഈ കുഗ്രാമം അഭിനയിച്ചിരുന്നതായി ഊഹിക്കുവാൻ ന്യായങ്ങൾ കാണുന്നുണ്ടു്.

ഇന്നു് നാം മാൎത്താണ്ഡത്തെ ഒരു ചരിത്രപ്രധാനമായ സ്ഥലമായിട്ടല്ല മനസ്സിലാക്കുന്നതു്. പിൽക്കാലങ്ങളിൽ മാൎത്താണ്ഡം അഗണ്യകോടിയിൽ തള്ളപ്പെട്ടുപോകുകയും സമീപസ്ഥമായ കുഴിത്തുറ പ്രാമാണ്യത്തെ പ്രാപിക്കുകയും ചെയ്തു. മാൎത്താണ്ഡത്തെ വീണ്ടും പുനരുദ്ധരിപ്പിച്ചു് അതിൻെറ നാമത്തെ ലോകവിശ്രുതമാക്കിത്തീൎത്തതു് ഡോക്ടർ സ്പെൻസർഹാച്ചു് എന്ന ഒരു അമേരിക്കക്കാരനാകുന്നു. വൈ. എം. സി. ഏ. യുടെ ആഭിമുഖ്യത്തിൽ ഡോക്ടർ ഹാച്ചു് സ്ഥാപിച്ച ഗ്രാമോദ്ധാരണ

കേന്ദ്രമാണ് മാത്താണ്ഡത്തെ ലോകവിശ്രുതമാക്കിത്തീത്തതു്. ഇക്കൊല്ലം അവിടത്തെ ഗ്രീഷ്മപാഠശാലയിലേയ്ക്കു് ഉത്തരേന്ത്യയിൽ നിന്നും സിലോണിൽ നിന്നും ചൈനയിൽ നിന്നും ഈജിപ്തിൽ നിന്നും വിദ്യാത്ഥികൾ വന്നിരുന്നുവെന്ന സംഗതി തന്നെ, മാത്താണ്ഡത്തിൻെറ പ്രശസ്തിക്ക് മതിയായ ലക്ഷ്യം വഹിയ്ക്കുന്നുണ്ടല്ലൊ.

പാറകളാൽ നിറയപ്പെട്ടതും ഫലപുഷ്ടി തീരെ ഇല്ലാത്തതുമായ മണ്ണു്, മഴയുടെ ദൌർല്ലഭ്യം, ജലക്ഷാമം, ജനങ്ങളുടെ ദാരിദ്ര്യം—മാത്താണ്ഡം ദാരിദ്ര്യദേവതയുടെ ഒരു നൃത്തരംഗം തന്നെയാകുന്നു. ഗ്രാമോദ്ധാരണത്തിന്നു് ഏററവും അനുയോജ്യമായ സ്ഥലം ഇതു് തന്നെ എന്നു് നിശ്ചയിച്ചു്, പതിനഞ്ചു് വഷങ്ങൾക്കു മുമ്പു് ഡോക്ടർ സ്പെൻസർഹാച്ചു് ഇവിടെ ഒരു ഗ്രാമോദ്ധാരണകേന്ദ്രം സ്ഥാപിച്ചു. ഡോക്ടർ ഹാച്ചിൻേറയും അദ്ദേഹത്തിൻെറ അനുയായിയും ഇപ്പോൾ കൊച്ചിയിലെ ഗ്രാമോദ്ധാരണ പ്രവത്തകനായി നിയമിക്കപ്പെട്ടിരിക്കുന്ന ദേഹവുമായ മി. യേശുദാസൻ എം. എ. യുടേയും ജെ. ദാസയ്യ, ജെ. രാജയ്യ, ജോൺറോസ് മുതലായവരുടേയും മററും പരിശ്രമഫലമായി ഈ ഗ്രാമോദ്ധാരണകേന്ദ്രം ദക്ഷിണതിരുവിതാംകൂറിലെ ജനങ്ങൾക്ക് ഒരു വലിയ അനുഗ്രഹമായി പരിണമിച്ചിട്ടുണ്ടു്.

ഈ കേന്ദ്രം മുഖേന പ്രധാനമായി പ്രചരിപ്പിച്ചു വരുന്നതു് കോഴിവളത്തലും തേനീച്ച വളത്തലുമാണ്. കേന്ദ്രത്തിൽ മുപ്പതോളം തേനീച്ചക്കൂടുകളുള്ളതിന്നു് പുറമെ, ചുററുമുള്ള ഗ്രാമങ്ങളിൽ പലേടത്തും അനവധി തേനീച്ചക്കൂടുകൾ ഉണ്ടു്. കളിയക്കാവിള എന്ന ഗ്രാമത്തിൽ സുന്ദരം എന്നൊരാളുടെ വീട്ടിൽ തന്നെ അയ്മ്പതോളം തേനീച്ചക്കൂടുകളുണ്ടു് ഗ്രാമീണർ തേൻ ശേഖരിച്ചു കുപ്പികളിലാക്കി കേന്ദ്രത്തിൽ കൊണ്ടുവരുന്നു; അവിടെ അതു് വില്ക്കുവാൻ വേണ്ട ഏപ്പാടുകളുണ്ടു്.

നാടൻ കോഴികൾ വളരെ കുറച്ചു മുട്ടകൾ മാത്രമേ ഇടുന്നുള്ളു. അതിനാൽ വൈററ്, ലെഗ്ഗോൺ മുതലായ വിശേഷതരം കോഴികളെ നാട്ടിൽ പ്രചരിപ്പിച്ചു്, ഗ്രാമീണക്ക പണം സമ്പാദിക്കുവാൻ ഒരു പുതിയ മാഗ്ഗമുണ്ടാക്കിയിരിക്കുന്നു. ഇവിടെ ഒരു മുട്ട വാണിജ്യപരസ്പരസഹായസംഘം പ്രശസ്തമായ രീതിയിൽ നടത്തിവരുന്നുണ്ടു്. ഈ സംഘത്തെക്കുറിച്ചു് രണ്ടുവാക്ക് ഇവിടെ പ്രസ്താവിയ്ക്കുന്നതു് അസ്ഥാനത്തിലാകയില്ലല്ലൊ.

ഈ സംഘത്തിൻെറ ഉദ്ദേശങ്ങൾ ശാസ്ത്രീയമായ കോഴി വളത്തലിനെ പ്രചരിപ്പിക്കുക, നല്ലതരം മുട്ടകൾക്കു വില്പനയുണ്ടാക്കുക, കോഴിയെ വളത്തുന്നതിൽ ഔത്സുക്യം പ്രദശിപ്പിക്കുന്നവക്ക വേണ്ട ധനസഹായം നൽകുക, ജനങ്ങളിൽ സഹകരണത്തേയും ഉത്സാഹത്തേയും സ്വാശ്രയ

ശീലത്തേയും വളർത്തുക എന്നിവയാകുന്നു. ഈ സംഘത്തിൽ ചേരുന്ന എല്ലാ അംഗങ്ങളും നല്ല ജാതി കോഴികളെ വളർത്തുന്നവരായിരിക്കണമെന്നു നിർബന്ധമുണ്ട്. ഓരോ അംഗത്തിന്റേയും ഓഹരി അഞ്ചു രൂപയാണ്; ഇതു നാലണവീതമായി ഇരുപതു പ്രാവശ്യമായി അടച്ചു തീർത്താൽ മതി. ഓരോ അംഗത്തിനും ഒരാണ്ടിൽ എട്ടുശതമാനം പലിശയായി ഇരുപതു രൂപ വരെ കടമെടുക്കാം. ഈ കടം വീട്ടുന്നതു് പണമായിത്തന്നെ വേണമെന്നു നിർബന്ധമില്ല, ആ തുകക്കുള്ള മുട്ടകൾ കൊടുത്താൽ മതി. അംഗങ്ങൾ കൊണ്ടുവരുന്ന മുട്ടകളെ "എ" എന്നും "ബി" എന്നും രണ്ടായി തരം തിരിക്കുന്നു. ഈ രണ്ടു ഇനങ്ങളിലും പെടാത്ത മുട്ടകളേയും കേടു് വന്ന മുട്ടകളേയും സ്വീകരിയ്ക്കാറില്ല. ഒന്നേമുക്കാൽ ഔൺസോ കൂടുതലോ ഘനമുള്ള മുട്ടകളെ "എ" ഇനത്തിലും ഒന്നരമുതൽ ഒന്നേമുക്കാൽ ഔൺസുവരെ ഘനമുള്ള മുട്ടകളെ "ബി" ഇനത്തിലും ഉൾപ്പെടുത്തുന്നു. ഒരു "എ" മുട്ടക്കു് ഏഴുപൈയും ഒരു "ബി" മുട്ടക്കു് അഞ്ചു പൈയും വില കൊടുക്കുന്നു. മാർത്താണ്ഡത്തെ പീടികകളിലും മാർത്താണ്ഡത്തടുത്തുള്ള തൊടുവട്ടി ചന്തയിലും ഏതുതരം മുട്ടക്കും മൂന്നു പൈയിൽ കൂടുതൽ വില കിട്ടുന്നില്ല. ഈ മുട്ടകളെ സംഘക്കാർ തിരുവനന്തപുരം, മദ്രാസ്, ബോംബേ മുതലായ സ്ഥലങ്ങളിലേക്കു, ഒരു ഡസൻ എ. മുട്ടകൾക്കു പതിനഞ്ചണയും ഒരു ഡസൻ "ബി" മുട്ടകൾക്കു പതിനൊന്നണയും വീതം വിലയായി, അയക്കുന്നു. ഇപ്പോൾ ആകെ 210 അംഗങ്ങളുണ്ടു്. ഓരോ അംഗത്തിനും ഓരോ പാസ് ബുക്കുണ്ടു്; ആഴ്ചയിൽ രണ്ടു ദിവസമായി (തിങ്കളാഴ്ചയും വ്യാഴാഴ്ചയും) അംഗങ്ങൾ മുട്ടകൾ കൊണ്ടുവരുമ്പോൾ മുട്ടയുടെ എണ്ണവും ഇനവും വിലയും മററും ഈ പാസ്ബുക്കിൽ എഴുതിച്ചേർക്കുന്നു.

തിരുവിതാംകൂർ ഗവമ്മേണ്ടിൽനിന്നു അയച്ചുകൊടുത്തിട്ടുള്ള രണ്ടു വിത്തുകാളകളെ (സിന്ധിവിത്തുകാളകളെ) കേന്ദ്രത്തിൽ വളർത്തിവരുന്നുണ്ടു്. ഇവയ്ക്കു പുറമെ കുറെ സൂരട്ടി ആടുകളുമുണ്ടു്. കൊമ്പുകളില്ലാത്തവയും നല്ലവെള്ളനിറമുള്ളവയുമായ ഈ ആടുകൾക്കു് ധാരാളം പാലുണ്ടു്.

കൈത്തൊഴിലുകളുടെ കാൎയ്യത്തിലും ഈ കേന്ദ്രം ശ്രദ്ധപതിപ്പിക്കുന്നുണ്ടു്. മാർത്താണ്ഡത്തിന്നടുത്തുള്ള ഉണ്ണാമലക്കട എന്നഗ്രാമം നെയ്ത്തു വേലയ്ക്കു ശ്രുതിപ്പെട്ടതാകുന്നു. കേന്ദ്രത്തിൽ ഒരു നെയ്ത്തു ശാല നടത്തി നെയ്ത്തിന്നു വേണ്ടപ്രോത്സാഹനം നൽകുന്നുണ്ടു്. മാർത്താണ്ഡത്തും പരിസരപ്രദേശങ്ങളിലുമുള്ള നാടാന്മാരുടെ ഒരു പ്രധാന ഉപജീവനമാൎഗ്ഗം പന ചെത്തലാകുന്നു. പന ചെത്തി അക്കാനി (മധുരക്കള്ളു്) എടുത്തു് കരുപ്പട്ടി (പനം ചക്കര) ഉണ്ടാക്കുവാൻ ഈകേന്ദ്രക്കാർ വേണ്ട പ്രോ

സാഹനം നൽകുന്നുണ്ട്. തക്കല പഞ്ചസാരക്കമ്പെനിയിൽ ഈ കരുപ്പട്ടിയിൽ നിന്നു പഞ്ചസാര എടുക്കുന്നുണ്ട്. കേന്ദ്രത്തിൽ പപ്പടമുണ്ടാക്കുവാനം വേണ്ട ഏർപ്പാടുകൾ ചെയ്തിട്ടുണ്ട്.

കന്നുകാലികളുടെ തീററിയ്ക്കു ഉപയുക്തങ്ങളായ ഗിനിപ്പുല്ലിനേയും നേപ്പിയർപ്പുല്ലിനേയും കേന്ദ്രത്തിൽ നട്ടുവളത്തുന്നുണ്ട്. ക്യൂ, മൊറീഷ്യസ് മുതലായ കൈതകളേയും കൃഷി ചെയ്തിട്ടുണ്ട്.

പൊതുജനാരോഗ്യവിഷയമായി ഈ കേന്ദ്രക്കാർ ചെയ്യുന്ന പ്രധാന പ്രവൃത്തി ബോർഹോൾ കക്കൂസുകളെ പ്രചരിപ്പിക്കുകയെന്നതാകുന്നു. തിരുവിതാംകൂർ പൊതുജനാരോഗ്യ ഡിപ്പാർട്ടുമെൻറ് ലഘുപത്രിക നമ്പർ 32 "മലത്തിൽ നിന്നും പകരുന്ന രോഗങ്ങൾ" വായനക്കാർ വായിക്കുന്നതു നന്നായിരിക്കും.

മാത്താണ്ഡത്തിന്നു ചുററുമുള്ള കളിയക്കാവിള, നല്ലൂർ, കുരുമാത്തൂർ മുതലായ ഗ്രാമങ്ങളിൽ പോയി നോക്കിയാൽ മാത്തണ്ഡം ഗ്രാമോദ്ധാരണ പ്രവത്തകന്മാർ ചെയ്തിരിക്കുന്ന പ്രവൃത്തികളുടെ ഒരു ഏകദേശജ്ഞാനം സിദ്ധിയ്ക്കുന്നതാണ്. ഈ കേന്ദ്രത്തെ അനുകരിച്ചു കൊണ്ടു നെയ്യാററിൻകരയ്ക്കടുത്തുള്ള പരണിയത്തിലും പന്തളത്തടുത്തുള്ള ഊളനാട്ടിലും പ്രവത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

ആണ്ടുതോറും മദ്ധ്യവേനൽഒഴിവുകാലത്തു് മാത്താണ്ഡത്തുള്ള കേന്ദ്രത്തിൽ വെച്ചു് ഒരു ഗ്രീഷ്മപാഠശാല നടത്തിവരുന്നു. ഇവിടെ വിദ്യാത്ഥികൾക്കു ഗ്രാമോദ്ധാരണ പരിശീലനം നൽകിപ്പോരുന്നു. ഇക്കൊല്ലം ആകെ അറുപതു വിദ്യാത്ഥിവിദ്യാത്ഥിനികളുണ്ടായിരുന്നു. അവരിൽ ഇരുപത്തഞ്ചുപേർ സിലോണിൽ നിന്നും ഒരാൾ ചൈനയിൽ നിന്നും ഒരാൾ ഈജിപ്റ്റിൽ നിന്നും ഒരാൾ ബോംബെയിൽ നിന്നും ഒരാൾ സി. പി. യിൽ നിന്നും രണ്ടുപേർ ഒറീസ്സയിൽനിന്നും അഞ്ചുപേർ തമിഴ്നാട്ടിൽ നിന്നും പത്തുപേർ കൊച്ചിയിൽ നിന്നും ബാക്കി ആളുകൾ തിരുവിതാംകൂറിൽ നിന്നുമായിരുന്നു. കോഴിക്കൂട്ടുകൾ അടിച്ചു വാരുക, കോഴിക്കാഷ്ടം വാരിക്കളയുക, കോഴിയ്ക്കു തീററി കൊടുക്കുക, സുഖക്കേടുള്ള കോഴികളെ ചികത്സിക്കുക തേനെടുക്കുക, തേനീച്ചക്കൂട്ട പരിശോധിക്കുക, മെഴുകു് ശുദ്ധിചെയ്യെടുക്കുക, കൈതനടുക, കശുനണ്ടിചുട്ടുതല്ലുക, കരുപ്പട്ടി ഉണ്ടാക്കുക, കാളകളുടെയും ആടുകളുടെയും തൊഴുത്തുകൾ അടിച്ചുവാരിവൃത്തിയാക്കുക, കാളകളേയും ആടുകളേയും കുളിപ്പിക്കുക, കാളകൾക്കു് കടലയ്ക്കയും പരുത്തിക്കൊട്ടയും അരച്ചു കൊടുക്കുക പുല്ലരിയുക, ബോർഹോൾകക്കൂസുണ്ടാക്കുക മുതലായ ജോലികളിലെല്ലാം വിദ്യാത്ഥികൾക്കു് ശാസ്ത്രീയമായ പരിശീലനം നൽകുന്നു. ഞായറാഴ്ച ഒഴിച്ചുള്ള മററുള്ള ദിവസങ്ങളിൽ അഞ്ചുക്ലാസുകളുണ്ട്. ഡോക്ടർഹാ

ച്ചും മിസിസ് ഹാച്ചും മി. യേശുദാസനും ക്ലാസുകളെടുക്കാറുണ്ടായിരുന്നു. ഇവയ്ക്കു പുറമെ, നെയ്യൂർ ആശുപത്രിയിലെ ഡോക്ടർ സോമെർവൽ, തിരുവനന്തപുരം ആർട്ട്സ് കോളേജിലെ മിസ് ഔവെർകെർക്ക് വിളവൻകോട് താലൂക്ക് കൊഓപ്പറേറ്റീവ് ഇൻസ്പെക്ടരായ മി. എ. രാമലിംഗയ്യർ തിരുവിതാംകൂർ കൃഷിഡയറക്ടരായ മി. കെ. ആർ. നരായണയ്യർ, തിരുവതാംകൂർ സർവകലാശാലയിലെ ടെക്നോളജി ഡയറക്ടരായ ഡോക്ടർ എച്ച്. പരമേശ്വരൻ, തിരുവനന്തപുരത്തെ ഒരു അഭിഭാഷകയായ മിസ്. ആനിമാസ്ക്കറീൻ, നെയ്യാററിൻകര ഹെൽത്ത് യൂണിററിലെ ഡോക്ടർ എൻ. നീലകണ്ഠൻനായർ, തിരുവനന്തപുരം കന്നുകാലി ഫാറത്തിലെ അസി. സൂപ്രേണ്ടായ മി. എച്ച്. എസ് വൈദ്യ എക്കണോമിക്ക് ഡെവലപ്പ്മെൻറ് ബോർഡ് സിക്രട്ടറിയായ മി. എ. ഒ. വർഗ്ഗീസ്, ഊരളന്നൂർ സ്കൂളിലെ മി. എം. കെ. വർഗ്ഗീസ്, മദ്രാസ് വൈ. എം. സി. എ. യിലെ മി. ജെ. എച്ച്. ഡൺഡെർഡെയിൽ മുതലായവരുടെ പ്രത്യേക പ്രസംഗങ്ങളുമുണ്ടായിരുന്നു. ഒന്നരമാസത്തെ പഠനത്തിനു ശേഷം എല്ലാവൎക്കും സർട്ടിഫിക്കററുകൾ കൊടുക്കുകയുമുണ്ടായി.

# വിദ്യാഭ്യാസം വഴിക്ക സർവ്വലോക സൌഹൃദപ്രചരണം. *

ഈ സായാഹ്നത്തിൽ വിദ്യാഭ്യാസസമിതികളുടെ അഖിലലോക സംഘടനയുടെ പ്രധാന ഉദ്ദേശ്യങ്ങളിൽ ഒന്നായ "വിദ്യാഭ്യാസം വഴിക്ക സർവ്വലോകസൌഹൃദപ്രചരണം" എന്ന വിഷയത്തെ അധികരിച്ചു ഒരു പ്രസംഗം ചെയ്യാൻ എന്നെ ക്ഷണിച്ചതു് ഒരു വലിയ ബഹുമതിയായി ഞാൻ കരുതുന്നു. എന്തായാലും ഈ മഹത്തും പ്രശസ്തവുമായ യോഗത്തോട് എൻെറ ജന്മഭൂമിയുടെ—ഒരു പക്ഷെ ലോകത്തിലെ ഏററവും വലിയ ജനസംഖ്യയുള്ള ഒരു രാജ്യത്തിൻെറ-35 കോടി—ലോകത്തിൻെറ അഞ്ചിൽ ഒന്നു ജനതയുടെ അധിവാസസ്ഥാനമായ ആ വിസ്തൃതരാജ്യത്തിൻെറ—ഹാർദ്ദമായ അഭിവാദനം അറിയിക്കുക എന്നുള്ളതാണ് എൻെറ പ്രഥമവും പ്രധാനവുമായ കടമ. ഇൻഡ്യാഗവമ്മേണ്ടിൻെറ പ്രതിനിധി എന്ന നിലയിലും വിദ്യാഭ്യാസസമിതികളുടെ അഖിലേന്ത്യാസംഘടനാദ്ധ്യക്ഷൻ

* (പ്രിൻസിപ്പാൾ ശേഷാദ്രി അവർകൾ ചെയ്ത പ്രസംഗം)

എന്ന നിലയിലും ഈ സമ്മേളനത്തിനു സർവ്വവിധഭാവുകങ്ങളും അതിന്റെ വിജയപൂർത്തിക്കു ആശിസ്സും ആദ്യമേ തന്നെ മററന്തെങ്കിലും ചെയ്യുന്നതിനു മുമ്പു് പ്രാർത്ഥിച്ചു കൊള്ളുന്നു.

എനിക്കു പ്രത്യേകിച്ചും ഇന്ത്യാക്കാർക്കു പൊതുവേയും ഈ ജപ്പാൻ സാമ്രാജ്യത്തിൽ വരുകയെന്നുള്ളതു് ഏററവും സന്തോഷപ്രദമായ ഒരു കാര്യമാണു്. ശ്രീബുദ്ധദേവന്റെ ദിവ്യസന്ദേശം നമ്മുടെ ജന്മഭൂമിയിൽ നിന്നും ചൈനവഴി ഈ നാട്ടിൽ എത്തിച്ചേർന്ന ആ പുരാതനകാലം മുതൽ തുടങ്ങി സാംസ്കാരികവും നാഗരീകവും ആയ അനേകം കെട്ടുപാടുകളാൽ നമ്മുടെ രാജ്യത്തോടു ബന്ധിക്കപ്പെട്ടു കിടക്കുന്ന ഈ രാജ്യം നമ്മളെ സംബന്ധിച്ചിടത്തോളം ഒരു വിദേശരാജ്യമല്ല; അതു ഞങ്ങളുടെ മററാരു സ്വദേശം മാത്രമാണു്. ഇന്ത്യൻപ്രതിനിധിസംഘത്തിൽപ്പെട്ട ഞങ്ങൾ ഇക്കഴിഞ്ഞ കുറച്ചുദിവസങ്ങളായി ആതിഥ്യമര്യാദക്കു പണ്ടേ തന്നെ കേൾവിപ്പെട്ട ഈ രാജ്യത്തു് കഴിച്ചു കൂട്ടുന്നു. ഈ മനോഹരമായ ഭൂഭാഗത്തിൽ സഞ്ചരിക്കുന്നതിലും ഇവിടത്തെ സരസരായജനസമൂഹവുമായി പരിചയപ്പെടുന്നതിലും ഞങ്ങൾക്കു് അതിയായ സന്തോഷമാണുണ്ടായിരുന്നതു്.

ജപ്പാനിൽ വന്നു ചേരുന്നതിൽ ഞങ്ങൾക്കു് അഭിമാനം തോന്നുന്നതിനു് ഒരു കാരണമുണ്ടു്. ഇക്കഴിഞ്ഞ ഏതാനും ദശകങ്ങളായി ഏഷ്യാക്കാരെ സംബന്ധിച്ചു് പാശ്ചാത്യർ തോന്നിയിരുന്ന അവജ്ഞയെ ഇല്ലായ്മ ചെയ്യുന്നതിനു് ഈ രാജ്യം വളരെ ശ്രമം ചെയ്തിട്ടുണ്ടെന്നുള്ളതാണു് അതു്. മററു ലോകമഹാശക്തികൾ ഇന്നു് സബഹുമാനം വീക്ഷിക്കുന്ന ഏഷ്യയിലെ ഏകശക്തിയും ജപ്പാൻ മാത്രമാണു്. തങ്ങളുടെ ജനങ്ങളുടെ വിദ്യാഭ്യാസപുരോഗതിക്കായി ഇത്രത്തോളം പ്രയത്നിച്ചിട്ടുള്ള ഒരു രാഷ്ട്രത്തിൽ വരുന്നതിലും ഞങ്ങൾക്കു് അതിയായ സന്തോഷമുണ്ടു്

ഇനി വിഷയത്തിലേക്കു പ്രവേശിക്കാം. ലോകത്തിലെ വിദ്യാഭ്യാസപ്രവർത്തകന്മാരെല്ലാവരും മനസ്സു് വച്ചു് സർവ്വരാജ്യസൌഹൃദത്തിനായി പ്രവർത്തിക്കുകയാണെങ്കിൽ അതു് ഇന്നല്ലെങ്കിൽ അടുത്ത ഏതാനും ദശകങ്ങളിലെങ്കിലും വിജയപര്യവസായിയായി തീരുമെന്നു് ഞാൻ ആദ്യമേ തന്നെ ദൃഢമായി പറഞ്ഞുകൊള്ളട്ടെ. ഈ സമ്മേളനത്തിൽ സംബന്ധിച്ചിരിക്കുന്ന അദ്ധ്യാപകന്മാരെ,! നിങ്ങളുടെ ശ്രദ്ധയെ ഞാൻ "രാജ്യത്തിലെ ശിശുക്കളെ എന്നെ ഏല്പിക്കുക. ബാക്കിയുള്ളവർക്കു എന്തു സംഭവിക്കുന്നു എന്നുള്ളതിനെപ്പററി ഞാൻ ക്ലേശിക്കുന്നില്ല" എന്നു് ജീസസ്സ് സംഘത്തിന്റെ സുപ്രസിദ്ധസ്ഥാപകനായ ഇഗ്നേഷ്യസ് ലയോള പറഞ്ഞ മ

ഹൃദപാകൃത്തിലേക്ക് ക്ഷണിച്ചുകൊള്ളുന്നു. നമ്മളുമായി ബന്ധപ്പെട്ടിട്ടുള്ള സ്കൂളുകളിലും കാളേജുകളിലും സർവ്വരാജ്യസൌഹൃദത്തിൻെറ സിദ്ധാന്തങ്ങളെ പ്രചരിപ്പിക്കുന്നതിനു നമുക്ക് സാധിച്ചാൽ മനുഷ്യസമുദായത്തിൻെറ ശുഭഭാവിയെപ്പററി ഒട്ടുംതന്നെ നിരാശപ്പെട്ടിട്ടു കാര്യമില്ല.

ടെറൻസ് — ആ പേരു ഈ യോഗത്തിൽ സന്നിഹിതരായിട്ടുള്ള ചില അദ്ധ്യാപകന്മാരെങ്കിലും അറിഞ്ഞിരിക്കുമെന്നു വിശ്വസിക്കുന്നു— എന്ന സുപ്രസിദ്ധ നാടകകർത്താവിൻെറ ഒരു കഥ പറയാൻ എനിക്കു എപ്പോഴും ഇഷ്ടമാണ്. സ്വയംപീഡിതൻ എന്ന വിഷമമേറിയ ഒരു പേരുള്ള അദ്ദേഹത്തിൻെറ ഒരു നാടകത്തിൽ ഒരു വിചിത്ര കഥാപാത്രമുണ്ട്. തന്നെ സംബന്ധിക്കാത്ത കാര്യങ്ങളെപ്പററി യാതന അനുഭവിക്കുന്ന ഒരാളാണ് ആ കഥാപാത്രം. ഒരു തെരുവിലെ ഒരുത്തൻെറ ഭാര്യ മരിച്ചു; വേറെ എവിടേയൊ ഉള്ള വേറൊരുവൻെറ ഒരു കിടാവു കൊല്ലപ്പെട്ടു; ഏതോ ഒരുത്തൻെറ കുട്ടിക്ക് സുഖമില്ല. ഇതെല്ലാമായിരുന്നു അദ്ദേഹത്തിൻെറ സങ്കടം "നിങ്ങളെ സംബന്ധിക്കാത്ത കാര്യങ്ങളെപ്പററി നിങ്ങൾ എന്തിനാണിത്ര വിഷമിക്കുന്നതു്." എന്നൊരിക്കൽ അയാളോടു ചോദിച്ചു. അപ്പോൾ അദ്ദേഹം പറകയാണ്. "മനുഷ്യനെ സംബന്ധിക്കുന്ന കാര്യങ്ങൾ എന്നെ സംബന്ധിക്കാത്തതായി വരുകയില്ല" എന്നു. ലോകത്തിലെ സാഹിത്യചരിത്രത്തിൽ സുപ്രസിദ്ധമായ ഒരു വാചകം! അദ്ദേഹം പറഞ്ഞതിൻെറ അർത്ഥം മനുഷ്യനെ സംബന്ധിക്കുന്നതെല്ലാം തന്നെയും സംബന്ധിക്കുമെന്നാണ്. അദ്ധ്യാപകരായ നാം മനുഷ്യരെ സംബന്ധിക്കുന്നതെല്ലാം നമ്മെയും സംബന്ധിക്കുന്നതാണെന്നു മനസ്സിലാക്കുകയും നമ്മുടെ ശിഷ്യഗണങ്ങൾക്കു മനുഷ്യവർഗ്ഗത്തിൻെറ ഐക്യതയെ ബോദ്ധ്യപ്പെടുത്തിക്കൊടുക്കുകയും ചെയ്യുന്നു എങ്കിൽ ലോകസൌഹൃദം സ്ഥാപിക്കുന്നതിൽ നാം വളരെ ദൂരം പുരോഗമിച്ചു എന്നു പറയാം.

റഡ്‌ഡ്യാർഡ് കിപ്ലിംഗ് എന്ന സുപ്രസിദ്ധനായ ഇംഗ്ലീഷ് കവിയെ പലരും അദ്ദേഹം ഒരു വിഭജനവാദിയെന്നു തെററായി ധരിച്ചിട്ടുണ്ട് "പൌരസ്ത്യം പൌരസ്ത്യവും പാശ്ചാത്യം പാശ്ചാത്യവുമാണ്. ഇവ രണ്ടും ഒന്നായിച്ചേരുകയെന്നുള്ളതില്ല" എന്ന അദ്ദേഹത്തിൻെറ സുപ്രസിദ്ധമായ പദ്യശകലം നിങ്ങളിൽ അധികംപേർക്കും അറിയാം. പക്ഷേ ഈ പദ്യശകലം മനുഷ്യരാശിയുടെ ഐക്യതയെ ദൃഢീകരിക്കുന്നതിനു ഉദ്ദേശിക്കപ്പെട്ടിട്ടുള്ള ഒരു കവിതയിലാണു കാണുന്നതു്. അതു് അധികം ആർക്കും അറിയാമെന്നു തോന്നുന്നില്ല. അതിൻെറ അടുത്ത ഭാഗത്തിൽ അദ്ദേഹം പറയുന്നതു് ഇങ്ങനെയാണ്. "പക്ഷേ പാശ്ചാത്യവും പൌരസ്ത്യവും അതി

ത്തിയും, ഉൽകൃഷ്ടതയും ഒന്നും തന്നെ ഭൂമിയുടെ രണ്ടററത്തുനിന്നും വരുന്നവ രായാലും രണ്ടു ശക്തന്മാർ നേക്കുനേർ അഭിമുഖീകരിക്കുമ്പോൾ ഇല്ല."

ഇക്കഴിഞ്ഞയിടയ്ക്കു അദ്ദേഹം ചരമം പ്രാപിച്ചുവെന്നുള്ളതു് വള രെ സങ്കടകരമാണു്. തന്നിമിത്തം ഉണ്ടായിരുന്ന വിടവു് ഇംഗ്ലീഷ് സാ ഹിത്യത്തെ മാത്രമേ ബാധിക്കുകയുള്ളു എന്നു വച്ചാൽതന്നെ വലുതാണു്. എന്നാൽ പാശ്ചാത്യരും പൌരസ്ത്യരും കൂടിയിട്ടുള്ള ഈ മഹാ സമ്മേളന ത്തിൽ ഇന്നു അദ്ദേഹം ഇവിടെ ഉണ്ടായിരുന്നുവെങ്കിൽ "ലോകത്തിലെ അദ്ധ്യാപകന്മാർ ടോക്കിയോവിൽവച്ചു സർവ്വലോകസമ്മേളനത്തിൽ സ ന്നിഹിതരായിരിക്കുമ്പോൾ പാശ്ചാത്യമെന്നും പൌരസ്ത്യമെന്നും ഉള്ള ഭേ ദം ഇല്ല" എന്നു ഉൽഘോഷിക്കുമായിരുന്നു. ഇതിനു തെളിവു് ആവശ്യമെ ങ്കിലും ആവശ്യമുണ്ടെങ്കിൽ ഭൂമിയുടെ പല ഭാഗങ്ങളിൽ നിന്നും സ്നേഹ പാരമ്യത്തിൽ സമ്മേളിച്ചിരിക്കുന്ന പരസഹസ്രം അദ്ധ്യാപകന്മാർ ആ ണു് ഇക്കാണുന്നതെന്നു് ഒന്നു് ഓർത്താൽ മാത്രം മതി. നമ്മുടെ തൊഴി ലിൽ ഏർപ്പെട്ടിരിക്കുന്നവക്കു് ലോകത്തിൻെറ മററു ഭാഗങ്ങളിൽ നിന്നും വരുന്ന അദ്ധ്യാപകന്മാരെ കാണുമ്പോൾ നാം വിചാരിക്കുമ്പോലെ ഒ രു രാജ്യവും മറെറാരു രാജ്യവും തമ്മിൽ അത്ര വലിയ വ്യത്യാസമില്ലെന്നു ബോദ്ധ്യം വരുന്നതാണു്.

ലോകം ചുററി ഒരുത്തൻ യാത്ര ചെയ്യുന്ന പക്ഷം മാനവസമുദാ യത്തിൻെറ അത്ഭുതകരമായ തുല്യതയിൽ അയാൾക്കു അത്യന്തം കൗതു കം തോന്നും. ഒരുദാഹരണം പറയാം. പാരസീകരുടെ ധർമ്മം, ഭാരതീ യരുടെ സത്യം, ജർമ്മൻകാരുടെ ദയ, ഇംഗ്ലീഷുകാരുടെ അലിവു് എന്നിങ്ങ നെ പറയപ്പെടുന്നതൊന്നും പ്രത്യേകം തിരിച്ചറിവാൻ സാദ്ധ്യമല്ല. ഈ മൌലികഗുണങ്ങളെല്ലാം തന്നെ അതുപോലെ നമ്മുടെ ദൌർബല്യങ്ങളും മ നുഷ്യരാശിക്കു പൊതുവിൽ ഉള്ളവതന്നെയാണു്. ഒരു ഭാഗത്തു വർണ്ണ ശോഭയില്ലാതെ വിളുത്തുവെളുത്ത മുഖമുള്ളവർ, മറെറാരു ഭാഗത്തു പൊ ങ്ങിയ ഗണ്ഡാസ്ഥികളോടു കൂടിയ പീതമുഖന്മാർ, വേറൊരു ഭാഗത്തു ത വിട്ടുനിറത്തോടു കൂടിയവർ, ഇനിയൊരു ഭാഗത്തു കറമ്പന്മാർ ഇങ്ങനെയാ ണു ലോകത്തിൽ മനുഷ്യർ. പക്ഷേ മാനവരാശിക്കു് എല്ലാം ഒരേ ചിത്ത വൃത്തി തന്നെയാണു് എന്നു ഞാൻ നിങ്ങളോടു ഉറപ്പു പറയുന്നു. മനു ഷ്യസമുദായത്തിൻെറ വ്യത്യാസങ്ങളെ പ്രബലപ്പെടുത്തുവാൻ ശ്രമിക്കുന്ന വൻ തീർച്ചയായും ബുദ്ധിശൂന്യനാണു്. മനുഷ്യരാശിയുടെ ഐക്യതയെ ശരിയായി ബോദ്ധ്യപ്പെടുത്തുവാൻ ശ്രമിക്കുന്നവൻ യഥാർത്ഥമഹാനുമാ ണു്.

തങ്ങളുടെവർഗ്ഗത്തിനുണ്ടെന്നു പറയപ്പെടുന്ന മേന്മയേയും സംസ്കൃതി യേയും പററി അഹംകരിക്കുന്നവർ ചിലരുണ്ടെന്നുള്ളതു് കഷ്ടം തന്നെ. പ

ക്ഷേ രാഷ്ട്രങ്ങളുടെ ചരിത്രം പഠിച്ചിട്ടുള്ള ആക്കും തന്നെ വർഗ്ഗശുദ്ധി എന്നൊന്നുള്ളതു് ഈ ലോകത്തിൽ അവശേഷിച്ചിട്ടില്ലെന്നു ബോദ്ധ്യമാവും. എന്തെന്നാൽ മനുഷ്യവർഗ്ഗങ്ങളുടെ സങ്കരം തുടരെ തുടരെ ഉണ്ടായിട്ടുണ്ട്. പ്രായേണ സന്ദർഭങ്ങളുടെ ആനുകൂല്യവും അതിൻെറ അഭാവവും കൊണ്ടുണ്ടായിട്ടുള്ളതാണ് ഇന്നു് മനുഷ്യവർഗ്ഗങ്ങളുടെ ഇടയിൽ കാണുന്ന ഉച്ചനീചത്വങ്ങൾ. മനുഷ്യവർഗ്ഗത്തിൻെറ ഏററവും അധഃസ്ഥിതിയിൽ സ്ഥിതി ചെയ്യുന്ന ഒരുത്തനു് വേണ്ട അവസരങ്ങൾ ലഭിക്കുന്ന പക്ഷം ഏററവും ഉച്ചസ്ഥിതിയിൽ ഇരിക്കുന്ന ഒരുവനോടൊപ്പം സ്വഭാവത്തിലും ബുദ്ധിശക്തിയിലും ഔന്നത്യമേറിയ ഒരു സ്ഥാനം കൈവശമാക്കാൻ അസാദ്ധ്യമാണെന്നും വിചാരിക്കാൻ ഞാൻ കാരണമൊന്നും കാണുന്നില്ല. ഇതുപോലെ തന്നെ തങ്ങളുടെ രാജ്യത്തിൽ തന്നെ വസിക്കുന്ന ചിലരേക്കാൾ തൻെറ രക്തത്തിനു മേന്മയുണ്ടെന്നു് നടിക്കുന്നതും ബുദ്ധിമോശമാണ്. ബയറൺ പ്രഭുവിനെ പററി ഒരു കഥ കേട്ടിട്ടുണ്ട്. അദ്ദേഹം പള്ളിക്കൂടത്തിൽ പഠിക്കുന്ന കാലത്തു മററുള്ളവരെക്കാൾ ഉയന്നവനാണെന്നുള്ള ഒരു ഭാവവും ഒരു ദുരഭിമാനവും മററും ഉള്ള കുട്ടിയായിരുന്നു. താൻ ഒരു പ്രഭുവാണ്. തൻെറ സിരകളിൽ കൂടി പായുന്നതു് നീലരക്തമാണെന്നു അദ്ദേഹം തൻെറ സതീർത്ഥ്യരോടു വമ്പു പറയും. ഒരു ദിവസം സതീർത്ഥ്യരിൽ ഒരുവൻ അദ്ദേഹവുമായി വഴക്കു പിടിച്ചു. പ്രഭുവിൻെറ നാസികയ്ക്കു കണക്കിനു ഒരടി കിട്ടി; രക്തം പ്രവഹിക്കാൻ തുടങ്ങി. "നിങ്ങളുടെ രക്തം ചുകന്നതു തന്നെ നീലയല്ല" എന്നു കുട്ടികൾ അപ്പോൾ കൂകി വിളിക്കാൻ തുടങ്ങി. എല്ലാവരുടേയും രക്തം ചുകന്നാണ്; ആരുടേയും നീലയല്ല. അതുകൊണ്ടു ഒരു വർഗ്ഗം മറെറാരു വർഗ്ഗത്തിനേക്കാൾ ഉയന്നതെന്നോ ഒരു സമുദായം മറെറാരു സമുദായത്തേക്കാൾ ശ്രേഷ്ഠമെന്നോ പറയുന്നതു് അവിവേകമാണ്.

ഇന്നത്തെ സായാഹ്നത്തിലെ കാര്യപരിപാടിയിൽ ഞാൻ ഭാഗഭാക്കാകുന്നതിനു കൂടുതൽ സാംഗത്യമുണ്ട്. സവ്വലോകസാഹോദര്യവും സമാധാനവും എന്ന ആദശങ്ങളെ മതത്തിൻെറ മൗലികസിദ്ധാന്തങ്ങളിൽ ഒന്നായി ഗണിച്ചിട്ടുള്ള ഒരു മനുഷ്യവർഗ്ഗമാണ് എൻേറതു്. "ഓം ശാന്തി ശാന്തി ശാന്തി" എന്ന സമാപനമന്ത്രം കൂടാതെ ഒരു പ്രാത്ഥനയും ഭാരതീയക്കു പൂണ്ണമാകുന്നതല്ല. "ലോകാഃ സമസ്താഃ സുഖിനോ ഭവന്തു" എന്നുള്ള വാക്കുകൾ കൂടാതെ ഒരു ആശീർവാദവും ഞങ്ങൾ പൂണ്ണമായി എന്നു കണക്കാക്കാറില്ല. ഒരു വിവാഹാവസരത്തിൽ ആശീർവാദം വധൂവരന്മാക്കു മാത്രമല്ല. "ലോകാഃ സമസ്താഃ സുഖിനോ ഭവന്തു" എന്നാണ് അന്നേരത്തേയും അനുഗ്രഹം. ഒരു കുടുംബത്തിൽ എന്തെങ്കിലും ഒരു മതപരമാ

യ ചടങ്ങുണ്ടായാൽ ഇങ്ങനെ അശീർവദിക്കാറുണ്ട്. അങ്ങനെയുള്ള ഒരു രാഷ്ട്രത്തിലെ ഒരു പ്രജയായ എനിക്കു വിദ്യാഭ്യാസം വഴിക്കു സവ്വലോക സൗഹൃദം സ്ഥാപിക്കുന്നതിനു ശ്രമിക്കുന്ന ഈ പ്രസ്ഥാനത്തിൻെറ അത്യാവശ്യകതയെ ഹൃദയപൂവ്വം അനുകൂലിക്കുന്നതിനു അതിയായ സന്തോഷമുണ്ട്.

അധ്യാപനവൃത്തിയിൽ ഏർപ്പെട്ടിരിക്കുന്ന നിങ്ങളിൽ—അധികം പേരും അങ്ങനെയാണെന്നു ഞാൻ ഉദ്ദേശിക്കുന്നു—ചിലർ "വിദ്യാഭ്യാസം വഴി എങ്ങനെയാണ് സവ്ലോകസൗഹൃദം വളത്തുകയെന്നു" ഒരു പക്ഷേ ചോദിച്ചേക്കാം. ജനീവായിൽ സവ്രാജ്യസഖ്യത്തിൻെറ ഒരു സമിതിയിൽ ഞാൻ വളരെക്കാലം ജോലിനോക്കിയിട്ടുണ്ട്. ആ സമിതിയുടെ പേരു കുറച്ചു സംഭ്രമജനകമായി തോന്നിയേക്കാം. "വിദ്യാഭ്യാസ വിദഗ്ദ്ധ സമിതി" എന്നാണ് അതിൻെറ പേര്. ലോകത്തിലെ എല്ലാ ജനവഗ്ഗങ്ങളുടെയും അടുത്ത തലമുറക്കാരിൽ സഖ്യത്തിൻെറ തത്വങ്ങളെ പ്രചരിപ്പിക്കുന്നതിനുള്ള മാഗ്ഗങ്ങളെപററി സവ്രാജ്യസഖ്യത്തിനെ ഉപദേശിക്കുക എന്നുള്ളതാണ് ഞങ്ങളുടെ ചുമതലകളിൽ ഒന്ന്. വഷന്തോറും അനേകദിവസം പ്രസിദ്ധ ഇംഗ്ലീഷ് പണ്ഡിതനായ പ്രഫസർ ഗിൽബർട്ട് മറെയുടെ മഹനീയാദ്ധ്യക്ഷതയിൽ കൂടി എങ്ങിനെയാണ് സവ്രാജ്യസൗഹൃദം വിദ്യാഭ്യാസംവഴി കൈവളത്തുന്നതെന്നു ഞങ്ങൾ ആലോചിച്ചിരുന്നു. ഈ പ്രശ്നത്തിൻെറ ചില വശങ്ങളെപ്പററി പറയുന്നതിനു ഞാൻ ഏതാനും നിമിഷം വിനിയോഗിച്ചുകൊള്ളട്ടെ.

ലോകത്തിലെ മനുഷ്യർ അന്യോന്യം ശരിയായതരത്തിൽ മനസ്സിലാക്കാതിരിക്കുന്നതിനുള്ള ഒരു കാരണം അജ്ഞതയാണെന്നു ഏതാനും നിമിഷങ്ങൾക്കു മുമ്പു നമ്മുടെ അദ്ധ്യക്ഷനായ ഡാക്ടർ പാംമൺറോ നമ്മോടു പറയുകയുണ്ടായി. വാസ്തവത്തിൽ ശബ്ദതത്വശാസ്ത്രം ഈ പരമാത്ഥത്തിനു ബോദ്ധ്യം വരത്തക്ക തെളിവു തരുന്നതാണ്. നമ്മിൽ പലക്കും "ബാർബറസ്" എന്ന ഇംഗ്ലീഷ് വാക്ക് അറിയാം. കാടൻ അപരിഷ്കൃതൻ എന്നല്ലാമാണ് ഈ വാക്കിനു നാം ധരിച്ചിട്ടുള്ള അത്ഥം. പക്ഷേ ആ വാക്കിൻെറ നിഷ്പത്തി ഗ്രീക്കുഭാഷയിൽ നിന്നാണെന്നും ആ ഭാഷയിൽ ആ വാക്കിനു അപരിചിതൻ, അജ്ഞാതൻ എന്നിങ്ങനെയാണു അത്ഥമെന്നും നമുക്ക് അധികംപേർക്കും അറിയാൻ പാടില്ല. ആളുകളെപററി ശരിയായി അറിയാൻ പാടില്ലാത്തപ്പോൾ അവരെപ്പററി നമ്മൾക്കു പല തെററിദ്ധാരണകളും ഉണ്ടാകാറുണ്ട്. ഈ പരമാത്ഥത്തെ ദൃഢപ്പെടുത്തുന്ന ററൊരു ഇംഗ്ലീഷ് വാക്കുണ്ട്. "അൺകൂത്ത്" എന്നപദം അജ്ഞാതം എന്നത്ഥമുള്ള ഒരു പ്രാചീന പദത്തിൽ നിന്നും നിഷ്പന്നമാണ്. പക്ഷേ ക

ഷ്ടം; ഇപ്പോറം ആ വാക്കിൻെറ അത്ഥം അപരിഷ്കൃതർ, അസൗമ്യം, അസുന്ദരം എന്നല്ലാമാണ്. അൺക്രുത്ത് എന്നൊരാളെപ്പററി പറഞ്ഞാൽ വാക്കിൻെറ വ്യുൽപ്പത്തി അനുസരിച്ചു നിങ്ങറംക്ക് ആളെപ്പററി ഒന്നും അറിഞ്ഞുക്രടെന്നു അത്ഥം. ആ ആളെപ്പററി ഒന്നും അറിയാൻ പാടില്ലാത്തതുകൊണ്ട് അയാറം അസൗമ്യൻ എന്നും കക്ശൻ എന്നും നിങ്ങറം വിചാരിക്കുന്നതു ചേന്നതല്ലല്ലൊ. നമ്മളിൽ പലക്കും ഈ നാട്ടിൽ വരുന്നതിനുമുമ്പ് ഇവിടെയുള്ള ആളുകളെപററി പലതരം മിഥ്യാബോധങ്ങറം ഉണ്ടായിരുന്നുവെന്നു തീർച്ചയാണ്. ഒരു പക്ഷേ സന്തോഷകരമായ നമ്മുടെ ഇവിടത്തെ വാസം ചില മിഥ്യാബോധങ്ങളെ അകററുന്നതിനു പര്യപ്തമായേക്കാം. പുസ്തകത്തിൽ നിന്നല്ലാതെ ഇവിടത്തെ ആളുകളുമായുണ്ടായ സഹവാസംകൊണ്ട് ഇവിടത്തെ ജീവിതത്തിൻെറയും നാഗരികതയുടേയും ചില നല്ല വശങ്ങളെ നേരിട്ടു മനസ്സിലാക്കി എന്നുള്ള ചാരിതാത്ഥ്യത്തോടെ നമുക്കു സ്വദേശത്തേക്കു മടങ്ങാമെന്നു എനിക്കു നിശ്ചയമാണ്.

സ്കൂളുകളിലും കാളേജുകളിലും പഠിപ്പിക്കപ്പെടുന്ന എല്ലാവിഷയങ്ങളിലും ഈ തത്വം മനസ്സിൽ വയ്ക്കാൻ സാധിക്കുന്നതാണ്. അന്യ മനുഷ്യവഗ്ഗങ്ങളുടെ സൽഗുണങ്ങളെയും സിദ്ധികളേയും ശരിക്കു മനസ്സിലാക്കുവാൻ യുവാക്കന്മാരെ പരിശീലിപ്പിക്കണം. ഭൂമിശാസ്ത്രവിഷയം പഠിപ്പിക്കുന്നവക്കു ഇക്കാര്യത്തിൽ ഒരു പ്രത്യേക ചുമതലയുണ്ട്. അന്യനാട്ടുകളിൽ മഹത്തായികാണുന്നതിനെ വിലമതിക്കാൻ വേണ്ട സുവണ്ണാവസരങ്ങറം ഭൂമിശാസ്ത്രപാഠം നൽകുന്നതാണ്. ലോകത്തിൽ തങ്ങളുടെ രാഷ്ട്രം മാത്രമല്ല മഹത്തായ ഏകരാഷ്ട്രമെന്നു വിദ്യാത്ഥികളെ മനസ്സിലാക്കണം. അധികം ദേശസഞ്ചാരം ചെയ്തിട്ടില്ലാത്ത ഉറംനാട്ടുകാരനായ ഒരു മാന്യൻെറ കഥ ഒരിംഗ്ലീഷ് ഗ്രന്ഥകാരൻ ഒരിടത്തു പറഞ്ഞിട്ടുണ്ട്. അദ്ദേഹം തൻെറ ജീവിതത്തിനിടയിൽ ചില തവണ ലണ്ടൻ മഹാനഗരം സന്ദശിച്ചിട്ടുണ്ട്. അത്രത്തോളമേയുള്ളു അദ്ദേഹത്തിൻെറ ദേശസഞ്ചാരം. ലോകത്തിലേക്കും നീളം ക്രടിയനദിയും പൊക്കം ക്രടിയപവ്വതവും ഇംഗ്ലണ്ടിലാണെന്നായിരുന്നു അദ്ദേഹത്തിൻെറ വിശ്വാസം! ഭൂമിശാസ്ത്രപാഠത്തിനു ഇത്തരം മനോഭാവത്തെ പരിഹരിക്കാൻ കഴിയുന്നതാണ്. ഭാഗ്യവശാൽ നമ്മുടെ ഭൂമിശാസ്ത്രപാഠം ഈയിടെയായി വളരെ പുരോഗിമച്ചിട്ടുണ്ട്. അതുകൊണ്ട് ഭാഗ്യഹീനരായ വിദ്യാത്ഥികറംക്ക് ഏതാനും പേരുകറം മാത്രം ഒമ്മിച്ചുവയ്ക്കേണ്ടതായ ഒരു നിസ്സാര വിഷയമല്ല അതു്. ശരിയായി പഠിപ്പിക്കുന്നതായാൽ അതു് ഒരു മനുഷ്യസമുദായശാസ്ത്രമാണ്. അന്യനാട്ടുകളിലെ സുന്ദരങ്ങളായ പ്രകൃതിവിലാസങ്ങളെപ്പററി മാത്രമല്ല അവിടത്തെ മനുഷ്യരുടെ നിത്യജീവിതത്തേയും നാഗരികതയേയും പററി അതു ശരിയായ ബോധം നമ്മിൽ ഉളവാക്കുന്നതാണ്.

സുന്ദരതമങ്ങളായി ലോകത്തിനു സിദ്ധിച്ചിട്ടുള്ളതിൻെറയെല്ലാം ഒരു ബോധം വരത്തക്കവിധത്തിൽ പഠിപ്പിക്കുകയാണെങ്കിൽ കല എന്ന വിഷയം സർവ്വരാജ്യസൗഹൃദം വളർത്തുന്നതു് തന്നെയാണു്. മഹത്തായ ലോകകലക്കു് നിദാനം ഒരു രാജ്യം മാത്രമല്ല. എല്ലാ രാഷ്ട്രങ്ങളുടേയും സംഭാവനകൊണ്ടാണു് അതു പുഷ്ടമായിട്ടുള്ളതു്.

സാഹിത്യവും ഇത്തരത്തിലുള്ള സന്ദർഭങ്ങൾക്കു് ധാരാളം അവകാശം നൽകേണ്ടതാണു്. വിശ്വസാഹിത്യത്തിൽ ദൃഷ്ടമാകുന്ന സൌന്ദര്യ്യപാരമ്യം എല്ലാ സമുദായങ്ങളിലേയും മഹാന്മാരുടെ സഹകരണശ്രമത്തിൻെറ ഫലമായി ഉണ്ടായിട്ടുള്ളതാണു്. അല്ലാതെ ഒരു പ്രത്യേകജനവിഭാഗത്തിൻെറ കഴിവുകളുടെ പ്രകടനമല്ല. വിവിധരാജ്യങ്ങളിലെ കാവ്യങ്ങളുടെ ഒരു സമാഹാരമാണു വിശ്വസാഹിത്യം. ഹോമറുടെ ഊർജ്ജിതവും സ്ഫുടതയും വെർജിലിൻെറ രാജോചിതാഡംബരവും ഡാൻെറിയുടെ മതതാല്പര്യവും ഷേക്സ്പീയറുടെ മനുഷ്യസ്വഭാവപരിജ്ഞാനവും ഗീഥെയുടെ തത്വജ്ഞാനവും എല്ലാം വിശ്വസാഹിത്യത്തിൽ ഉൾപ്പെടുന്നു. ദൈവം അദ്ദേഹത്തിൻെറ കാരുണ്യാതിരേകത്താൽ സമർത്ഥമായ കൈകൾകൊണ്ടു ബുദ്ധിശക്തിയെ ലോകത്തിൻെറ സർവ്വഭാഗങ്ങളിലും വിതരണം ചെയ്യാതെ ഏതെങ്കിലും ഒരു പ്രത്യേക ജനവിഭാഗത്തിനു് മാത്രമായി നൽകിയിരുന്നുവെങ്കിൽ ഈ സിദ്ധികളുടെ എല്ലാം സംയുക്തഫലം ഒരിക്കലും കിട്ടുകയില്ലായിരുന്നു. സാഹിത്യത്തിൻെറ പൂർണ്ണമായ രസം അറിയണമെന്നുണ്ടെങ്കിൽ വിശ്വസാഹിത്യത്തിലെ എല്ലാ പ്രസിദ്ധ കൃതികളേയും പരിചയിച്ചിരിക്കേണ്ടതു ആവശ്യമാണു്. തൻെറ നാട്ടിലെ ഉൽകൃഷ്ടഗ്രന്ഥങ്ങൾ മാത്രം പരിചയിച്ചതുകൊണ്ടായില്ല മററുള്ളവയെ മൂലഭാഷയിൽ പരിചയിച്ചില്ലെങ്കിലും തർജ്ജിമകളെങ്കിലും വായിച്ചിരിക്കേണ്ടതാണു്. സ്കൂളുകളിലെ വിദ്യാർത്ഥികൾക്കു് ഒരു പക്ഷെ ഇതിനുള്ള കാലം ആയിട്ടില്ലെന്നു് ആക്ഷേപം പറയുമായിരിക്കാം. എന്നാൽ കാളേജു് വിദ്യാർത്ഥികൾക്കു ഇതിനു വേണ്ട അവസരങ്ങൾ തീർച്ചയായും ഉണ്ടാകുന്നതാണു്. അത്തരത്തിലുള്ള ഒരു വിശാലവീക്ഷണത്തിനു് അവരെ പ്രേരിപ്പിക്കേണ്ടതുമാണു്.

എന്തായാലും ചരിത്രത്തെപ്പോലെ സർവ്വരാജ്യസൌഹൃദം വളർത്തുന്നതിനു് ഉതകുന്നതും അതിനു് ധാരാളം ഇടം നൽകുന്നതുമായ ഒരു വിഷയം വേറെയില്ല. ഞാൻ മുമ്പു് പറഞ്ഞ ജനീവയിലെ വിദ്യാഭ്യാസവിദഗ്ദ്ധസമിതി ഈ വിഷയത്തിൽ ചില ശുപാർശകൾ ചെയ്തിട്ടുണ്ടു്. അതിൽ ഒന്നു് ലോകത്തിലെ ചരിത്രപുസ്തകങ്ങളെല്ലാം നവീകരിച്ചു സമുദായസ്പർദ്ധയ്ക്കോ രാഷ്ട്രീയസ്പർദ്ധയ്ക്കോ ഇടം നൽകുന്ന ഭാഗങ്ങൾ ഉപേക്ഷിക്കണം എന്നായിരുന്നു. ചരിത്രപുസ്തകങ്ങൾ സ്വരാജ്യസ്നേഹത്തേയും

സ്വരാജ്യാഭിമാനത്തേയും ഉത്തേജിപ്പിക്കാത്തവയും രസശൂന്യങ്ങളും ആയിരിക്കണം എന്നല്ല; ഈ ശുപാശ്യുടെ ഉദ്ദേശം. നേരെ മറിച്ചു തങ്ങളുടെ ദേശീയനേതാക്കന്മാരെപ്പോലെ തന്നെ അന്യരാജ്യക്കാരുടെ ദേശീയനേതാക്കന്മാരെയും ബഹുമാനിക്കണമെന്നും മററുള്ളവക്കു നീരസം ജനിപ്പിക്കുന്ന ചിത്തവൃത്തികളെ ഉപേക്ഷിക്കണമെന്നും . മാത്രമേ അതിന്നു് അത്ഥമുള്ളു.

ബ്രിട്ടീഷുകാർ നെപ്പോളിയനുമായി യുദ്ധംചെയ്തിരുന്ന കാലത്തു ജീവിച്ചിരുന്ന സ്കാട്ടുലണ്ട്കാരിയായ ഒരു വനിതയുടെ കഥ ഈ അവസരത്തിൽ എന്റെ ഓമ്മയിൽ വരുന്നു. ആരോ ഒരാഠം നെപ്പോളിയന്റെ വിജയത്തിന്നായി ഫ്രെഞ്ചുകാർ പ്രാത്ഥിക്കുന്നു എന്നു് പറഞ്ഞുവത്രെ. അവർ തീരിഞ്ഞു ചോദിച്ചു. "എന്തു് അവക്കെങ്ങനെ പ്രാത്ഥിക്കാൻകഴിയും? ദൈവത്തിന്നു് ഫ്രെഞ്ചു് അറിയാമോ?"എന്നു്. ദൈവത്തിന്നു് ഇംഗ്ലീഷ് മാത്രമെ അറിയാവു എന്നും ഫ്രഞ്ചു് അറിയാൻപാടില്ലെന്നുമാണു് ആ സാധു സ്ത്രീ സത്യത്തിൽ വിശ്വസിച്ചതു്. അദ്ദേഹം എന്നും ഇംഗ്ലീഷുകാരുടെ പക്ഷത്താണു്; മററാക്കും അദ്ദേഹം അനുകൂലിയല്ല; എന്നായിരുന്നു ആ മദാമ്മയുടെ ബോധം. ചരിത്രത്തെ മനുഷ്യർ തമ്മിൽ നടത്തീട്ടുള്ള ക്രൂരമായ യുദ്ധങ്ങളുടെ ഒരു പ്രദശനരംഗമായിട്ടല്ല വിദ്യാത്ഥികളെ പഠിപ്പിക്കേണ്ടതു്. സമാധാനത്തിലും നാഗരികതയിലും അവക്കു സിദ്ധിച്ചിട്ടുള്ള നേട്ടങ്ങളുടെ ഒരു വിവരണമായിട്ടാണു് അതു് പഠിപ്പിക്കപ്പെടേണ്ടതു്.

ഞങ്ങളുടെ രാജ്യത്തിൽ ഞങ്ങൾക്കു് അഭിമുഖീകരിക്കേണ്ടതായി വന്നിട്ടുള്ള ഒരു വലിയ പ്രശ്നം മനുഷ്യർ തമ്മിൽ പലപ്പോഴും വിരോധം വദ്ധിപ്പിക്കുന്ന മതങ്ങളുടെ വദ്ധനവാണു്. ഇതു ഞങ്ങൾക്കു സ്വയം അഭിനന്ദിക്കുന്നതിനുള്ള ഒരു കായ്യമല്ല. പക്ഷെ ലോകത്തിൽ വിവിധമതങ്ങളുണ്ടെന്നുള്ള പരമാത്ഥം സവ്വരാജ്യസൌഹാദസ്ഥാപനത്തിന്നു് ഒരു പ്രതിബന്ധമായി ഒരിക്കലും വരരുതു്. മതസംബന്ധമായ താത്വികദശനം ഒരു പ്രത്യേകസമുദായത്തിന്റെ കുത്തകയല്ലന്നു മനസ്സിലാക്കുന്നതു നന്നായിരിക്കും. അതുപോലെ തന്നെ ദൈവസാക്ഷാൽകാരത്തിന്നു് അനേകം മാഗ്ഗങ്ങൾ ഉണ്ടെന്നു പഠിപ്പിക്കുന്നതും നല്ലതാണു്. എന്റെ തന്നെ മതത്തിന്റെ ഒരു പ്രധാന സിദ്ധാന്തമെന്തെന്നാൽ അനേകം പേരുകളാൽ അറിയപ്പെടുന്നുവെങ്കിലും ദൈവം ഒന്നാണെന്നാണു. ഒരു നഗരത്തിലേക്കു അനേകം രാജപാതകൾ ഉള്ളതുപോലെ വിവിധമതങ്ങൾ എല്ലാംതന്നെ ഈശ്വരസാക്ഷാൽക്കാരത്തിനുള്ളതാണെന്നാണു ഞങ്ങളുടെ മതഗ്രന്ഥങ്ങളെല്ലാം എന്നും ഉൽഘോഷിക്കുന്നതു്. ഓരോ ജലാശയങ്ങളിലും സൂയ്യന്റെ പ്രതിബിംബം കാണുന്നതു പോലെ തന്നെ എല്ലാ മതങ്ങളിലും ഈശ്വരനെ കാണാൻ കഴിയും. ഒരു മുത്തുമാലയിലുള്ള എല്ലാ മു

ത്തുകളിൽ കൂടിയും ഒരേ നൂൽ തന്നെ പോകുന്നതുപോലെ ദൈവം ലോകത്തിലെ എല്ലാ മതങ്ങളിലും സ്ഥിതി ചെയ്യുന്നു. ക്ലാസുമുറിയിൽ വച്ചു ഒരിക്കലും വിസ്മരിക്കപ്പെട്ടുവാൻ പാടില്ലാത്ത ഒരു പാഠമാണിതു്.

ഈയിടെ അമേരിക്കയിൽ സഞ്ചരിച്ചുകൊണ്ടിരുന്നപ്പോൾ ഒരു ഞായറാഴ്ചദിവസം ഞാൻ യാത്ര ചെയ്തിരുന്ന വണ്ടിയിലെ ഒരു നീഗ്രോ ജോലിക്കാരനുമായി സംസാരിക്കാനിടയായി. പ്രാർത്ഥന കഴിഞ്ഞു അയാൾ ബൈബിൾവായിക്കുകയായിരുന്നു. അയാളുടെ വായനയിലുള്ള ഭക്തിയും ശ്രദ്ധയും അയാളേക്കാൾ ഉയർന്ന പലക്കും മാതൃകായോഗ്യമായിരുന്നു. അയാൾക്കു എന്നോടു ഒരു പ്രത്യേകത തോന്നിയപോലെ തോന്നി. ഞാൻ ഒരു ക്രിസ്ത്യാനിയാണോ എന്നയാൾ എന്നോടു ചോദിച്ചു. ഞാനൊരു ഹിന്ദുവാണെന്നും ക്രിസ്ത്യാനിയല്ലെന്നും അയാളോടു ഉത്തരം പറഞ്ഞു. "പക്ഷെ നിങ്ങൾ ഒരു ക്രിസ്ത്യാനിയെപ്പോലെഇരിക്കുന്നല്ലോ" എന്നയാൾ സന്തോഷപൂർവ്വം ഒന്നു മന്ദഹസിച്ചിട്ടു വീണ്ടും പറഞ്ഞു. അതുപോലെ ഒരു സൽസ്വഭാവിയായ ക്രിസ്ത്യാനിയെ കാണുമ്പോൾ "നിങ്ങൾ ഒരു ഹിന്ദുവിനെപ്പോലെ ഇരിക്കുന്നല്ലോ" എന്നു പറയാൻ എനിക്കും കഴിഞ്ഞേക്കാം. മനുഷ്യർ ബഹുമതിക്കുന്ന സൽഗുണങ്ങൾ ഉള്ളിടത്തോളം കാലം അയാൾ ഏതു മതത്തിൽ വിശ്വസിക്കുന്നു എന്നുള്ളതു് വലിയ കാര്യമല്ല.

രാഷ്ട്രീയതയും സർവരാഷ്ട്രീയതയും തമ്മിൽ ചില ഭിന്നതകളെല്ലാം അവശ്യം കൂടിയേ തീരു എന്നു സാധാരണ ഒരു മിഥ്യാബോധം ജനങ്ങളുടെയിടയിലുണ്ടു്. ശരിക്കു മനസ്സിലാക്കുകയാണെങ്കിൽ അതു് തെററാണെന്നു അറിയാറാകും. സ്വരാജ്യസ്നേഹമെന്നതു് സർവസൗഭ്രാത്രത്തിലേക്കുള്ള ഒരു ചുവടുമാത്രമാണ്. ദൈവം ലോകം മുഴുവനും എല്ലാമനുഷ്യർക്കും സ്നേഹിക്കുന്നതിനായികൊടുത്തു. "പക്ഷേ അദ്ദേഹം ഓരോരുത്തർക്കും ഒരു പ്രത്യേകഭാഗം മററുഭാഗങ്ങളെക്കാൾ പ്രിയതരമായിതീരണമെന്നു ആജ്ഞാപിച്ചു". എന്നാണു് റഡ്യാർഡ്കിപ്ലിംഗ് പറഞ്ഞിട്ടുള്ളതു്. എനിക്കൊ നിങ്ങൾക്കൊ നമ്മുടെ ജന്മദേശവും അവിടത്തെ കാഴ്ചകളും പ്രിയതരമായി എന്നുവരാം. പക്ഷെ ലോകത്തിൻെറ ഇതരഭാഗങ്ങളിൽ കാണുന്ന സുന്ദരവസ്തുക്കളെ കണ്ടാനന്ദിക്കരുതെന്നു അതുകൊണ്ടു് അർത്ഥമാകുന്നില്ല. ആഗ്രായിലെ ടാജ്മഹാളിനെപ്പററി ഞാൻ അഭിമാനം കൊള്ളുന്നു എങ്കിൽ ഏതൻസിലെ പാർതിനൺനെ ഞാൻ ഇഷ്ടപ്പെടുന്നു. എൻെറ നാട്ടിലെ ഹിമാലയത്തെക്കണ്ടു് ഞാൻ ആശ്ചര്യപ്പെട്ടുന്നുവെങ്കിൽ അമേരിക്കയിലെ റാക്കിപർവ്വതങ്ങളുടെ വിസ്തൃതിയും സൗന്ദര്യവും കണ്ടു് ആനന്ദിക്കരുതെന്നില്ല. എൻെറ നാട്ടിലെ സ്ത്രീകളുടെ സൗന്ദര്യത്തേയും മനോഹാരിതയേയും മതിക്കുന്നുഎങ്കിൽ ലോകത്തിൻെറ മററുഭാഗങ്ങളിൽ കാണുന്ന സൗന്ദര്യത്തേയും ബഹുമാനിക്കുവാൻ എനിക്കുകഴിയും.